പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്.

# ടാഗോർ



# വിഷയവിവരം


നമ്മുടെ അമ്മ—മഹാകവി ഉള്ളൂർ

ശാന്തിനികേതനം—
ശ്രീ. പി. ഭാസ്കരൻനായർ ബി. എ.

ആസ്ഥിക്കൂടം—
ശ്രീ. കൈനിക്കര കുമാരപിള്ള എം. എ., എൽ. റ്റി.

ടാഗോറിൻെറ നൃത്തനാടകങ്ങൾ—
ശ്രീ. കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ

മഹാരഥൻ—റിട്ടയേർഡ് പെൻഷനർ വി. എ. വക്കീ

അപേക്ഷ (കവിത)—ശ്രീ. ഗോപിനാഥ്, കാലടി

തൊഴുകൈ (കവിത)—
ശ്രീ. തൈക്കാട്ട് ചന്ദ്രശേഖരൻനായർ

ബാപ്പൂജിയുടെ പ്രാരബ്ധം (ചെറുകഥ)—
ശ്രീ. ജി. രാമനാഥയ്യർ ബി. എ., എൽ. റ്റി.

അജ്ഞാതൻ (കവിത)—
ശ്രീ. എൻ. ഗോപാലൻനായർ ബി. എ., ബി. എൽ.

മാനുഷീകരണം—
ശ്രീ. മള്ളൂർ ഗോവിന്ദപ്പിള്ള ബി. എ., ബി. എൽ.

ആ കണ്ണുനീർ—
ശ്രീ. സി. ഐ. രാമൻനായർ ബി. എ.

പതിവ്രത (ചെറുകഥ)—
ശ്രീ. തകഴി ശിവശങ്കരപ്പിള്ള

തത്തയും ചെമ്പോത്തും (കവിത)—
മഹാകവി പള്ളത്ത്

മനുഷ്യൻ എന്തിനുവേണ്ടി?—
ശ്രീ. പി. ദാമോദരൻപിള്ള ബി. എ.

യുദ്ധവും സാഹിത്യവും—
ശ്രീ. മുണ്ടനാട്ട് എം. എൻ. കൃഷ്ണപ്പണിക്കർ

നല്ലപിള്ള—
ശ്രീ. എൻ. കൃഷ്ണപിള്ള ബി. എ. ആണേഴ്സ്

ആശയത്തിൻെറ പ്രതിധ്വനി—
ശ്രീ. എം. പി. അപ്പൻ എം. എ., എൽ. റ്റി.

സനാതനൻ (കവിത)—
ശ്രീ. വെച്ചൂർ ശ്രീനിവാസ്.

ടാഗോറിൻെറ കത്തുകൾ—
ശ്രീ. പി. ശേഷാദ്രിഅയ്യർ ബി. എ., എം. എൽ


മുക്തകങ്ങൾ:—(ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണ്.)

---

## അറിയിപ്പ്.

പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങളും, നിരൂപണത്തിനുള്ള പുസ്തകങ്ങളും (പുസ്തകം രണ്ടു പ്രതിവീതം) എല്ലാ മാസവും 15-ാംനു-ക്കകം ആഫീസിൽ എത്തിയിരിക്കേണ്ടതാണ്. പ്രസിദ്ധീകരണയോഗ്യമല്ലാത്ത ലേഖനങ്ങൾ മടക്കി അയയ്ക്കുന്നതല്ല.

പത്രാധിപർ.

K. JACOB THOMAS VAYANASALA PUBLIC LIBRARY
Date...................
MANNARKKAD



# A. V. GEORGE & COMPANY LTD.

(Incorporated in Travancore 1937)

Telephone:
OFFICE 92.
MANAGING DIRECTOR'S RESIDENCE: 64.

**HEAD OFFICE:**
**KOTTAYAM,**
**Travancore.**

Telegrams:
"ANCHERIL" KOTTAYAM.

**Branches: BRITISH COCHIN & TRIVANDRUM.**

## *MANAGING AGENTS*

FOR

1. The Thamarapally Rubber Co., Ltd.
2. The Udayagiri Rubber Co., Ltd.
3. The Nenmeny Rubber & Produce Co., Ltd.
4. The Anandam Rubber Co., Ltd.
5. The Nilgiri Tea Estates Ltd.
6. The Kailas Rubber Co. Ltd.

## *CHIEF AGENTS:*

The New Guardian of India Life Assurance Co., Ltd.

## *SPECIAL AGENTS:*

The United India Life Assurance Co., Ltd.

## Government Approved Dealers in Rubber.

**OUR PURCHASE AND SALES DEPARTMENT UNDERTAKES THE PURCHASE OF RUBBER AT COMPETETIVE PRICES.**

**SELECTED BUD WOOD, CLONAL SEEDS, BUDDED STUMPS, AND PLANTS GROWN FROM HIGH YIELDING RUBBER SEEDS AVAILABLE FOR SALE.**

## *ENQUIRIES SOLICITED.*

# കാടസത്തുലേഹം

## മർമ്മപീഡ, ഒടിവു്, ചതവു്, അസ്ഥി
## കലം വളയുക, പൊട്ടുക

മുതലായവയെ മാററി ശരീരത്തിനു നവചൈതന്യവും ഉശിപ്പും
ഉണ്ടാക്കി ദേഹത്തിനു നല്ല ദൃഢതയും ഉറപ്പും അരോഗ
ദൃഢഗാത്രതയും നൽകി, ആയുർദ്ദൈർഘ്യത്തേയും
ഓജസ്സിനേയും വർദ്ധിപ്പിക്കുവാൻ

## ശ്രേഷ്ഠമായ ദിവ്യൌഷധം

വില റാത്തൽ ഒന്നുക്കു് രൂപാ 6.

ഇവിടെ ഏതു രോഗികളേയും പ്രതിഫലം കൂടാതെ പരിശോധിച്ചു് ചികിത്സ നിശ്ചയിക്കുന്നതു കൂടാതെ കൃത്യമായും ശ്രദ്ധയായും തയാറാക്കിയിട്ടുള്ള എല്ലാ ആയുർവേദ ഔഷധങ്ങളും മിതമായ വിലയ്ക്കു വില്ക്കുന്നതുമാണു്. അഗതികളായ രോഗികളെ ധർമ്മമായി ചികിത്സിക്കപ്പെടും.

കൂടുതൽ വിവരം അറിയണമെന്നുള്ളവർ രണ്ടണ സ്റ്റാമ്പുസഹിതം ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ ഉള്ള ക്യാററ്ലാഗിനു് ആവശ്യപ്പെടുക.

മാനേജിംഗ്പ്രൊപ്രൈററർ:—

എം. പി. കൃഷ്ണൻവൈദ്യൻ,

ശ്രീകൃഷ്ണവിലാസം ആയുർവേദഫാർമസി, കൊല്ലം.

ബ്രാഞ്ച്:—പുത്തൻചന്ത, തിരുവനന്തപുരം.

## മാന്നാററിൽ
## ആയുർവേദ ആശുപത്രി

യൂണിയൻക്ലബ്ബിന്റെ സമീപം, കോട്ടയം.

രക്ഷാധികാരി:-രാജശ്രീ A. V. ജോർജ്ജ് അവർകൾ

ചീഫ് വൈദ്യൻ & പ്രൊപ്രൈറ്റർ,
കെ. കെ. ശേഖരകണിയാർ (കാരാപ്പുഴ)

എല്ലാം ആയുർവേദ ഔഷധങ്ങളും ഇംഗ്ലീഷ് ചികിത്സാ മാതൃകയിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾ താമസിച്ചു ചികിത്സാ നടത്തത്തക്ക എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏക സ്ഥാപനം.

### സിഫിലിസ്

ലജ്ജകൊണ്ടു മടിച്ചിരിക്കരുത്. രോഗം വർദ്ധിക്കും.

എത്രയോ യുവതീയുവാക്കൾ സിഫിലിസിനു പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു. ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അശേഷം മലിനമായിത്തീരുന്നു. എന്നാൽ S. P. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരംസിഫിലിസ്സ് രോഗവും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യൌഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂപ. പാരമേപുരട്ടനതിനു 8 ണ

ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

വിശദവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.



## A. J. Rodriguez Bros.

**NEW KOLOMBO HOTEL,**
**QUILON, TRAVANCORE.**

## ന്യൂകൊളമ്പ ഹോട്ടൽ & ററീഷാപ്പ്.

ഇവിടെ ഏററവും രുചികരമായ ഓർഡിനറി & സ്പെഷ്യൽ ഊണ്, കാപ്പി, ചായ, ക്രീംഡ്രിംഗ്സ് ഇവകൾ എപ്പോഴും ലഭിക്കുന്നതാണ്.





## MILLION & CO.,

**ROLD GOLD JEWELLERS,**

KOTTAYAM: TRAVANCORE.

### തനി സ്വർണ്ണം പൊതിഞ്ഞ ആഭരണങ്ങൾ

വില കൂടുതലെങ്കിലും ഒന്നാന്തരം ആഭരണങ്ങൾ രേഖാമൂലമായ ഉത്തരവാദിത്വത്തിൽ കിട്ടുന്നതാണ്.

ക്യാററ്ലോഗിനു 4 ണ സ്റ്റാമ്പുസഹിതം അപേക്ഷിപ്പിൻ.

ഏജൻറന്മാരെ ആവശ്യമില്ല. ഏജൻസികൾ സ്വീകരിക്കുന്നില്ല. എല്ലാവിവരങ്ങളും കമ്പനിയിൽ നേരിട്ടെഴുതി അറിയുക.



## S. Sivaram Achary & Bros.,

Ready Made Jewellery, Gold & Silver Merchants,

**QUILON.**

# വൈക്കം ഓം ശിവാനന്ദസംഗീത നടനസമിതി



വൈക്കം എം. വി. മണി
അക്ബർ ശങ്കരപ്പിള്ള
കെ. കെ. അരൂർ
മുളകുകളം വി. രാഘവൻപിള്ള
കലാമണ്ഡലം എസ്സ്. പി. പിള്ള
അമ്പലപ്പുഴ കമലമ്മ
മുതലായ കേരളത്തിലെ സുപ്രശസ്ത
നടീനടന്മാരുൾക്കൊള്ളുന്ന ഒരു
മാതൃകാപരമായ
നടനസമിതി.



ഞങ്ങളുടെ **"പ്രതീക്ഷ"** കേരളക്കരയിലെ മിക്ക പട്ടണങ്ങളും ഗ്രാമങ്ങളും ഇതിനകം സന്ദർശിച്ചുകഴിഞ്ഞിരിക്കുന്നു. അടുത്ത വർഷത്തേയ്ക്കു നവീനവും ആദർശപരവുമായ കഥകൾ തയ്യാറായിവരുന്നു.



## സഞ്ജീവിനി ആയുർവേദ വൈദ്യശാല,

ചാല, തിരുവനന്തപുരം.

---

## പിത്തകുലാന്തകൻ

ശരീരത്തിൽ രക്തമില്ലാതെ വിളറി വീർത്തു ജീവിതംതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്ന ബഹുസഹസ്രം ആളുകൾ ഞങ്ങളുടെ ഈ സിദ്ധൗഷധത്താൽ

**രക്ഷനേടിയിരിക്കുന്നു.**

വർ ഔ. കുപ്പി ഫ-ക്ക് വില രൂപാ ർ.



## വിദ്യാധിരാജവടിക

(വിദ്യാധിരാജപരമഭട്ടാരക ശ്രീ ചട്ടമ്പിസ്വാമി തിരുവടികളുടെ ദിവ്യോപദേശമാകയാൽ ഇതിനു **വിദ്യാധിരാജവടിക** എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു.)

കുട്ടികളുടെ ഉദരരോഗങ്ങൾക്ക്, വിശേഷിച്ചു വിരകോപത്തിനു് ഇത്ര ഫലപ്രദമായ ഔഷധം അധികം കാണാറില്ല.

കുഞ്ഞുങ്ങൾക്കു പതിവായി കൊടുക്കാവുന്നതാകയാൽ ഇതു് ഓരോ ഗൃഹത്തിലും സൂക്ഷിച്ചുകൊള്ളുന്നതു നന്നായിരിക്കും. സേവാക്രമം ഔഷധത്തോടുകൂടിയുണ്ടായിരിക്കും.

30 ഗുളികയടങ്ങിയപാക്കററ് 1-നു് വില 8 ണ.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

മാനേജർ,
വാഗ്ഭടാശ്രമം ആയുർവേദഫാർമസി,
കൊല്ലം.

## The Travancore Forward Bank, Limited.

(Incorporated in Travancore 1929. Liability of Members limited)

### Head Office: KOTTAYAM.

*Branches* :-

| | | |
|---|---|---|
| Alleppey | Kothamangalam | Perumpavoor |
| Alwaye | Kottayam | Punalur |
| Chalai | Do. K. K. Road | Quilon |
| Coimbatore | Kozhencherry | Thiruvalla |
| Ernakulam | Mavelikara | Tiruppur |
| Kayamkulam | Nagercoil | Trivandrum. |

**ANNOUNCEMENT**

With effect from 1st March, 1944, interest rates on deposits are reduced as under:-

| | | | | |
|---|---|---|---|---|
| Fixed Deposits | 6 | months | $3\frac{1}{2}$ | per cent. |
| Do. | 12 | ,, | 4 | ,, |
| Do. | 24 | ,, | $4\frac{1}{2}$ | ,, |
| Current Accounts | | | 1 | ,, |
| Savings ,, | | | 3 | ,, |

Kottayam,
28th Feb '44.

**M. C. MATHEW,**
Managing Director.



### ശ്രീകൃഷ്ണവിലാസം ഔഷധശാല

കൊല്ലം ടൗൺ പോലീസ്സ്റ്റേഷന്റെ മുൻവശം.

വരുവിൻ! · സന്ദർശിപ്പിൻ!!

ഇവിടെ എല്ലാവിധ അങ്ങാടിമരുന്നുകളും, അഷ്ടവർഗ്ഗങ്ങൾ, കസ്തൂരി, കല്പൂരം, കുങ്കുമം, ഗോരോചന മുതലായ മേൽമരുന്നുകളും, എണ്ണവകകളും എപ്പോഴും മിതമായ വിലയ്ക്കു മൊത്തമായും ചില്ലറയായും വില്പനയ്ക്കു തയ്യാർ.

വൈദ്യന്മാർക്കും കച്ചവടക്കാർക്കും പ്രത്യേകസൗജന്യം

പ്രൊപ്രൈറ്റർ,
കെ. കൃഷ്ണപിള്ള,
മരുന്നുവ്യാപാരം, കൊല്ലം.



Telegram "RADHA" Telephone 95.

### S. കുമാരസ്വാമി റെഡ്ഡ്യാർ,

ജവുളിവ്യാപാരം,

"കൃഷ്ണാബിൽഡിംഗ്"
ആലപ്പുഴ.

ബ്രാഞ്ചുകൾ :—
ബോംബെ, കൊല്ലം, ആലപ്പുഴ.

നവീനരീതിയിലുള്ള എല്ലാത്തരം ജവുളികളും മിതമായ വിലയ്ക്കു കിട്ടുന്നതാണ്.

## വിജ്ഞാനപോഷിണി പ്രസ്സ്,

കൊല്ലം.

# V. P. Press,

**T. B. Junction, QUILON.**

പുതുതായി കൊല്ലം T. B. ജംഗ്ഷനിൽ മി. എ. തങ്ങൾകുഞ്ഞുമുസലിയാരുടെ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള വിജ്ഞാനപോഷിണിപ്രസ്സിൽ (വി. പി. പ്രസ്സ്) എല്ലാവിധ അച്ചടിവേലകളും മിതമായ നിരക്കിൽ പരിഷ്കൃതമായ രീതിയിൽ കൃത്യസമയത്തു ചെയ്തുകൊടുക്കുന്നതാണ്.

**V. P. PRESS** Situated near the T. B. Junction undertakes and promptly executes all kinds of printing works.

# അന്നപൂൎണ്ണാലയം

## റസ്റ്ററൻറ്

ടെലഫോൺ എക്സ്ചേഞ്ച് ആഫീസിനുസമീപം, കൊല്ലം.

എല്ലാ സുഖസൗകര്യാദികളോടും ഒന്നാംതരം താമസസൗകര്യങ്ങളോടും കൂടിയ ഈ റസ്റ്ററൻറ് സകല തരത്തിലുമുള്ള ഡിന്നർ പാർട്ടികൾക്ക് ആർഡറുകൾ ഏറെറടുക്കുന്നു. ശുദ്ധവും ശീഘ്രവുമായ പരിചരണം ഒരു വിശേഷതയാണ്. നിങ്ങളുടെ വിലയേറിയ പ്രോത്സാഹനം സമാൎജ്ജിക്കുന്നു

ഐസ്ക്രീം, ഫ്രൂട്ട്സാലഡ്, ഓറഞ്ച്ക്രഷ്, ലൈം ജ്യൂസ്, പൈൻആപ്പിൾക്രഷ്, ബിയർ എന്നിവ റെഫ്റിജറേറർ യന്ത്രത്തിൽ തയാറാക്കിയതു് എപ്പോഴും ലഭിക്കുന്നതാണ്.

പ്രൊപ്രൈററർ,
പി. കെ. ഗോപാലപിള്ള.

# THE QUILON AUTOMOBILES

AUTO DEALERS & ENGINEERS

## BEACH ROAD, QUILON.

| Spray Painting & Overhauling Undertaken. | Battery Repairing & Charging a Speciality. |
| --- | --- |

SECONDHAND CARS—BIG & SMALL—AVAILABLE AT MODERATE PRICES.

# നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു്.
ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!
മാസഫലമടങ്ങിയ ഒരു വർഷത്തെ
ഫലമെഴുതുന്നതിനു് രൂ. 3.
5 ചോദ്യങ്ങൾക്കു് 2 രൂ കൂടുതൽ ഓരോ
ചോദ്യത്തിനു് 8 ണ. വീതം.
സമ്പൂർണ്ണജാതകം 10 രൂ. സംക്ഷിപ്ത
ജാതകം 5 രൂ. തല്ക്കുറി 3 രൂ
ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ
അഥവാ കത്തെഴുതുന്ന സമയമോ
സൂക്ഷ്മമായി അറിയിക്കുക.
V. P. ചാൎജ്ജു് 4 ണ. പുറമേ.
ജാതകമെഴുതുന്നതിനു് ജനനസമയം
അറിയിക്കണം.

ജ്യോത്സ്യൻ,
ശാസ്ത്രി പി. എ. പരമേശ്വരൻപിള്ള,
ലക്ഷ്മിജ്യോതിഷാലയം,
ബോട്ടുജട്ടി, ആലപ്പുഴ.

---

വമ്പിച്ച ടീപാർട്ടികൾക്കുമാത്രം
ഞങ്ങളെ സമീപിക്കുക!

## കോമളവിലാസ്,

ബോട്ടുജെട്ടി,
ആലപ്പുഴ.

പാനീയങ്ങളെ അസാധാരണ രീതിയിൽ തണുപ്പിക്കുന്ന യന്ത്രം ഞങ്ങളുടെ ഒരു വൈശിഷ്ട്യമാണു്. ഐസ്, ഐസ്ക്രീം, ഫ്രൂട്ട്സലാഡ്, ഓറഞ്ചു് ക്രഷ്, ലെമൺക്രഷ്, ബദാംഗിർ മുതലായവ എപ്പോഴും ഏതളവിലും പുതുതായി തയ്യാർ ചെയ്യപ്പെടും.

---

## 'HOME, SWEET HOME'

is the magic song of
home-lovers.

**What makes the home Sweet ?**

Among the many factors that make your home sweet **'HIGH CLASS FURNITURE,'** play a most important part. Furniture of up to date designs, perfect finish and classical patterns will give your home a poetic atmosphere of peace and delight as well as an appearance of aristocratic nobility. Your furniture will certainly betray your tastes and mould your career by their subtle but perpetual influence.

**For THE VERY BEST IN FURNITURE, in all patterns and designs Consult**

## D'JONES & CO.,

**FURNITURE MART,**

## KOTTAYAM.

---

## വില്വൻചുമസുധ.

വില്വൻചുമയ്ക്കു്
ഏററവും പററിയ സിദ്ധൗഷധം

കെ. ജി. ഉമ്മൻ വൈദ്യൻ,
ഗവൎമ്മെൻറംഗീകൃത
മുനിസിപ്പൽ ഗ്രാൻറു വൈദ്യശാല,
കൊല്ലം.

N. B. ഇവിടെ ആയുർവേദവിധിപ്രകാരം സജ്ജമാക്കിയിട്ടുള്ള എല്ലാവിധ സിദ്ധൗഷധങ്ങളും എപ്പോഴും വില്പനയ്ക്കു തയ്യാർ.

# ശ്രീ വാഗ്ഭടാശ്രമം

## ആയുർവേദഫാർമസി, കൊല്ലം.

(ശ്രീമാൻ ടി കെ. നാരായണക്കുറുപ്പ് അവർകളുടെ
നിർദ്ദേശാനുസാരം നടത്തപ്പെടുന്നത്.)

**മംഗലഘൃതം.** ആസ്പത്രിയെ ശരണംപ്രാപിക്കാതെ സ്വന്തം ഭവനത്തിലെ ആതുരഗൃഹത്തിനുള്ളിൽതന്നെ പ്രസവിക്കണമെന്നാഗ്രഹിക്കുന്ന സ്ത്രീകൾക്കു മംഗലഘൃതം ഉപേക്ഷിക്കാവുന്നതല്ല. സുഖപ്രസവത്തിനും, ആരോഗ്യത്തിനും, ശിശുവിൻെറ ക്ഷേമത്തിനും ഉറപ്പുതരുന്ന ഈ ഔഷധം ഗർഭിണികൾക്കു് ഒരു മഹാനുഗ്രഹമത്രേ. ഗർഭം അലസുമെന്നുള്ള ശങ്ക ഒരിക്കലും വേണ്ട. തുടരെ ഗർഭം അലസിക്കൊണ്ടിരിക്കുന്നവർ ഈ ഘൃതം മാത്രം സേവിച്ചാൽ മതിയാകും. ഗർഭകാലം മുഴുവൻ ഓജസ്സും, ശക്തിയും നിലനിർത്തി പിൽക്കാലത്തെ ആരോഗ്യത്തെപ്പോലും രക്ഷിക്കുന്ന മംഗലഘൃതം ഏതൊരു കുടുംബത്തിനും ഒരു മംഗളം ചേർക്കുമെന്നു് ഒരിക്കൽ പരീക്ഷിച്ചാൽ ബോദ്ധ്യമാകുന്നതാണു്. ഗർഭത്തിലെ ശിശുവിൻെറ രക്തപുഷ്ടി, തേജസ്സു്, ശക്തി എന്നിവയെ മംഗലഘൃതംപോലെ മററൊന്നും പുലർത്തുകയില്ല.

10 ഔൺസിനു (ഒരുമാസത്തേക്കു്) വില രൂ. 8.

**നര** ഒരു രോഗലക്ഷണമാണു്; വിശേഷിച്ചു 30 വയസ്സിനുമുമ്പു തലമുടി കറുത്തിരുണ്ടു് തഴച്ചുവളരേണ്ട ആ യൗവ്വനപ്രായത്തിൽ നിങ്ങൾ എന്തിനു നരയ്ക്കണം? നരയ്ക്കാതിരിക്കാനും അകാലനരയെ മാററാനുമായി ഒരു പുതിയ ഔഷധം ഞങ്ങൾ തയാറാക്കിയിരിക്കുന്നു നരയ്ക്കുക, കൊഴിയുക, നിറംകെടുക തുടങ്ങിയ സകല ശിരോരോഗങ്ങളെയും അത്ഭുതകരമാംവണ്ണം സുഖപ്പെടുത്തി തലമുടിക്കു സ്നിഗ്ദ്ധതയും, നിബിഡതയും, വർണ്ണമനോഹരതയും തലയ്ക്കു കുളിർമയും മുഖത്തിനു പ്രസന്നതയും ഓജസ്സും നൽകുന്ന

### സുവേണിതൈലം

സ്ത്രീപുരുഷന്മാർക്കൊന്നുപോലെ യുവത്വം പ്രദാനംചെയ്യുന്നു. യൗവ്വനശ്രീ നിങ്ങളുടെ ശ്രദ്ധയെ ആശ്രയിച്ചിരിക്കുന്നു എന്നു തെളിയിക്കുന്ന ഈ ഔഷധത്തിനു്,

10 ഔൺസു കുപ്പി ഒന്നുക്കു വില രൂ. 5.



"നമിക്കുവിൻ കൈകൾകൂപ്പി വണങ്ങുവിൻ ഭക്തിപൂർവ്വം
നമുക്കു പാർക്കിൽ രണ്ടേ ദൈവതമുള്ളൂ;
ഒന്നു സാക്ഷാൽ ജഗദീശൻ രണ്ടാമത്തു ധർമ്മരാജ്യ-
പ്പൊന്നിൻചെങ്കോൽ വഹിക്കുന്ന ഹൈന്ദവപാദശാ."

എൻ. ഗോപാലപിള്ള, എം. ഏ.





"നമിഷരയിൽ കൈകൊള്ളപ്പ് [illegible]
നമ്മുടെ പാർട്ടികളിൽ [illegible]
[illegible]
[illegible]



"അവ്യയനാമീശന്റെയാരാമത്തിൽ നിന്നി-
ലവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന
ദിവ്യകോകിലമേ, നിൻ പൊൻകണ്ഠനാളംതൂകും
ഭവ്യകാകളീപരിപാടികൾ ജയിക്കുന്നു."

മഹാകവി കുമാരനാശാൻ.

# MESSAGES

## VISVA-BHARATI

Founder-President
**RABINDRANATH TAGORE**

President
**Abanindranath Tagore**
Ref. No. 44/2989.

**Santinikethan**
Bengal, India.
January 11, 1944.

T. K. Narayana Kurup, Esqr.,
'Tagore', Quilon.

Dear Sir,

The monthly journal in Malayalam which you have named after my father, has my best wishes for the success of its aims and objects. The enrichment of our cultural heritage is inextricably bound with the enrichment of our mother tongue. May your journal serve to bring about a renaissance of the Malayalam language and literature.

Yours sincerely,
(Sd.) *Rathindranath Tagore.*

## VISVA-BHARATI

PRATISTHATA-ACHARYA
RABINDRANATH-TAGORE
ACHARYA
ABANINDRANATH TAGORE

SANTINIKETAN,
BENGAL, INDIA.
January 11, 1944

Dear Sir,

Nothing could give me greater pleasure than your proposal of starting a monthly journal devoted to the cause of art and literature. If the country needs one thing more than any other it is the cult of Beauty in everyday life. Life in our country is a drab, dull, colourless existence. Gurudeva struggled all his life to bring us out of that rut. Wherever there is an attempt made in the same direction I shall be there with all my heart. I congratulate you most heartily on your great enterprise.

Yours Sincerely,
(Sd.) *Abanindranath Tagore.*

Sri. T. K. Narayana Kurup,
Editor, "Tagore",
Quilon, South India.

## സന്ദേശങ്ങൾ

(തൎജ്ജിമ)

ശാന്തിനികേതനം,
ബംഗാൾ, ഇൻഡ്യ,
1944 ജനുവരി 11.

അച്ഛന്റെ നാമധേയത്തിൽ നിങ്ങൾ സമാരംഭിക്കുന്ന മാസികയുടെ ഉദ്ദേശ്യങ്ങൾക്കും ലക്ഷ്യങ്ങൾക്കും ഞാൻ സാഫല്യം നേൎന്നുകൊള്ളുന്നു. സാംസ്കാരികമായ നമ്മുടെ പാരമ്പര്യത്തിന്റെ പരിപുഷ്ടിക്കു നമ്മുടെ മാതൃഭാഷയുടെ പരിപുഷ്ടിയുമായി അഭേദ്യബന്ധമാണുള്ളതു്. നിങ്ങളുടെ മാസിക, മലയാളഭാഷയുടേയും സാഹിത്യത്തിന്റേയും നവാഭ്യുത്ഥാനം കൈവരുത്തുവാൻ പ്രയോജകീഭവിക്കുമാറാകട്ടെ!

രതീന്ദ്രനാഥടാഗോർ.

ശാന്തിനികേതനം,
ബംഗാൾ, ഇൻഡ്യ,
1944 ജനുവരി 11.

കലാസാഹിത്യങ്ങളുടെ സേവനത്തിനായി സ്വയം സമർപ്പിച്ചുകൊണ്ടുള്ള ഒരു മാസിക സമാരംഭിക്കുകയെന്ന നിങ്ങളുടെ നിശ്ചയത്തിൽകവിഞ്ഞു് ആനന്ദം നൽകുന്നതായി മറ്റൊന്നുമില്ല. ഇന്നു് മറ്റെല്ലാററിനേക്കാളും കൂടുതലായി നമ്മുടെ രാജ്യത്തിനാവശ്യമുള്ളതു് അനുദിനജീവിതത്തിൽ ''സൗന്ദര്യവേദ' ത്തിന്റെ പ്രതിഷ്ഠാപനമാണു്. നമ്മുടെ നാട്ടിൽ ജീവിതം വിരസവും വൎണ്ണശൂന്യവും നിരുത്സാഹവുമായ വെറും ജീവസന്ധാരണംമാത്രം. ആ പോക്കിൽ നിന്നു് നമ്മെ ഉൽഗമിപ്പിക്കുവാൻ ഗുരുദേവൻ അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവൻ യത്നിച്ചു. ആ മാർഗ്ഗത്തിൽ ഒരു യത്നം എവിടെ കാണാകുന്നുവോ അവിടെ പൂൎണ്ണമനസ്സാ ഞാൻ ഉണ്ടായിരിക്കുന്നതാണു്. നിങ്ങളുടെ മഹനീയസമുദ്യമത്തിൽ നിങ്ങളെ ഞാൻ ഹൃദയംഗമമായി അനുമോദിക്കുന്നു.

ആചാര്യ, അബനീന്ദ്രനാഥടാഗോർ.

# തൃച്ചേവടികളിൽ!

ആർഷസംസ്കാരസമ്പന്നമായ കൈലാസശൈലം, ആരുടെ സാഭിമാനമുയർത്തിപ്പിടിച്ച ശിരസ്സായിപ്പരിലസിക്കുന്നുവോ, ആ പ്രാതഃസ്മരണീയയായ ഭാരതഭൂമി വിശ്വോത്തരതേജസ്വിനിയായി വിരാജിക്കുന്നു. പ്രാചീനകാലത്തിന്റെ കിഴക്കേച്ചക്രവാളത്തിനുമപ്പുറം നമ്മുടെ അന്വേഷണബുദ്ധിയുടെ അതിസൂക്ഷ്മദൃഷ്ടികളെപ്പായിക്കുവാൻ കഴിയുമെങ്കിൽ, ആ അതിവിദൂരതയുടെ നിതാന്തസുന്ദരമായ പച്ചപ്പുൽപ്പടർപ്പിലും അവൾ ഇന്നത്തേപ്പോലെ നിന്നിരുന്നു എന്നു കാണാൻ കഴിയും. ചുറ്റിലുമന്നന്നുയർന്ന രാഷ്ട്രങ്ങൾ പരിഷ്കാരത്തിന്റെ അമിട്ടുപൊട്ടിയ വെളിച്ചത്തെ ശാശ്വതപ്രകാശമെന്നു തമ്പേറടിച്ചു വിശ്വത്തെ വിമോഹിപ്പിച്ചപ്പോഴും, കയ്യിലെ വിളക്കുതിക്കെടുത്താതെ അർത്ഥഗർഭമായ പുഞ്ചിരിപൊഴിച്ചതവൾമാത്രമാണ്! അതിനാൽ, ഇടയ്ക്കിടയ്ക്കിരുൾച്ചേറിൽ പൂഴ്ന്നുപോകാതെ വെളിച്ചത്തിന്റെ നന്ദനോദ്യാനത്തിലെപ്പാവനപരിമളമാസ്വദിച്ചാസ്വദിച്ച്, സദാ സുസ്മേരവദനയായി നിലകൊള്ളുവാനുള്ള ഭാഗ്യം അവളുടേതാണ്. അതതുകാലങ്ങളിൽ അവളുടെ മഹത്വത്തിന്റെ നൂലിട്ടാലെത്താത്ത അഗാധതയിൽനിന്നങ്ങിങ്ങു പൊടിച്ചുപൊന്തിയ നീർപ്പോളകളാണ് ആ മഹത്വത്തിന്റെ സർവ്വതോമുഖമായ വിശാലതയുടെ അനന്തഭാവത്തെത്തെളിയിക്കുന്ന തേജോഗോളങ്ങളായി ഉയർന്ന് മനുഷ്യലോകത്തിന്റെ ആശയാന്തരിക്ഷത്തിൽ ഇന്നും പ്രോജ്ജ്വലിക്കുന്നതു്! അവളുടെ കർമ്മനൈപുണിയെ ഗോപാലകൃഷ്ണനും, ത്യാഗസന്നദ്ധതയെ ശ്രീരാമചന്ദ്രനും, ഹൃദയവിശാലതയെ തഥാഗതനും, ബുദ്ധിപ്രഭാവത്തെ ആചാര്യശങ്കരനും ആവുംമട്ട് ലോകത്തിനു് കാട്ടിക്കൊടുത്തിട്ടുണ്ട്. അവർ സ്മരണയുടെ ഉത്തുംഗസൗധത്തെ അലങ്കരിക്കുന്നുമുണ്ട്.

എന്നാൽ, അവളുടെ കലാസുന്ദരമായ പേലവഹൃദയത്തിൽനിന്നനുനിമിഷമുതിർന്നുകൊണ്ടിരിക്കുന്ന ലോലമോഹനമായ ദിവ്യസംഗീതത്തിന്റെ ശബളോജ്ജ്വലമായ വിജയവൈജയന്തിയെ താരാപഥത്തോളമുയർത്തിനാട്ടിയതേതൊരു മഹാത്മാവാണോ, ആ ലോകോത്തരകവീന്ദ്രനായ രവീന്ദ്രനാഥടാഗോറിന്റെ മധുരമനോജ്ഞമായ നാമധേയത്തെപ്പോലെ, മനം കുളുർപ്പിക്കുന്നതായി മറ്റെന്താണുള്ളതു്? ആ മഹനീയനാമം; പരമ്പരീണമായ സംസ്കാരസമ്പത്തിന്റെ ജന്മാവകാശിയെന്നഭിമാനിക്കുന്ന ഏതൊരു ഭാരതീയനെയാണ്, പുളകംകൊള്ളിക്കാത്തതു്? ആ മഹാപുരുഷന്റെ പാവനസ്മരണയുടെ ചേവടികളിൽ സദാ പുഷ്പാഞ്ജലിചെയ്തു ജന്മസാഫല്യം നേടുകയാണ്, ഈ പ്രസിദ്ധീകരണത്തിന്റെ ജീവിതാഭിലാഷം!

മഹാകവിയുടെ ജന്മദിനം; ആ പുണ്യദിനം ഇന്നാണ്. ആദ്യമായി അതുദയം ചെയ്തതു്, കല്ക്കത്തയിലെ ഒരു പ്രഭുകുടുംബത്തെ അല്പമൊന്നു സന്തോഷിപ്പിക്കുവാൻ മാത്രം! പിന്നെപ്പിന്നെ, ബങ്കാളത്തേയും, ഭാരതത്തേയും, അഖിലലോകത്തെത്തന്നെയും ആഹ്ലാദത്തിന്റെ അന്തരീക്ഷത്തിലുയർത്തിപ്പറക്കാതെ അതു തിരിച്ചുപോകാറില്ല! ഇന്നാകട്ടെ, പൊന്നുഷപ്പുഞ്ചിരി തൂകിത്തൂകി മെല്ലെമെല്ലെ വന്നണയുന്ന ഈ സ്വർഗ്ഗീയദിനത്തിനു സ്വാഗതമരുളുവാനാദരവോടെ കാത്തുനില്ക്കുന്നതു്, ലക്ഷോപലക്ഷം സഹൃദയഹൃദയങ്ങളുടെ അകമ്പടിയോടുകൂടിയ കലാദേവതയത്രേ! ഇരുളാകുന്ന മൂടുപടം നീക്കി ലജ്ജാധിക്യത്താൽ മെയ്‌വിറച്ചുകൊണ്ടു രാത്രിയുടെ സംഗീതത്തിൽ കഴുകിയെടുത്ത പൂക്കളുമായി നില്ക്കുന്ന ചെടികളെ ഒന്നു നോക്കുകപോലുംചെയ്യാതെ, കലാദേവത, വാനിലെപ്പൂക്കൾമാത്രം ഇറുത്തെടുത്തു്, അതാ, തൃപ്തിവരാതവണ്ണം തൃച്ചേവടികളിലർച്ചിക്കുന്നു!

ഞങ്ങളുടെ കലാഭിരുചിയുടെ ജീവനായ ഈ പ്രസിദ്ധീകരണവും അതുതന്നെ ചെയ്യട്ടെ!!

ॐ

# ടാഗോർ

പുസ്തകം ൧. | 1944 മെയ് മാസം 6-ാംനു-യ്ക്കു ൧൧൧൯ മേടം ൨൪-ാംനു- ശനിയാഴ്ച. | ലക്കം ൧.

## നമ്മുടെ അമ്മ

(ഉള്ളൂർ)

ഭാരതഭൂമി! നാല്പതുകോടി ജനങ്ങളുടെ ജനയിത്രി! സന്താനസമ്പത്തിനെ ആസ്പദമാക്കിയുള്ള ഗണനയിൽ, മധ്യമലോകത്തിലെ ദ്വിതീയ സാമ്രാജ്യപീഠത്തെ അലങ്കരിക്കുന്ന മഹാഭാഗ! അതേ, നമ്മുടെ ഭാരതഭൂമിതന്നെ. ആ മനോഹരമായ നാമധേയം അമ്മയ്ക്കു് എങ്ങനെ സിദ്ധിച്ചു? ശൈശവത്തിൽതന്നെ താൻ പ്രദൾശിപ്പിച്ച അന്യാദൃശമായ പരാക്രമം നിമിത്തം സവ്വദമനൻ എന്ന ബിരുദം സമാജ്ജിച്ച ഭരതചക്രവത്തിയുടെ മാതാവായതുകൊണ്ടു്. ശൌയ്യോൽബോധകമാണു് ആ സംജ്ഞ; അനുസന്ധാനരമണീയമാണു് ആ പുരാവൃത്തം! ആദിമകാലംമുതൽ നമ്മുടെ പൂവപുരുഷന്മാർ ആരിൽനിന്നു് അവതരിച്ചു്, ആരുട്ടിയ സ്തന്യപീയൂഷം ആസ്വദിച്ചു്, അരോഗദൃഢഗാത്രന്മാരായി പുലന്നു്, ആശ്ചയ്യകരങ്ങളായ അപദാനരത്നങ്ങളെക്കൊണ്ടു് അനശ്വരമായ യശഃസ്തംഭം സ്ഥാപിച്ചു്, ആരുടെ ദിവ്യോദരത്തിൽ ആയുരന്തത്തിൽ വിശ്രാന്തി നേടിയോ, ആ പ്രാതഃസ്മരണീയ! രാമചന്ദ്രനേയും, ശ്രീകൃഷ്ണനേയും, ബുദ്ധനേയും, വാല്മീകിയേയും, വ്യാസനേയും, കാളിദാസനേയും, ശങ്കരനേയും, നാണകനേയും, കഠീരനേയും, അശോകനേയും, വിക്രമാദിത്യനേയും, അക്ബരേയും, രവീന്ദ്രനാഥനേയും, മുഹമ്മദ് ഇക്ബാലിനേയും, രാമകൃഷ്ണപരമഹംസനേയും, മഹാത്മാഗാന്ധിയേയും, കാലാനുകൂലമായി ധമ്മസംസ്ഥാപനാർത്ഥം പ്രസവിച്ച ആ ദേവതാത്മിക! നമ്മിൽ ആക്കാണു് ഭാരതാംബയെന്ന ചതുരക്ഷരി കേട്ടാൽ ശരീരം കോൾമയിർക്കൊള്ളാത്തതു്! കണ്ണുകൾ നിറയാത്തതു്! ഹൃദയം വിരിയാത്തതു്! ശിരസ്സുയരാത്തതു്! തത്രഭവതിയുടെ സന്താനങ്ങളായ നമുക്കു് എന്താണു് കുലീനതയ്ക്കൊരു കുറവു്? പാരമ്പയ്യത്തിനു് ഒരു പാരതിത്ര്യം? ആത്മാവസാദത്തിനു് ഒരവകാശം? പശ്ചാത്താപത്തിനു് ഒരു പ്രവേശദ്വാരം? ഒന്നു നോക്കിയാൽ യാതൊന്നുമില്ല; മറ്റൊന്നു നോക്കിയാൽ അതല്ലാതെയും യാതൊന്നുമില്ല!

ഒരു ദേശത്തോടു് — അലങ്കാരഭാഷയിൽ പറയുകയാണെങ്കിൽ തദഭിമാനിനിയായ ദേവതയുടെനേക്കു് — അതിൽ നിവസിക്കുന്ന സകല ജനങ്ങളുടേയും തദേകതാനമായി വിജൃംഭിക്കുന്ന അത്യുൽകടമായ ഹൃദയാനുരാഗത്തെയാണു് സ്വദേശാഭിമാനമെന്നു പറയുന്നതു്. നിമ്മലവും നിസ്സ്വാത്ഥവുമായ

ഒരു വികാരമാണു് അതു്. ജാതി, മതം, വർണ്ണം, വംശം, ആചാരം, അനുഷ്ഠാനം, ഭാഷ, വേഷം, ഭൂഷ തുടങ്ങിയ ക്ഷുദ്രോപാധികൾക്കു അതിനെ തങ്ങളുടെ കൈപ്പിടിയിൽ ഒതുക്കി നിറുത്തുവാൻസാധിക്കുന്നതല്ല. ആപത്താകുന്ന കൊടുങ്കാററിൽ ആ ദീപം അത്യധികമായി പ്രകാശിക്കുന്നു; അപജയംകൊണ്ടുണ്ടാകുന്ന അധഃപതനത്തിൽ ആ കന്ദുകം ആകാശാഭിമുഖമായി ഉന്നമിക്കുന്നു. ദേശഭക്തന്മാരായ ജനങ്ങൾ മാതൃഭൂമിക്കുവേണ്ടി ഏതുത്യാഗവുംഅനുഷ്ഠിക്കുവാൻ എപ്പോഴും സന്നദ്ധരായിരിക്കും; ആ ഇഷ്ടദേവതയുടെ പരിചരണത്തിൽ ഏതു മിഥോമാത്സര്യവും മറക്കുവാൻ അഹമഹമികയാ ഔൽസുക്യം പ്രദർശിപ്പിക്കും. തങ്ങൾക്കു ഒരു കുടുംബം, ഒരു തറവാട്ടമ്മ, തങ്ങൾ ആ കുടുംബത്തിലെ അംഗങ്ങൾ, ആ അമ്മയുടെ അരുമക്കിടാങ്ങൾ, ഏകോദരസഹോദരന്മാർ, സംഭൂയസമുത്ഥാനംകൊണ്ടു സകല പുരുഷാർത്ഥങ്ങളും സാധിക്കേണ്ടവർ, ഇത്തരത്തിലുള്ള ഒരുവിചാരമല്ലാതെ മററു യാതൊന്നും അവരുടെ മനസ്സിൽ അങ്കുരിക്കുകയില്ല. ആ വിചാരമാണു് അവരുടെ കല്പവൃക്ഷം; അതിന്റെ സ്നിഗ്ദ്ധച്ഛായയിലാണു് അവർ അകുതോഭയന്മാരായി തങ്ങളുടെ ദൈനന്ദിനവ്യാപാരങ്ങളിൽ ഏർപ്പെട്ടു് ഉത്തരോത്തരം ഉൽകർഷത്തെ പ്രാപിക്കുന്നതു്.

ഒരുദേശത്തിന്റെ പ്രകൃതിലബ്ധങ്ങളായ സിദ്ധിവിശേഷങ്ങൾ, പൌരാണികങ്ങളായ സ്ഥലമാഹാത്മ്യങ്ങൾ, ചരിത്രപ്രസിദ്ധങ്ങളായ വീരപ്രഭാവങ്ങൾ, വർത്തമാനകാലത്തിലെ ശത്രുഭീതി, ഭാവികാലത്തിലെ പ്രത്യാശ ഇങ്ങനെയുള്ള പല ഘടകങ്ങൾ ആ ദേശത്തിലെ ജനങ്ങളുടെ സമവായബോധത്തിനു സാധകങ്ങളാകുന്നു. മതത്തെ ആ കൂട്ടത്തിൽ ഒരു ഘടകമായി പരിഗണിക്കുന്നതു യുക്തിസഹമല്ല. പരിഷ്കൃതരാജ്യങ്ങളിൽ അതിനു വ്യക്തിനിഷ്ഠമായ ഒരുഭാവമെന്നുള്ള നിലയിൽ കവിഞ്ഞു യാതൊരു സ്ഥാനവുമില്ല. ഏഷ്യയിൽതന്നെ ചൈനാ, തുർക്കി, ജപ്പാൻ എന്നീ രാജ്യങ്ങളിൽ ഭിന്നമതങ്ങൾ പ്രചരിക്കുന്നുണ്ടെങ്കിലും അവയെല്ലാന്നും അവിടങ്ങളിലെ ജാനപദികമായ ഐകമത്യബോധത്തെ ഭഞ്ജിക്കുവാൻ ശക്തി കാണുന്നില്ല. യൂറോപ്പിൽത്തന്നെ ഇന്നത്തെ പ്രഥമഗണനീയങ്ങളായ രാജ്യങ്ങൾ പുരോഗമിക്കുവാൻ ആരംഭിച്ചതു് അവയെ അധിവസിക്കുന്ന ജനങ്ങൾക്കു് മതപീഠമല്ല, ഭരണകൂടമാണു്, സർവോപരി സ്വപ്ന്യാസസ്ഥാനം എന്ന മൌലികതത്വം മനസ്സിലായതിനുമേൽമാത്രമാണു്. ഒരു ദേശത്തിനു് സാർവജനീനമായ ഒരു ഭാഷ അഭിലഷണീയമാണെന്നിരുന്നാലും, അതും അപരിഹരണീയമാണെന്നു സമർത്ഥിക്കുവാൻ നിർവാഹമില്ല. കാനഡാ, സ്വിററ്സർലാൻറു്, ദക്ഷിണാഫ്റിക്കാ മുതലായ ദേശങ്ങളിൽ ഒന്നിലധികം ഭാഷകൾക്കു പ്രചാരമുണ്ടെങ്കിലും അതുനിമിത്തം തദ്ദേശവാസികളുടെ സംഘടിതശക്തിക്കു യാതൊരു ശൈഥില്യവും സംഭവിച്ചുകാണുന്നില്ല. ചുരുക്കിപ്പറഞ്ഞാൽ, അത്തരത്തിലുള്ള ഭേദകല്പനകളെല്ലാം അർത്ഥശൂന്യങ്ങളും അന്തസ്സാരവിഹീനങ്ങളുമാണു്. അവയെ വച്ചുപുലർത്തി, അത്യന്തം സംകുചിതമായ മനഃസ്ഥിതിയോടുകൂടി ജീവിക്കുന്ന ഒരു ജനതയെ ഐക്യബുദ്ധി ഒരിക്കലും അനുഗ്രഹിക്കുകയില്ല; ഐശ്വര്യലക്ഷ്മി ഒരിക്കലും കടാക്ഷിക്കുകയില്ല. അവരുടെ ഭൂമിയിൽ ആഭ്യന്തരകലഹത്തിനുള്ള ബീജങ്ങൾ അടിഞ്ഞുകിടക്കുന്നു; അനുകൂലമായ അവസരത്തിൽ അവ പൊട്ടിമുളച്ചു വളർന്നു വാച്ചുതഴച്ചു് അവരെ നാമാവശേഷരാക്കും. സംഹതിബോധമില്ലാത്ത ഒരുസംഘം അതിലെ ഏതുവ്യക്തിയേയുംകാൾ ബലഹീനമാകുന്നു; എന്തെന്നാൽ ഒരു വ്യക്തിയുടെ ശരീരത്തിലെ അവയവങ്ങൾക്കുതമ്മിൽ സംഘർഷമില്ല; പ്രത്യുത അത്തരത്തിലുള്ള ഒരു സംഘത്തിനു് അതിലെ വ്യക്തികൾതമ്മിലുള്ള സംഘർഷമല്ലാതെ മറെറാന്നും അനുഭൂതമാകുന്നുമില്ല. ഏകീഭവിച്ചുള്ള മനോഭാവത്തിലും സേവനസക്തിയിലുമാണു് ദേശാഭിമാനം അധിഷ്ഠിതമായിരിക്കുന്നതു്; ഏകസ്ഥാനത്തിലുള്ള സമാവേശംകൊണ്ടുമാത്രം യാതൊന്നും സാധിക്കുവാനില്ല; അല്ലെങ്കിൽ സമരാങ്കണവും സൗഹാർദ്ദക്ഷേത്രമാകേണ്ടതല്ലേ?

ദേശഭക്തി എന്നതു് പാശ്ചാത്യന്മാർ സമീപകാലത്തിൽ ഇവിടെ ഇറക്കുമതിചെയ്ത

ഏതോ ഒരു പുതിയ സംസ്കൃതസാധനമാണെന്നു പലർക്കും തെററിദ്ധാരണയുണ്ടു്. വാസ്തവത്തിൽ അവർ മൃഗീയത്വത്തിൽനിന്നു് മാനുഷികത്വത്തിന്റെ പ്രഥമസോപാനത്തിൽ പ്രവേശിക്കുന്നതിനു വളരെമുൻപുതന്നെ നമ്മുടെ പൂർവ്വന്മാരുടെ ഹൃദയത്തിൽ അതു നിറഞ്ഞിരുന്നു. അവരുടെ ശ്വാസോച്ഛ്വാസത്തിൽ അതു വികസിച്ചിരുന്നു; സിരകളിൽ പ്രവഹിച്ചിരുന്നു; നഖശിഖാന്തം ശരീരത്തിൽ അനുസ്യൂതമായി വ്യാപിച്ചിരുന്നു; "ജനനീജന്മഭൂമിശ്ച സ്വർഗ്ഗാദപിഗരീയസീ" "സോപദ്രവാപിസുഖദൈവഹിജന്മഭൂമിഃ" എന്നും മററും ഉൽഘോഷിച്ചതു് അവരാണു്. മഹാഭാരതത്തിൽ സഞ്ജയൻ ധൃതരാഷ്ട്രരോടു ഭാരതഭൂമി ദേവേന്ദ്രനും വൈവസ്വതമനുവിനും പ്രിയമാണെന്നും പുരാതനകാലങ്ങളിൽ പൃഥു, ഇക്ഷ്വാകു, യയാതി, അംബരീഷൻ, മാന്ധാതാവു്, നഹുഷൻ, മുചുകുന്ദൻ, ശിബി, ഋഷഭൻ, പുരൂരവസ്സ്, നൃഗൻ മുതലായ സാർവ്വഭൌമന്മാരുടെ ഭരണത്തിൽ സുഖിച്ചിരുന്നു എന്നും ഉൽബോധിപ്പിക്കുന്നു. ബൃഹന്നാരദീയപുരാണത്തിൽ,

"ഭാരതേ തു കൃതാ കർമ്മ ശുഭം ചാശുഭമേവ വാ
അഫലക്ഷയണം കർമ്മ ഭുജ്യതേ‍ഽന്യത്ര ജന്തുഭിഃ
അദ്യാപി ദേവാ ഇച്ഛന്തി ജന്മഭാരതഭൂതലേ
സഞ്ചിതം സുമഹൽപുണ്യമക്ഷയ്യമമലം ശുഭം.
കദാ വയം ഹി ലപ്സ്യാമോ ജന്മഭാരതഭൂതലേ?
കദാ പുണ്യേന മഹതാ പ്രാപ്സ്യാമഃ പരമം പദം?
സമ്പ്രാപ്യ ഭാരതേ ജന്മ സുകർമ്മ സുപരാങ്മുഖഃ
പീയൂഷകലശം ത്യക്ത്വാ വിഷഭാണ്ഡം സമാശ്രിതഃ
തസ്മാൽ പുണ്യതമോജ്ഞേയഃ സർവ്വകർമ്മഫലപ്രദഃ
ഭാരതാഖ്യോ മഹാഭാഗ! ദേവാനാമപി ദുർല്ലഭഃ"

എന്നും മററുമുള്ള വചനങ്ങൾ കാണ്മാനുണ്ടു്. ദേവന്മാർപോലും ഭാരതത്തിൽ ജന്മം ലഭിക്കുവാൻ പ്രാർത്ഥിക്കുന്നുവത്രേ! വിഷ്ണുപുരാണത്തിലും ഇതേ ആശയംതന്നെ.

"അപിമാനുഷ്യമാപ്സ്യാമോ ദേവത്വാൽപ്രച്യുതാഃ ക്ഷിതൌ.
മനുഷ്യാഃ കുരുതേ തത്തു യന്നശക്യം സുരാസുരൈഃ
അത്ര ജന്മസഹസ്രാണാം സഹസ്രൈരപി ഭാരതേ
കദാചില്ലഭതേ ജന്തുർമ്മാനുഷ്യം പുണ്യസഞ്ചയാൽ"

എന്നു പ്രസ്താവിച്ചിരിക്കുന്നു മാർക്കണ്ഡേയപുരാണത്തിൽ ഭാരതത്തിലെ പർവ്വതങ്ങളെ "വിസ്താരോച്ഛ്രായിണോ രമ്യാ വിപുലാശ്ചിത്രസാനവഃ" എന്നും, നദികളെ "വിശ്വസ്യ മാതരസ്സർവ്വാഃ സർവ്വാഃ പാപഹരാഃ സ്മൃതാഃ" എന്നുമാണു് പ്രശംസിച്ചിട്ടുള്ളതു്. നളചമ്പുവിൽ ത്രിവിക്രമഭട്ടൻ "സാരസ്സകല സംസാരചക്രസ്യ, ശരണ്യഃ പുണ്യകാരിണാം, ആരാമോരാമണീയകകദളീവനസ്യ, ധാമധർമ്മസ്യ, ആസ്പദം സർവ്വസമ്പദാം, ആശ്രയം ശ്രേയസാം, ആകരസ്സാധു വ്യവഹാരാണാം, ആചാര്യ്യഭവനമാര്യ്യമര്യ്യാദോപദേശാനാം, ആര്യ്യാവർത്തോനാമദേശഃ" എന്നു നമ്മുടെ മാതൃഭൂമിയുടെ മഹിമാതിശയത്തെ ഉപശ്ലോകനം ചെയ്യുന്നു. "ദേശഃ പുണ്യതമോദ്ദേശഃ കസ്യാസൌ ന പ്രിയോ ഭവേൽ" എന്നു് സകലശങ്കകളെയും പരിഹരിക്കുന്നതിനു സന്നദ്ധനായി അദ്ദേഹം അനുവാചകന്മാരോടു ചോദിക്കുന്നു. എല്ലാ രാജ്യങ്ങളിലും അവയിലെ കവികളും തത്വചിന്തകന്മാരുമാണു് ജനങ്ങളുടെ സംഘടനയ്ക്കു് പര്യാപ്തമായ പ്രേരകശക്തി നൽകിട്ടുള്ളതു്. "ഹിമാലയാദാസമുദ്രം പുണ്യക്ഷേത്രഞ്ച ഭാരതം" എന്നു ബ്രഹ്മവൈവർത്തപുരാണത്തിൽ ഉൽഘുഷ്ടമായ ഈ രാജ്യത്തിൽ അവർ തങ്ങളുടെ കർത്തവ്യം വേണ്ടവിധത്തിൽ അനുഷ്ഠിച്ചിട്ടുണ്ടെന്നു്, മേലുദ്ധരിച്ച പദ്യഗദ്യങ്ങളിൽനിന്നു പ്രത്യക്ഷപ്പെടുന്നുണ്ടല്ലോ. ഭാരതത്തിലെ—എന്നുവേണ്ട ലോകത്തിലെ--തത്വചിന്തകന്മാരിൽ അഗ്രേസരനായ ശങ്കരഭഗവൽപാദർ ബദരിനാഥത്തിലും ജഗന്നാഥത്തിലും ശൃംഗേരിയിലും ദ്വാരകയിലും സന്ന്യാസിമഠങ്ങൾ സ്ഥാപിച്ചതിന്റെ പ്രഥമോദ്ദേശം ഭാരതം ഏകവും, അഖണ്ഡവും, അവിഭാജ്യവുമാണെന്നു കാണിക്കുന്നതിനാണെന്നു് ഞാൻ ഉദ്ദേശിക്കുന്നു. മതം കൊണ്ടുള്ള കലഹം ഇൻഡ്യയിൽ ഒരിക്കലും ഉണ്ടായിട്ടില്ല; എന്തുകൊണ്ടെന്നാൽ എല്ലാ മതങ്ങളും ഒന്നാണെന്നു് ഹിന്ദുക്കൾ ദൃഢമായി വിശ്വസിച്ചിരുന്നു. "യേ യഥാ മാം പ്രപദ്യന്തേ താം സ്തഥൈവ ഭജാമ്യഹം- മമ വർത്മാനുവർത്തന്തേ മനുഷ്യാഃ പാർത്ഥ! സർവ്വശഃ" എന്ന ഗീതാവാക്യമാണു് അവർക്കു് ആ വിഷയത്തിൽ പ്രമാണം. അവരുടെ രാഷ്ട്രഭാഷ വളരെക്കാലത്തേക്കു് സം

സ്സുതമായിരുന്നു; ഇന്നും പണ്ഡിതഗോഷ്ഠികളിലെ വ്യവഹാരഭാഷയായി അതു നിലനിന്നുപോരുന്നുണ്ടല്ലോ. നൈഷധീയചരിതത്തിൽ ശ്രീഹർഷമഹാകവി ദമയന്തീസ്വയംവരഘട്ടത്തിൽ,

> "അന്യോന്യഭാഷാനവബോധഭീതേ-
> സ്സംസ്കൃത്രിമാഭിർവ്യവഹാരവത്സു,
> ദിഗ്ഭ്യസ്സമേതേഷു നൃപേഷു തേഷു
> സൌവർഗ്ഗവർഗ്ഗോ ന ജനൈരചിഹ്നി"

എന്നു് അവിടത്തെ രാജസദസ്സിലെ സംവ്യവഹാരത്തെ വർണ്ണിക്കുന്നുണ്ടു്. അൻപത്താറു ദേശങ്ങളിലേയും രാജാക്കന്മാർ ആ ശുഭമുഹൂർത്തത്തിൽ കുണ്ഡിനപുരത്തിൽ സമാഗതരായിരുന്ന അവർ ഏതു ഭാഷയിലാണു് സംസാരിക്കുന്നതെന്നും തങ്ങൾക്കു് അതു മനസ്സിലാക്കുവാൻ സാധിക്കുമോ എന്നും ശങ്കിച്ചിരുന്ന ഇന്ദ്രനും അഗ്നിക്കും യമനും വരുണനും ആ രാജാക്കന്മാർക്കെല്ലാം സാമാന്യഭാഷയായി സംസ്കൃതം ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളു എന്നും ആ ഭാഷയിലാണു് അവർ സംഭാഷണത്തിൽ ഏർപ്പെട്ടതെന്നും കണ്ടപ്പോൾ ഏററവും ആനന്ദമുണ്ടായി. സംസ്കൃതം, ദേവന്മാരുടേയും ഭാഷയായിരുന്നതുകൊണ്ടു് രാജാക്കന്മാർ അവരെ തങ്ങളിൽനിന്നു ഭിന്നന്മാരായി പരിഗണിച്ചില്ല. എന്നുമാത്രമല്ല, അവരുടെ ഉക്തിപ്രത്യുക്തികളിൽ ദേവന്മാർക്കു ഭാഗഭാക്കുകളാകുവാൻ സാധിക്കുകയുംചെയ്തു—ഇതാണു് മഹാകവിയുടെ വിവക്ഷ.

ഇത്തരത്തിലുള്ള ഭാവനകളാൽ പ്രബുദ്ധമായിരുന്ന പ്രാചീനഭാരതത്തിനും ഇപ്പോൾ വൈക്ലബ്യഗർത്തത്തിൽ ആണ്ടുകിടക്കുന്ന ആധുനികഭാരതത്തിനും തമ്മിൽ വളരെ അന്തരമുണ്ടു്. ആ വൈക്ലബ്യം നീങ്ങണമെങ്കിൽ ജാതിമതാദികൾക്കു് ഉപരിയായി രാജ്യത്തെ ഗണിക്കുവാൻ നാം സന്നദ്ധരാകണം; സുഖമെന്നും സ്വാതന്ത്ര്യമെന്നും മററും പറയുന്ന വിഭൂതികൾ ഒരു കുടുംബത്തിന്റേയോ സമുദായത്തിന്റേയോ സ്വത്തല്ലെന്നു ഓർമ്മിക്കണം; ഒരു ചങ്ങലയിൽ ഒററക്കണ്ണിക്കു ബലഹീനതയുണ്ടെങ്കിൽ ആ ചങ്ങല ആകമാനം ദുർബലമാണു്; ഒരു രാജ്യത്തിലെ ജനങ്ങളിൽ ഒററയധഃകൃതനുണ്ടെങ്കിൽ ആ ജനങ്ങൾ എല്ലാവരും അധഃകൃതരാണു്. ഐകമത്യത്തിലല്ലാതെ അജയ്യതയില്ല; അജയ്യതയിലല്ലാതെ ആനന്ദമില്ല.

മററുള്ളരാജ്യങ്ങൾ ഭോഗഭൂമികളാണെന്നും ഭാരതം കർമ്മഭൂമിയാണെന്നും ആചാര്യന്മാർ നമ്മെ ഉപദേശിച്ചിട്ടുണ്ടല്ലോ. അതിന്റെ ഗൂഢാർത്ഥമെന്തെന്നു് നാം നിപുണമായി ചിന്തിക്കേണ്ടതാണു്.

> "I slept and dreamt that life was beauty;
> I woke and found that life was duty."

എന്നു് ഒരു ആംഗലേയകവി ഗാനംചെയ്തിട്ടുണ്ടു്. "ഉറക്കത്തിൽ ജീവിതം സൌന്ദര്യം (ഭോഗം) ആണെന്നു ഞാൻ സ്വപ്നം കണ്ടു; ഉണർന്നപ്പോൾ ജീവിതം കർത്തവ്യം (ധർമ്മം) ആണെന്നു് എനിക്കു അനുഭവപ്പെട്ടു" എന്നാണു് അദ്ദേഹം പറയുന്നതു്. കർമ്മഭൂമിയുടെ സന്താനങ്ങൾ അലസന്മാരായി, ഭോഗലോലുപന്മാരായി ജീവിക്കരുതെന്നും, രജസ്തമോഗുണങ്ങളുടെ സമ്മർദ്ദത്തിൽനിന്നുയർന്നു സാത്വികമായ ജീവിതം നയിച്ചു സൽക്കർമ്മങ്ങൾ അനുഷ്ഠിച്ചു തങ്ങളുടെ ജന്മം ചരിതാർത്ഥമാക്കണമെന്നുമാണു് അവരുടെ അനുശാസനത്തിന്റെ സാരസംക്ഷേപം. അങ്ങനെയുള്ള നമ്മുടെ മാതൃഭൂമി നമുക്കു സർവ്വോപരി സമാരാധ്യയാണു്; ആ സമാരാധനംകൊണ്ടല്ലാതെ നമുക്കു യാതൊരു പുരുഷാർത്ഥവും സാദ്ധ്യവുമല്ല.

ഈ മാസിക ഏതു പുണ്യപുരുഷന്റെ പൂജനീയമായ നാമധേയത്തിൽ അവതരിക്കുന്നുവോ, ആ വിശ്വമഹാകവി ടാഗോറിനേക്കാൾ മഹനീയനായ ഒരു സമുപാസകനും സന്ദേശവാഹകനും ഭാരതത്തിനു് ആധുനികകാലത്തിൽ ഉണ്ടായിട്ടില്ല. ആ മഹാത്മാവിന്റെ ആദർശങ്ങൾ കേരളത്തിലെ ഓരോ ഗൃഹത്തിലും കടന്നു് അവിടെ പ്രബോധരശ്മി ചൊരിഞ്ഞുകൊണ്ടു പ്രകാശിക്കുമാറു്, ഈ പുതിയശിശു അതിന്റെ ജീവിതം നയിക്കട്ടെ. ഉന്നതമായിരിക്കട്ടെ ഇതിന്റെ ലക്ഷ്യം; ഊർജ്ജസ്വലമായിരിക്കട്ടെ ഇതിന്റെ പ്രവർത്തനം; ഉദാത്തമായിരിക്കട്ടെ ഇതിന്റെ വിജയം!

വന്ദേമാതരം!

# ശാന്തിനികേതനം

(പി. ഭാസ്കരൻനായർ ബി. ഏ)



സാഹിത്യകലാരാമത്തിലെ ഈ നവകുസുമം ആരുടെ നാമസ്മരണയോടുകൂടി വികസിച്ചിരിക്കുന്നുവോ, ആ ജഗത്‌ഗുരുവിന്റെ, വിശ്വവിഖ്യാതമായ ആശ്രമത്തിൽ—ശാന്തിനികേതനത്തിൽ—ഒരു വിദ്യാർത്ഥിയായി കുറച്ചുകാലം താമസിക്കുന്നതിനുള്ള ഭാഗ്യം എനിക്കുണ്ടായി. മഹാകവിയുടെ ഫലസമൃദ്ധമായ സുദീർഘജീവിതത്തിലെ മഹനീയനേട്ടങ്ങളെപ്പററി പ്രകീർത്തിക്കുവാൻ ഞാൻ മുതിരുന്നില്ല. എന്റെ അനുഭവങ്ങളിൽനിന്നു ഗുരുദേവനെപ്പററിയുള്ള ചില സ്മരണകളും അദ്ദേഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനത്തെപ്പററി അല്പം ചില വിവരങ്ങളും നൽകുന്നതിനേ ഞാൻ ഉദ്യമിക്കുന്നുള്ളൂ.

ഗുരുദേവന്റെ ദർശനംമാത്രം ഈശ്വരസാക്ഷാത്കാരത്തിന് എനിക്കു പോരുമായിരുന്നു. ഹിമാവൃതമായ കൈലാസംപോലെ വെളുത്തു മിന്നുന്ന തലമുടിയോടുകൂടിയ ഉത്തമാംഗം, ഗാംഭീര്യത്തിന്റെ കേളീരംഗമായ വിശാലമായ നെററിത്തടം, ആത്മജ്യോതിസ്സിന്റെ കിരണകന്ദളം പൊഴിക്കുന്ന ചൈതന്യനിലയനങ്ങളായ നീണ്ട ലോചനങ്ങൾ, നീണ്ടുയർന്ന സുന്ദരമായ നാസിക, സ്മിതകുസുമം വികസിച്ചു വിരാജിക്കുന്ന നയനാഭിരാമമായ വദനം, ഓളപ്പാത്തികളോടുകൂടി ഒരു രജതതരംഗിണിപോലെ താഴോട്ടൊഴുകുന്ന സുപ്രസിദ്ധമായ ആ താടി, മുട്ടോളമെത്തുന്ന ദീർഘബാഹുക്കൾ, ആരേയും നമിപ്പിക്കുന്ന ഗംഭീരോജ്ജ്വലമായ പ്രിയദർശനത്വം—ഇതെല്ലാം ഇന്നും എന്റെ മനഃകൺമുൻപിൽ സുവ്യക്തമായി ഞാൻ കാണുന്നു. ആ കോമളാകാരം ചലനാത്മകമായ, സജീവമായ, ഉടൽപൂണ്ട, ഒരു സുന്ദരകാവ്യമായിരുന്നു!

ഐശ്വര്യത്തിന്റെ രക്ഷാധികാരിണിയായ ശ്രീഭഗവതിയും കലാരാധകരുടെ ഇഷ്ടദേവതയായ വാഗീശ്വരിയും ഒരാളിൽ ഒരേകാലത്തു കനിയാറില്ലത്രേ. എന്നാൽ ഗുരുദേവന്റെകാര്യത്തിൽ നിത്യശത്രുത്വമുള്ള ഈ രണ്ടു ദേവിമാരും അദ്ദേഹത്തിൽ അനുഗ്രഹവർഷം ചൊരിയുന്നതിലാണ് അവരുടെ മാ

തസ്യം പ്രകടിപ്പിച്ചിരുന്നതു്. സമൃദ്ധിയുടെ പയ്യങ്കത്തിലാണു ഗുരുദേവൻ വളന്നതു്. എങ്കിലും ശാലീനമോഹനമായ ജീവിതമാണു് അദ്ദേഹം നയിച്ചതു്.

1905-ൽ കേവലം അഞ്ചു വിദ്യാത്ഥികളോടുകൂടി മാത്രം ശാന്തിനികേതനത്തെ വിദ്യാലയം സമാരംഭിക്കപ്പെട്ടപ്പോൾ ലഘുജീവിതം അവിടെ നിർബന്ധമായിരുന്നു. അന്നത്തെ വിദ്യാത്ഥികൾ മുനികുമാരന്മാരെപ്പോലെ ലഘുവസ്ത്രധാരണംചെയ്യുകയും ബ്രഹ്മചാരികൾക്കനുയോജ്യമായ അമേദുരമായ ജീവിതരീതിയിൽ പരിശീലിക്കപ്പെടുകയും ചെയ്തുവന്നു. ഗംഭീരവും മനോഹരവുമായ ഒരു സൗധമാണു് ശാന്തിനികേതനത്തു് അദ്ദേഹത്തിൻെറ താമസത്തിനായി ഉദ്ദേശിക്കപ്പെട്ടിരുന്ന 'ഉത്തരായൻ.' എന്നാൽ, അവിടത്തെ കലാഭവനത്തിലെ വിദ്യാത്ഥികളുടെ സഹകരണത്തോടുകൂടി മണ്ണുകൊണ്ടു കലാസുന്ദരമായി നിമ്മിച്ച 'ശ്യാമളി' എന്ന ചെറുഭവനത്തിലാണു് ഗുരുദേവൻ പിൽക്കാലങ്ങളിൽ താമസിച്ചിരുന്നതു്. അദ്ദേഹം ഭാരതത്തിലെ അനേകലക്ഷം സാധുജനതയുടെ ദാരിദ്ര്യത്തിൻെറ തീവ്രയാതന എന്തെന്നു നല്ലപോലെ മനസ്സിലാക്കിയിരുന്നു. അതിനു അല്പമെങ്കിലും പരിഹാരം വരുത്താനാണു് ശാന്തിനികേതനത്തോടുചേർന്നു 'ശ്രീനികേതനം ഗ്രാമീണപുനരുദ്ധാരണകേന്ദ്രം' അദ്ദേഹം സ്ഥാപിച്ചതു്.

അദ്ദേഹം ആശ്രമവാസികൾക്കു എപ്പോഴും അഭിഗമ്യനായിരുന്നു. വിദ്യാത്ഥിയോ അദ്ധ്യാപകനോ ആരുതന്നെയായാലും സംശയനിവൃത്തിക്കു് അദ്ദേഹത്തെ സമീപിക്കുവാൻ ആക്കും നിർബാധം കടന്നുചെല്ലാം. ആശ്രമത്തിലെ ശിശുവിഭാഗത്തിലെ ബാലികാബാലന്മാരുടെ സാഹിത്യസദസ്സിൽ ആദ്ധ്യക്ഷം വഹിക്കുന്നതായ ഗുരുദേവനെ കാണാം. ആ കൊച്ചുഹൃദയങ്ങൾ അവരുടേതിനു തുല്യമായ നൈമ്മല്യമുള്ള മറെറാരു ഹൃദയത്തിൽ അവരുടെ ഒരു കളിത്തോഴനെയാണു് കണ്ടെത്തിയിരിക്കുന്നതു്.

അദ്ദേഹം സൂര്യോദയത്തിനു വളരെ മുൻപു് ഉണരുക പതിവായിരുന്നു. പ്രഭാതമാവോളം ഈശ്വരധ്യാനത്തിൽ ലയിച്ചിരിക്കും. പൂവ്വദിങ്മുഖം രാഗപരാഗം പൂശുമ്പോഴേയ്ക്കു് അദ്ദേഹം ലതാനികുഞ്ജത്തിൽ എത്തിയിരിക്കും. അവിടെ ഇരുന്നാണു് അദ്ദേഹം നിരവധി ഗാനങ്ങൾ രചിച്ചിട്ടുള്ളതു്. പറഞ്ഞുകൊടുത്തു് എഴുതിക്കയല്ല, തന്നത്താൻ എഴുതുകയാണു മഹാകവിയുടെ പതിവു്. പകൽ അദ്ദേഹം ഉറങ്ങുക സാധാരണമല്ലായിരുന്നു. ഉച്ചയ്ക്കു് ഊണു കഴിഞ്ഞു് ചിലപ്പോൾ മാസികകൾക്കും മററും ലേഖനസഹായംചെയ്യും. സായാഹ്നത്തിൽ സുഹൃത്തുക്കളെ സ്വീകരിക്കയും അവരുമായി നമ്മസല്ലാപംചെയ്യുകയും അദ്ദേഹത്തിനു് സന്തോഷപ്രദമായിരുന്നു. രാത്രി അധികം പുരോഗമിക്കുന്നതിനുമുൻപു് അദ്ദേഹം ഉറങ്ങുകയുംചെയ്യുമായിരുന്നു.

ഭാവനാലോലനായ മഹാകവി രവീന്ദ്രനാഥടാഗോറിൻെറ ഓമൽസ്വപ്നങ്ങളുടെ മൂത്തിഭാവമാണു് ശാന്തിനികേതനം. കല്ക്കത്തായിൽനിന്നു നൂറു മൈൽ വടക്കുപടിഞ്ഞാറു്, പശ്ചിമബങ്കാളിൽ ബിർഭൂമ് ഡിസ്ട്രിക്കിൽ ബോൻപൂർപട്ടണത്തിൽനിന്നു ഒന്നരമൈലകലെ ആ കേളികേട്ട ആശ്രമം നിലകൊള്ളുന്നു. കല്ലോലലാളിതമായ സമുദ്രപ്പരപ്പുപോലെ വിസ്തൃതിയേറിയ മൈതാനങ്ങൾ ഉയന്നും താഴ്ന്നും തൃണസമൃദ്ധിയോടുകൂടി ആശ്രമപരിസരങ്ങളിൽ നാനാഭാഗത്തും കണ്ണിനാനന്ദമേകുന്നു. ആ തുറന്ന മൈതാനങ്ങളിൽ ചെന്നുനിന്നാൽ ഹൃദയാവർജ്ജകമായ ഉദയാസ്തമനങ്ങൾ യാതൊരു തടവുംകൂടാതെ ദൃശ്യമാകുന്നു. പശ്ചിമചക്രവാളത്തിൽ ഊന്നിറങ്ങുന്ന, അരുണാഭയിയലുന്ന സൂര്യബിംബവും, പൂവ്വദിക്കിൽ തെളുതെളെമിന്നി ഉദിച്ചുയരുന്ന ചന്ദ്രബിംബവും പ്രകൃത്യംബയുടെ മായാഹസ്തങ്ങളിലെ പൊൻതാലവും, വെള്ളിത്തളികയും ആണെന്നു തോന്നിച്ചിട്ടുള്ള എത്ര ദിനാന്ത സന്ധ്യകൾ എനിക്കവിടം നയനോത്സവം അരുളിയിട്ടില്ല.

തറയിൽനിന്നു് അല്പമാത്രം ഉയന്നു ശാഖോപശാഖകൾ വിടുത്തി അന്യോന്യം പുൽകിനില്ക്കുന്ന മാവിൻനിരകളും, വസന്തോദയ

ത്തിൽ ദിക്കെങ്ങും പരിമളം പരത്തുന്ന സുമങ്ങളാൽ പരിശോഭിതമാവുന്ന ഇലഞ്ഞിത്തോപ്പും, ഋതുക്കളുടെ ഗമനാഗമങ്ങളെ സുവ്യക്തം അറിയിക്കുന്ന സാലവൃക്ഷങ്ങളും, അമൃതഫലങ്ങളെ പ്രദാനംചെയ്യുന്ന നെല്ലിമരക്കൂട്ടങ്ങളും ആശ്രമത്തിൽ ഹരിതവർണ്ണവും നിഴലും നിറയ്ക്കുന്നു. ഈ വൃക്ഷമൂലങ്ങളിൽ, അവയുടെ തണലിൽ ഇരുന്നാണ് ആ വിശ്വവിദ്യാലയത്തിലെ അദ്ധ്യാപനം നിർവ്വഹിക്കപ്പെടുന്നതു്. പഠിക്കുന്നവേളയിലും പ്രകൃതിയുടെ ഉത്സംഗത്തിൽ വിഹരിക്കുന്ന അവിടത്തെ വിദ്യാർത്ഥികൾ സൌന്ദര്യാരാധകരായി വളരുന്നു.

ഒരുകാലത്തു ശാന്തിനികേതനം കേവലം വിജനപ്രദേശമായിരുന്നു. അവിടെ ഉണ്ടായിരുന്ന ഏകവൃക്ഷം ഏഴിലംപാലമാത്രമായിരുന്നുപോൽ. ഒരുനാൾ സായാഹ്നത്തിൽ യാത്രാമദ്ധ്യേ മഹാകവിയുടെ പിതാവായിരുന്ന മഹർഷി, ദേവേന്ദ്രനാഥടാഗോർ, ആ പാലയുടെ ചുവട്ടിൽ വിശ്രമിക്കുവാനായി ഇരുന്നു. അവിടുത്തെ ശാന്തതയിൽ മനംമയങ്ങിയ മഹർഷി സമാധിയിൽ ലയിച്ചു. ആ സ്ഥലം അദ്ദേഹത്തെ അത്യധികം ആകർഷിച്ചു. തൽഫലമായി അവിടമെല്ലാം അദ്ദേഹം വാങ്ങി ഒരാശ്രമം സ്ഥാപിച്ചു. അദ്ദേഹമാണു ശാന്തിനികേതനമെന്ന് ആ പുണ്യഭൂമിയ്ക്കു് നാമകരണം ചെയ്തതു്. അവിടെ ആദ്യമായി നിർമ്മിച്ച സൌധമാണ് ഇന്നവിടെ അതിഥിമന്ദിരമായി ഉപയോഗിക്കപ്പെടുന്നതു്. ആ ഏഴിലംപാല ഇന്നും അവിടെ ഉണ്ടു്. അതിന്റെ ചുവട്ടിൽ മഹർഷിയുടെ ചിതാഭസ്മം അടക്കിയിരിക്കുന്ന വെൺകൽത്തറ കാണാം. അവിടെത്തന്നെയാണ് ഗുരുദേവന്റെ ഭൌതികാവശിഷ്ടങ്ങളും ഇപ്പോൾ വിശ്രമംകൊള്ളുന്നതു്!

ശാന്തിനികേതനം ആദ്യകാലങ്ങളിൽ ബ്രഹ്മസമാജക്കാരുടെ ഒരു ബ്രഹ്മചര്യാശ്രമം മാത്രമായിരുന്നു. മഹാകവി, വിദ്യാഭ്യാസാദർശങ്ങളെ പ്രവൃത്തിപഥത്തിലാക്കുന്നതിനായി പരീക്ഷണാർത്ഥം 1901-ൽ അവിടെ ഒരു വിദ്യാലയം സമാരംഭിച്ചു. കേവലം അഞ്ചുവിദ്യാർത്ഥികളോടുകൂടിമാത്രമാണ് അതു തുടങ്ങിയതു്. ആദ്യവിദ്യാർത്ഥികളിൽ ഒരാൾ ഗുരുദേവന്റെ ഏകപുത്രനായ ശ്രീ. രതീന്ദ്രനാഥ ടാഗോർ ആയിരുന്നു. അക്കാലത്തു പ്രാചീനകാലങ്ങളിലെ ഗുരുകുലരീതിയിൽ മുനികുമാരന്മാരെപ്പോലെ ലഘുവായ ജീവിതരീതിയിലും, ഉന്നതമായ ചിന്താഗതിയിലും അവിടുത്തെ വിദ്യാർത്ഥികൾ പരിശീലിപ്പിക്കപ്പെട്ടുപോന്നു. വംഗദേശത്തെ ധനാഢ്യന്മാരുടെ കുസൃതിക്കുട്ടന്മാർ സ്വഭാവസംസ്കരണത്തിന് ഒരുദുർഗ്ഗുണപരിഹാരപാഠശാലയിലേക്കെന്നപോലെ അവിടെ അയയ്ക്കപ്പെട്ടിരുന്നു. എന്നല്ലാതെ കുറേക്കാലങ്ങളിലേക്ക് ആ വിദ്യാലയം ബങ്കാളികളുടെതന്നെയും അനുകൂലഭാവം അർത്ഥിച്ചിരുന്നില്ല. ഗുരുദേവനു് 1913-ൽ കിട്ടിയ നോബൽസമ്മാനത്തിന്റെ തുക മുഴുവനും അദ്ദേഹത്തിനു പ്രിയതരമായ ആ വിദ്യാലയത്തിന്റെ വികസനത്തിനായി വിനിയോഗിച്ചപ്പോഴാണു ശാന്തിനികേതനത്തെ വിദ്യാലയം പൊതുജനങ്ങളുടെ ശ്രദ്ധയെ കൂടുതൽ ആകർഷിച്ചുതുടങ്ങിയതു്. അക്കാലങ്ങളിൽത്തന്നെയാണു് റവ: സി. എഫ്. ആൻഡ്രൂസ്, ഡബ്ല്യൂ. ഡബ്ല്യൂ. വിയേഴ്സൺ എന്നീ നിർമ്മലാത്മാക്കളായ ബ്രിട്ടീഷ്മിഷനറിമാർ ഗുരുദേവന്റെ വ്യക്തിഭാവത്തിൽ ആകൃഷ്ടരായി ശാന്തിനികേതനത്തിൽ എത്തി അവരുടെ ത്യാഗൈകനിരതമായ സേവനം ആ വിദ്യാലയത്തിനു സമർപ്പിച്ചതു്. ശാന്തിനികേതനം വിസ്മയജനകമായ വളർച്ച പ്രാപിച്ചു. അതിന്റെ കീർത്തിധാവള്യം മഹാകവിയുടെ വിശ്രുതിയോടൊരുമിച്ചു ദിഗന്തങ്ങളിലും വ്യാപിച്ചു. 1919-ൽ ശാന്തിനികേതനത്തെ വിദ്യാലയം "വിശ്വഭാരതി" എന്ന പേരിൽ ഒരു കലാലയമായി ഉയർത്തപ്പെട്ടു. അതിന്റെ പരിധി വിശ്വസീമയോളം വിശാലമാവുകയും ചെയ്തു. രണ്ടുകൊല്ലം കഴിഞ്ഞപ്പോൾ ആ വിദ്യാലയവും അതിന്റെ സകല സ്വത്തുകളും പൊതുജനഹസ്തങ്ങളിൽ മഹാകവി സമർപ്പിച്ചു. തിരഞ്ഞെടുക്കപ്പെടുന്ന ഒരു സംഘമാണ് അന്നുമുതൽ വിശ്വഭാരതിയെ ഭരിക്കുന്നതു്. ഗുരുദേവു് സ്ഥിരം ആചാര്യനായിരുന്നു. സി. എഫ്. ആൻഡ്രൂസ് വളരെനാൾ വിശ്വഭാരതിയിലെ ഉപാചാര്യനായി വർത്തിച്ചിരുന്നു. ഭരണനിപു

ഹണംനടത്തുന്ന 'സചിവൻ' മഹാകവിയുടെ പുത്രനായ ശ്രീ. രതീന്ദ്രനാഥടാഗോറാണ്.

വിശ്വഭാരതിയിൽ പ്രധാനമായി ആറു വിഭാഗങ്ങളാണുള്ളതു്. അഞ്ചു വയസ്സുമുതൽ പ്രായമുള്ള കുട്ടികൾക്കായുള്ള ശിശുഭവനം, മെട്രിക്കുലേഷൻ ക്ലാസ്സുവരെയുള്ള പാഠഭവനം, ഇൻററർ, ബി. ഏ., ഓണേഴ്സ് എന്നീ ക്ലാസ്സുകളുള്ള ശിക്ഷാഭവനം അല്ലെങ്കിൽ കോളേജ്, ചിത്രകല, നൃത്ത്യം, സംഗീതം മുതലായ കോമളകലകൾ അഭ്യസിപ്പിക്കപ്പെടുന്ന കലാഭവനം, ഉപരിവിദ്യാഭ്യാസാർത്ഥം സാഹിത്യം, വേദാന്തം, തത്വജ്ഞാനം മുതലായ ഗഹനവിഷയങ്ങളിൽ ഗവേഷണം നടത്തുന്ന വിദ്യാഭവനം, ഗ്രാമീണപുനരുദ്ധാരണശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന ശ്രീനികേതനം എന്നിവയാണു് ആ വിഭാഗങ്ങൾ.

ശിശുവിഭാഗത്തിലും പാഠഭവനത്തിലും അവിടത്തെ മാതൃഭാഷയായ ബങ്കാളി മുഖേനയാണു് അദ്ധ്യാപനം നിവ്വഹിക്കുന്നതു്. അന്യദേശങ്ങളിൽനിന്നു് അവിടെ ചെന്നുചേരുന്ന ബാലവിദ്യാർത്ഥികൾക്കു് അല്പകാലത്തേക്കു് അസൗകര്യപ്രദമെന്നിരുന്നാലും ബങ്കാളിലെ കുട്ടികളെ സംബന്ധിച്ചിടത്തോളം ഈ രീതി അനിവ്ചനീയമായ ഗുണം പ്രദാനംചെയ്തിട്ടുണ്ടെന്നുള്ളതു നിസ്തക്കമാണു്. ഗുരുദേവൻെറ സഫലമായ ഈ പരീക്ഷണം മററു സവ്കലാശാലകൾ അനുകരിച്ചുതുടങ്ങിയിട്ടുണ്ടു്. ആ ഗുരുകുലത്തിലെ ഗുരുശിഷ്യബന്ധത്തിനു മാധുര്യം ഊറുന്ന ഒരു പ്രത്യേക വൈശിഷ്ട്യമുണ്ടു്. ജ്യേഷ്ഠസഹോദരന്മാരെപ്പോലെ വാത്സല്യനിധികളാണു് അവിടത്തെ അദ്ധ്യാപകന്മാർ. ജ്യേഷ്ഠൻ എന്നത്ഥമുള്ള 'ദാദാ' എന്ന പദം അവരുടെ പേരോടുകൂടി ചേത്താണു് വിദ്യാത്ഥികൾ അവരുടെ ഗുരുനാഥന്മാരെ അവിടെ സംബോധന ചെയ്യുന്നതു്. രതീന്ദ്രനാഥടാഗോർ ഞങ്ങളുടെ 'രതീദാദാ'യാണു്. അനിൽകുമാർചന്ദാ "അനിൽദാദാ"യും. അദ്ധ്യാപകന്മാരുംഅദ്ധ്യേതാക്കളും ഒരു വലിയ കുടുംബത്തിലെ അംഗങ്ങളായി അവിടെ താമസിക്കുന്നു. അന്യോന്യം അടുത്തു് അറിയുന്നതിനും, പരസ്പരസമ്പക്ത്താൽ ഉൽകൃഷ്ടചിത്തരായിത്തീരുന്നതിനും അവസരം ലഭിക്കുന്നു. കോളേജ്രജിസ്റ്ററിൽ എൻെറ പേർ അവിടെ ചേത്തുകഴിഞ്ഞ ഉടനെ എന്നോടു് പ്രിൻസിപ്പാൾ ആദ്യം ചോദിച്ചതു് എന്നെ വീട്ടിൽ വിളിക്കുന്ന പേരു് എന്താണെന്നാണു്. എനിക്കു് അത്ഭുതം തോന്നി. അതു് ഒരു പുതിയ അനുഭവമായിരുന്നു എനിക്കു്. അതിനു മുൻപു പഠിച്ച മററൊരു വിദ്യാലയത്തിലെ അദ്ധ്യാപകനും എന്നോടു് അത്ര സമീപിക്കാൻ ശ്രമിച്ചിട്ടില്ലെന്നു ഞാൻ ഉടനെ ഓർമ്മിച്ചു. എൻെറ പേർ ഒട്ടും ചുരുക്കാതെ, ഗൗരവത്തിനു യാതൊരു ഇടിവും തട്ടാതെ, അന്നോളം എന്നെ പഠിപ്പിച്ച അദ്ധ്യാപകന്മാർ എന്നെ വിളിച്ചിരുന്നു. അഞ്ചോ ആറോ വയസ്സുമാത്രം പ്രായമുള്ള ഒരു കുട്ടിയെ ബാലഗംഗാധരമേനോൻ എന്നാണു് സാധാരണ വിദ്യാലയങ്ങളിൽ വിളിക്കാറുള്ളതു്. ആ കുട്ടിയെ 'ബാലാ' എന്നു വീട്ടിലെന്നപോലെ വിളിക്കാൻ ശ്രമിക്കട്ടെ. അപ്പോൾ കാണാം അവൻെറ മുഖത്തുനിന്നു ലജ്ജയും സഭാകമ്പവും അകലുന്നതു്. 'സാർ' എന്നുമാത്രം വിളിക്കപ്പെടുവാൻ അദ്ധ്യാപകൻ ശിഷ്യന്മാരിൽനിന്നു് അകന്നു നില്ക്കുന്നതാണു് ഇവിടത്തെ വിദ്യാലയങ്ങളിലെ അനഭിലഷണീയമായ പതിവു്.

ഈയിടെ രസകരമായ ഒരനുഭവം എനിക്കുണ്ടായി. ഞാൻ പഠിച്ചിരുന്ന ഒരു കോളേജിൽ എനിക്കു പോകേണ്ടിയിരുന്നു. അവിടത്തെ ഒരു പൂവ്വവിദ്യാത്ഥിയായിരുന്നു ഞാനെന്നു് എന്നെ പഠിപ്പിച്ച ഒരു ലക്ചററെ പറഞ്ഞുമനസ്സിലാക്കേണ്ടിവന്നു! അതിൽ അദ്ദേഹത്തിൻെറ കുററമോ, എന്നിൽ വ്യക്തിത്വത്തിൻെറ അഭാവമോ ഉള്ളതുകൊണ്ടല്ല. എനിക്കുമാത്രം നേരിടുന്ന ഒരപൂവ്വാനുഭവംമാത്രമാണിതെന്നു് ഞാൻ വിശ്വസിക്കുന്നുമില്ല. എന്നാൽ, ശാന്തിനികേതനത്തിൽനിന്നു പോന്നിട്ടു എഴുരക്കൊല്ലംകഴിഞ്ഞെങ്കിലും ഇപ്പോൾ ഞാൻ അവിടെ ചെന്നാൽ എന്നെ തിരിച്ചറിയുവാൻ കഴിവില്ലാത്ത ഒരദ്ധ്യാപകനും അവിടെ കാണുകയില്ലെന്നു് എനിക്കു തീച്ചയുണ്ടു്.

അവിടെ എല്ലാ വിഭാഗങ്ങളിലും സഹവിദ്യാഭ്യാസം നിലവിലുണ്ടു്. വിദ്യാൎത്ഥികളും വിദ്യാൎത്ഥിനികളും സ്വതന്ത്രമായി സഹോദരീസഹോദരന്മാരെപ്പോലെ കഴിയുന്നു. ശങ്കാസംകുലമായ ദൂഷിച്ച അന്തരീക്ഷം അവിടെ ഇതേവരെ ഉണ്ടായിട്ടില്ല. അതിനാൽ സ്വാതന്ത്ര്യം ദുർവിനിയോഗംചെയ്യാൻ ആരും ഒരുമ്പെട്ടിട്ടില്ല. വിദ്യാർത്ഥിനികൾക്കു് താമസിക്കാൻ 'ശ്രീഭവനം'എന്നു് മനോഹരമായ ഒരു സദനമുണ്ടു്. വിദ്യാർത്ഥികളുടെ ഹോസ്റ്റൽ പൎണ്ണശാലകൾപോലുള്ള ചെറുകുടിലുകളും മററുമാണു്.

കലാഭവനത്തിലെ പ്രധാനാദ്ധ്യാപകൻ പ്രശസ്തനായ ശ്രീ. നന്ദലാൽബോസാണു്. ശാന്തിനികേതനത്തെ കലാവിദ്യാർത്ഥികളായിരുന്ന പലരും ഇൻഡ്യയുടെ പല ഭാഗങ്ങളിലും കലാവൃത്തിയിൽ ഉയൎന്ന സ്ഥാനങ്ങൾ നേടി ശോഭിക്കുന്നു.

ഏതൊരു ശൂന്യഹൃദയത്തിലും കലാസമ്പത്തും കല്പനാവൈഭവവും പൊൻകിനാവുകളുടെ ജന്മഭൂമിയായ ആ സരസ്വതീക്ഷേത്രം ഉല്ലാദിപ്പിക്കുന്നു. അവിടത്തെ സരസ്വതീപ്രസാദത്തിൽപെടാതെ മാറിനില്ക്കുവാൻ യാതൊരാൾക്കും സാദ്ധ്യമല്ലതന്നെ. കവികളും ചിത്രകാരന്മാരും, ഗായകരും, നൃത്തവിദഗ്ദ്ധരും, അഭിനയകുശലരും, മററു കലാരാധകരും ശാന്തിനികേതനത്തെ വിദ്യാൎത്ഥിനീവിദ്യാൎത്ഥികളിൽ നിരവധിയുണ്ടു്.

അവിടെ ജാതിമതചിന്തകൾക്കു് സ്ഥാനമേ ഇല്ല. ഏതൊരു കട്ടത്ത യാഥാസ്ഥിതികനും അവിടെ താമസിക്കുവാൻ ഭാഗ്യമുണ്ടായാൽ ഈ വിവേചനങ്ങൾ മറക്കുന്നു. 'മന്ദിർ'എന്നുവിളിക്കുന്ന ഒരു പ്രാൎത്ഥനാലയം അവിടെ ഉണ്ടു്. നാനാവൎണ്ണപ്രകാശിതവും, വിചിത്രാകൃതിയുള്ളതുമായ സ്ഫടികംകൊണ്ടാണു് അതിൻെറ ഭിത്തിയും മേൽക്കൂരയും നിൎമ്മിച്ചിരിക്കുന്നതു്. വെണ്ണപോലെ ശുഭ്രമായ മാർബിൾതറയുമാണതിനുള്ളതു്. വിഗ്രഹങ്ങളൊന്നുംഅവിടെയില്ല. ബുധനാഴ്ചതോറും ആശ്രമവാസികൾ രാവിലേ പ്രാർത്ഥനയ്ക്കായി അവിടെ കൂടാറുണ്ടു്. ഹിന്ദുവും, ക്രിസ്ത്യനും, മുഹമ്മദീയനും തോളോടുതോളുരുമ്മി അവിടെ പ്രാർത്ഥന നടത്തുന്നതു് ഞാൻ കണ്ടിട്ടുണ്ടു്.

---

ഒരു നീർക്കുമിള പൊട്ടുന്നശബ്ദം, അലച്ചലച്ചു്, പ്രപഞ്ചതടാകത്തിൻെറ കരകളെത്തഴുകിത്തലോടുമ്പോൾ, ഞാനെൻെറ ചെറിയ കൊതുമ്പുതോണിയിലിരുന്നു് അങ്ങയുടെ മധുരസംഗീതത്തിനൊപ്പിച്ചു് ഹൃദയസ്പന്ദനത്താൽ താളമിടുവാനനുവദിക്കണമേ!

*            *            *            *            *

ആ പിഞ്ചുപൈതലിനെ ഒരിക്കൽ കയ്യിലെടുത്തപ്പോൾ എൻെറ ആത്മാവെപ്പോഴും തേടിക്കൊണ്ടിരിക്കുന്ന അങ്ങയുടെ ദിവ്യസാന്നിദ്ധ്യത്തിൻെറ അവ്യക്തമായ ഒരു മധുരാനുഭവം എനിക്കുണ്ടായതുപോലെ തോന്നി. നാഥാ, അങ്ങെഴുന്നള്ളുന്ന പള്ളിമെനാവു് ആ ചെഞ്ചൊടികളുടെ നടുവിൽ കണ്ടപ്പോഴൊന്നും ഞാൻ മനസ്സിലാക്കിയില്ലല്ലോ!

*            *            *            *            *

നിശ്ചലമായ തടാകത്തിൽ മഴത്തുള്ളി വരച്ച ചെറിയ വൃത്തത്തെ മായ്ച്ചുമായ്ച്ചു വലുതാക്കിക്കൊണ്ടിരിക്കുന്ന ആ അദൃശ്യകരങ്ങൾ, എൻെറ ഹൃദയമാകുന്ന ചെറിയ വൃത്തത്തെ വലുതാക്കി വലുതാക്കി പ്രപഞ്ചത്തിൻെറ അതിർത്തിരേഖയാക്കുന്നതുതന്നായിരിക്കും!

# അസ്ഥിക്കൂടം

## (മഹാകവി ടാഗ്ഗൂറിന്റെ ഒരു കവിത)

(കൈനിക്കരകുമാരപിള്ള, എം. ഏ., എൽ. റ്റി.)

മനുഷ്യന്റെ മഹാഭയങ്ങളിൽവച്ച് ഒന്നാമത്തെ സ്ഥാനം എന്നും വച്ചുസൂക്ഷിച്ചിട്ടുള്ള മരണഭയത്തെ ടാഗ്ഗോർ എത്രമാത്രം ലഘൂകരിച്ചിട്ടുണ്ടെന്ന് 'ഗീതാഞ്ജലി' വായിച്ചു മനസ്സിലാക്കിയിട്ടുള്ളവർ അനുഭവിച്ചറിഞ്ഞിരിക്കണം; അവർ അദ്ദേഹത്തെ കൃതജ്ഞതാപൂർവം നിത്യം വാഴ്ത്തുന്നുണ്ടായിരിക്കണം. ഭവഭയചിന്തകൾ അസ്വസ്ഥമാക്കുന്ന മനസ്സിന് എന്തൊരു അവാച്യമായ ശാന്തിയാണ് ആ കവിതകൾ നൽകുന്നത്!

'ഗീതാഞ്ജലി'യിലെ അത്യന്തമധുരങ്ങളായ ഏതാനും ഗീതങ്ങൾ മരണത്തെപ്പററിയാണ്. ഒരു സ്തനത്തിൽനിന്നു മാററപ്പെടുമ്പോൾ ശിശു കരയുന്നു; മററതിൽ അടുത്ത നിമിഷത്തിൽ സംതൃപ്തി നേടുന്നു;—മരണം ഈശ്വരന്റെ ദൂതനാണ്—നമ്മുടെ ഹൃദയസർവസ്വം അടിയറവച്ചു പൂജിക്കേണ്ടവനാണ്—തുളുമ്പിനിൽക്കുന്ന ജീവിതപാത്രം കാല്ക്കൽവച്ച് ഉപചരിച്ച് സ്വാഗതംചെയ്യേണ്ട ദിവ്യാതിഥിയാണ്—മരണം ജീവിതത്തിന്റെ അവസാനപരിപൂരണമാണ്—വരണമാല്യം കൈയിലേന്തി കാത്തുനിൽക്കുന്ന ആത്മവധുവിന്റെ മുൻപിലണയുന്ന വരനാണ്—എന്നിങ്ങനെ അനേകം കമനീയങ്ങളായ കല്പനകൾമൂലമാണ് മരണത്തിന്റെ മനോഹാരിത അനുഗൃഹീതനായ ആ മഹാകവി നമുക്ക് ബോധ്യമാക്കിത്തരുന്നത്.

'ഗീതാഞ്ജലി'യിൽ മരണത്തെ സംബന്ധിച്ച് ടാഗ്ഗോർ അവലംബിക്കുന്ന മനോഭാവം അനുരഞ്ജകമാണ്; ആരാധകവും അനുരക്തകവുമാണ്.

എന്നാൽ ഇതിൽനിന്ന് കേവലം ഭിന്നമായ ഒരു മനോഭാവമാണ് 'അസ്ഥിക്കൂട'ത്തിൽ പ്രതിബിംബിക്കുന്നത്. ഇതിലാകട്ടെ, തന്റെ ആത്മാവിന്റെ അനശ്വരത്വത്തിൽ അഹങ്കരിക്കുന്ന മനുഷ്യൻ മരണത്തിന്റെ അപഹാസപൂർണ്ണമായ ഭീഷണിയെ തൃണവൽഗണിക്കുന്നു; മരണത്തെ വെല്ലുവിളിക്കുന്നു. മരണത്തെ ഈ രൂപത്തിൽ ടാഗ്ഗോർ മറെറാരവസരത്തിലും വീക്ഷിച്ചിട്ടുണ്ടോ എന്നു സംശയമാണ്.

ഈ കവിത ഗ്രന്ഥരൂപത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ള കവിതാസഞ്ചികകളിൽ ഇതേവരെ ഉൾപ്പെടുത്തിയിട്ടുള്ളതായി എനിക്കറിവില്ല. "വിശ്വഭാരതി ത്രൈമാസിക"ത്തിന്റെ അനേകവർഷങ്ങൾക്കു മുൻപുള്ള ഒരു ലക്കത്തിലാണ് ഞാൻ ഇതു വായിച്ചത്. അതിന്റെ പ്രത്യേകത, അന്ന് എന്നെ ആകർഷിക്കുകയും അത്ഭുതപ്പെടുത്തുകയും ചെയ്തു. ഇതാണ് കവിതയുടെ ഏകദേശമായ ഒരു രൂപം:—

ഒരു മൃഗത്തിന്റെ അസ്ഥിക്കൂടം പുല്ലിൽ കിടന്ന് ഉണങ്ങി വെളുക്കുന്നു.

അതിന്റെ വെളുത്ത അസ്ഥികൾ—കാലത്തിന്റെ രൂക്ഷമായ ചിരി—എന്നോടു വിളിച്ചുപറയുന്നു:

"നിന്റെ അവസാനം, ഉദ്ധതനായ മനുഷ്യാ, ഇപ്പോൾ മേയാതെയായിത്തീർന്നിരിക്കുന്ന കന്നുകാലികളുടെ അവസാനംതന്നെയാണ്;

"എന്തുകൊണ്ടെന്നാൽ, നിൻെറ ജീവിതമാകുന്ന മുന്തിരിച്ചാറിൻെറ അവസാനത്തെത്തുള്ളിയും തുവിക്കഴിയുമ്പോഴം ആ ചഷകം അലക്ഷ്യമായി ദൂരത്തെറിയപ്പെട്ടും."

ഞാൻ സാഹങ്കാരം പ്രതിവചിക്കുന്നു:

"ഇവിടെക്കിട്ടിയ കൊററിനും താവളത്തിനും പ്രതിഫലമായി കൈയിൽ ഉണ്ടായിരുന്ന വിലയില്ലാത്ത അസ്ഥികഠം കൊടുത്തിട്ട് ഒടുവിൽ കേവലം ശൂന്യമായിത്തീരുന്ന ജീവിതമല്ല എൻേറതു്.

"ഞാൻ ചിന്തിച്ചതും അനുഭവിച്ചതും, നേടിയതും കൊടുത്തതും, കേട്ടതും പറഞ്ഞതും മുഴുവൻ പൂൎണ്ണമായി ഉഠംക്കൊള്ളുവാൻ എൻെറ നശ്വരമായ ആയുസ്സിനു് ഒരിക്കലും സാദ്ധ്യമല്ല.

"എൻെറ മനസ്സു പലപ്പോഴും കാലത്തിൻെറ അതിൎത്തിയെ അതിലംഘിച്ചിട്ടുണ്ടു്—അവസാനത്തിൽ ഉണങ്ങിപ്പൊടിയുന്ന അസ്ഥിഖണ്ഡങ്ങളുടെ പരിധിയിൽ എന്നെന്നേക്കുമായി മാൎഗ്ഗം മുട്ടി നിൽക്കാനുള്ളതാണോ അതു്?

"മാംസവും രക്തവും ഒരിക്കലും ഞാനാകുന്ന സത്യത്തിൻെറ പരിമാണമാകയില്ല; കടന്നുപോകുന്ന ദിവസങ്ങളുംക്കും മാത്രകഠംക്കും അതിനെ ചവിട്ടിത്തേച്ചു് ഇല്ലായ്മചെയ്യുവാൻ സാദ്ധ്യമല്ല; അതിൻെറ സ്വത്തു മുഴുവൻ അപഹരിക്കാൻ വഴിയിൽനിന്നു പെരുംകൊള്ളചെയ്യുന്ന മണ്ണിനും ധൈൎയ്യമില്ല.

"അനന്തരൂപത്തിൻെറ അംബുജത്തിൽനിന്നു് അരൂപത്തിൻെറ മകരന്ദം ഞാൻ കുടിച്ചിട്ടുണ്ടെന്നു്,

"യാതനകളുടെ ഗഹ്വരത്തിൽക്കൂടി ആനന്ദത്തിൻെറ നിഗൂഢമാൎഗ്ഗം ഞാൻ ദൎശിച്ചിട്ടുണ്ടെന്നു്,

"അന്ധകാരത്തിൻെറ നിൎമ്മൂകമായ മരുപ്പരപ്പിനു കുറുകെ പ്രകാശത്തിൻെറ വഴിത്താരകഠം ഞാൻ കണ്ടിട്ടുണ്ടെന്നു് നീ അറിയുക.

"മരണമേ, ഞാൻ ഈശ്വരൻെറ ഭീമമായ ഒരു വെറും നേരമ്പോക്കു മാത്രമാണെന്നുള്ള,

"അഖണ്ഡബ്രഹ്മത്തിൻെറ അമിതസമ്പത്തു മുഴുവൻകൊണ്ടു നിൎമ്മിച്ച ഒരു മഹാനാശം മാത്രമാണെന്നുള്ള നിൻെറ സിദ്ധാന്തത്തെ ഞാൻ നിശ്ശേഷം നിഷേധിക്കുന്നു."

# ടാഗോറിന്റെ നൃത്തനാടകങ്ങൾ

[മഹാകവിയുടെ നൃത്തനാടകങ്ങൾ, വംഗസാഹിത്യത്തെ അനശ്വരമായ ഒരു പരിപൂർണ്ണതയിലേക്കാനയിപ്പിച്ചുകഴിഞ്ഞു! അപ്രതിഹതങ്ങളായ പ്രതിഭാവിലാസങ്ങളെ അമൃതനിഷ്യന്ദിയായ സംഗീതത്തിൽ കോർത്തിണക്കി കലാദേവിയ്ക്ക് കാഴ്ചവച്ചിരിക്കുന്ന ഈ അമൂല്യങ്ങളായ സാഹിത്യോപഹാരങ്ങൾ വിശ്വസാഹിത്യഭണ്ഡാഗാരത്തിന് തികച്ചും ശാശ്വതങ്ങളായ നേട്ടങ്ങളാണ്!!]

(കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ)

മഹാകവി രവീന്ദ്രനാഥ ടാഗോറിന്റെ നൃത്തനാടകങ്ങളെക്കുറിച്ച് ലോകം അധികമൊന്നും അറിഞ്ഞിരിക്കാനിടയില്ല. നാടകങ്ങളിൽ തന്നെ അപൂർവം ചിലതു മാത്രമേ ഇംഗ്ലീഷിൽ തർജ്ജിമ ചെയ്തിട്ടുള്ളു. നൃത്തനാടകങ്ങൾ, വംഗസാഹിത്യത്തിന്റെ പരിധികളെ അതിലംഘിച്ച് ഇതുവരേയും പുറത്തു ചാടിയിട്ടില്ല. അഥവാ, വിവിധഭാഷകളിലേക്ക് പരിഭാഷപ്പെടുത്താമെന്നുവച്ചാൽ അതും പ്രയാസമാണ്. യഥാർത്ഥത്തിൽ അവയുടെ വിശ്വമോഹനമായ സൌന്ദര്യത്തെ ആസ്വദിക്കണമെങ്കിൽ വംഗഭാഷ പഠിച്ചേ തരമുള്ളൂ എന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

മഹാകവിയുടെ നൃത്തനാടകങ്ങൾ, വംഗസാഹിത്യത്തെ അനശ്വരമായ ഒരു പരിപൂർണ്ണതയിലേക്കാനയിപ്പിച്ചുകഴിഞ്ഞു. അപ്രതിഹതങ്ങളായ പ്രതിഭാവിലാസങ്ങളെ അമൃതനിഷ്യന്ദിയായ സംഗീതത്തിൽ കോർത്തിണക്കി കലാദേവിയ്ക്കു കാഴ്ചവച്ചിരിക്കുന്ന ഈ അമൂല്യങ്ങളായ സാഹിത്യോപഹാരങ്ങൾ, വിശ്വസാഹിത്യഭണ്ഡാഗാരത്തിനു തികച്ചും ശാശ്വതങ്ങളായ നേട്ടങ്ങളാണ്. ആഷപ്രഭാവങ്ങളായ കലാസൌന്ദര്യം ആദ്യവസാനം ഈ കൃതികളിൽ തുളുമ്പിനിൽക്കുന്നുണ്ട്. ഇവ സംഗീതത്തിന്റേയും, സാഹിത്യത്തിന്റേയും, നൃത്തത്തിന്റെയും സമാഹരണങ്ങളാണ്. ഏതു കഠിനഹൃദയനേയും സ്വർഗ്ഗീയമായ ഒരാനന്ദനിർവൃതിയിൽ ലയിപ്പിക്കുവാൻ ശക്തിയുള്ള രവീന്ദ്രസംഗീതത്തിന്റെ മാദകമായ ശ്രുതിമാധുര്യം വിശ്വവിഖ്യാതമാണല്ലോ. നൃത്തനാടകങ്ങളിൽ ഉൾക്കൊള്ളുന്ന പരിപൂർണ്ണമായ കലയുടെ മോഹനത ദർശിക്കുമ്പോൾ, മഹാകവി, മറ്റേതുസംരംഭങ്ങളിൽനിന്നും നാടകനിർമ്മാണത്തിലാണധികം വിജയിച്ചിട്ടുള്ളതെന്നു കാണാം. ഈ പരമാർത്ഥം വിശ്വസാഹിത്യനിരൂപകന്മാരുടെ ദൃഷ്ടിയിൽനിന്നും ഇപ്പോഴും വളരെ അകന്നുനിൽക്കുകയാണു ചെയ്യുന്നതു്.

നാടകവൃത്തിയിലും മഹാകവി, പൗരാണികഭാരതത്തിലേക്ക് കണ്ണോടിച്ചിട്ടുണ്ടെന്നുള്ളതിൽ 'ചണ്ഡാലിക', 'ചിത്രാംഗദ', 'വാത്മീകിപ്രതിഭ', 'നടിർപൂജ', 'ബിഷർജ്ജൻ' മുതലായവ ഉത്തമദൃഷ്ടാന്തങ്ങളാണ്. വാത്മീകിയുടേയും, കാളിദാസന്റേയും പാരമ്പര്യം സിദ്ധിച്ചമഹാകവി,ഇവയിൽക്കൂടി ലോകത്തെ മുഴുവൻ ആഷപ്രഭാവത്തിന്റെ നിസ്തുലമായ അനന്തതയിലേക്കാകർഷിക്കുന്നുണ്ട്.

മിക്ക പ്രധാന നാടകങ്ങളും കേവലം ബാല്യകാലത്താണു രചിച്ചിട്ടുള്ളതെന്നുള്ളതിൽ നിന്നും മഹാകവിയുടെ സ്വതഃസിദ്ധമായ കലാവൈഭവം വെളിവാകുന്നുണ്ടല്ലോ. സ്വയമേവ നർത്തകനും, ഗായകനുംക്കൂടിയായിരുന്ന ഗ്രന്ഥകർത്താവിന്റെ നാടകങ്ങളുടെ ഘടനയെപ്പററി പ്രതിപാദിക്കേണ്ടയാവശ്യം തീരെയില്ല. അവസാനംവരെ തന്റെ നാടകങ്ങളെ അദ്ദേഹം അഭിനയിച്ചുകൊണ്ടിരുന്നു. 'വാത്മീ

കിപ്രതിഭയിൽ' വാത്മീകിയായിട്ടും, 'ബിഷർജ്ജനിൽ' രഘുപതിയായും, മററും അഭിനയിച്ച് കലാലോകത്തെ വിസ്മയിപ്പിച്ചിട്ടുണ്ട്. അവിസ്മരണീയങ്ങളായ ആ അപൂർവസന്ദർഭങ്ങളിൽ മഹാകവിയുടെ അഭിനയചാതുര്യത്തെ പ്രഖ്യാപനം ചെയ്യുന്ന പല രഹസ്യങ്ങളും സംഭവിച്ചിട്ടുണ്ട്. ഒരിക്കൽ, 'ബിഷർജ്ജനിൽ' ജയസിംഹൻെറ ഭാഗം അഭിനയിക്കുമ്പോൾ, വളരെ ഭാരമേറിയ ഒരു കാളീവിഗ്രഹത്തെ, വികാരപാരവശ്യത്താൽ സ്റ്റേജിൻെറ ഒരു മൂലയിൽനിന്നു മറെറാരു മൂലയിലേക്ക് നിഷ്പ്രയാസം വഹിച്ചുകൊണ്ടുപോയിട്ടുണ്ട്. ഇപ്രകാരം അനപേക്ഷണീയമായ വിവിധവികാരങ്ങളിൽ ലയിച്ച് അഭിനയിക്കാനുള്ള സ്വായത്തമായ പാടവമാണ്, മഹാകവിയെ നാടകനിമ്മാണത്തിൽ ഏററവും വിജയിയാക്കിത്തീത്തിട്ടുള്ളതു്.

അന്യാദൃശങ്ങളായ ആർഷസന്ദേശങ്ങളെ പ്രതിനിധീകരിക്കുന്ന കഥാപാത്രങ്ങളുടെ സൃഷ്ടിയിൽ, ടാഗോർ കാണിച്ചിട്ടുള്ള സാമത്ഥ്യം ഒട്ടും സാധാരണയല്ല. 'ബിഷർജനിൽ' നീചവും, മൃഗീയവുമായ ബലിയെ നിറുത്തൽചെയ്യുന്നതിനു് അതിവയത്നം നടത്തുന്ന രാജാഗോവിന്ദൻേറയും, 'ചണ്ഡാലികയിൽ', സമത്വസാഹോദര്യങ്ങളെ വിളംബരം ചെയ്യുന്ന ബുദ്ധഭിക്ഷുവിൻേറയും, 'വാത്മീകിപ്രതിഭയിൽ' കൊലയും കൊള്ളയും നാമാവശേഷമാക്കാൻ മുതിരുന്ന വാത്മീകിയുടേയും സൃഷ്ടി, കേവലം നിരൂപകന്മാരെപ്പോലും അമ്പരിപ്പിക്കാതിരുന്നിട്ടില്ല. നോവലുകളിലെന്നപോലെതന്നെ നാടകങ്ങളിലും നീചമായ പാത്രങ്ങൾ തീരെ വിരളമാണ്. മഹനീയമായ ആദർശങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന കഥാപാത്രങ്ങളുടെ, ആവിർഭാവംതന്നെയാണു മഹാകവിയുടെ നൃത്തനാടകങ്ങളെ അക്ഷയമായ കീർത്തിസൌധത്തിലേക്കുയത്തിയതു്. അത്യത്ഭുതകരങ്ങളായ സംഭവവികാസങ്ങളോ, ഭയങ്കരമായ ആപത്തുകളോ ഈ കൃതികളിൽ കാണാൻ കഴിയുകയില്ല കൂടാതെ മിക്കവാറും മഹാകവിയുടെ നാടകങ്ങൾ ശുഭാവസാനികളുമാണ്.

ചണ്ഡാലിക

കേരളീയക്കു് ആശാൻെറ ചണ്ഡാലഭിക്ഷുകി സുപരിചിതയാണല്ലോ. ബുദ്ധസംബന്ധമായ ആ സുപ്രസിദ്ധകഥാഭാഗംതന്നേയാണ് ചണ്ഡാലികയുടേയും കഥാവസ്തു. എന്നാൽ, ചണ്ഡാലികയുടേയും, ചണ്ഡാലഭിക്ഷുകിയുടേയും രചനയിൽ, രണ്ടു മഹാകവികളും ഭിന്നമാർഗ്ഗങ്ങളാണു് സ്വീകരിച്ചിട്ടുള്ളതു്. എങ്കിലും, സംഭവങ്ങൾക്ക് ആന്തരികമായ ബന്ധം കാണുന്നുണ്ടു്.

ജാതിക്കോട്ടയുടെ, സങ്കുചിതമായ പരിധികളിൽ കിടന്നു ശ്വാസം മുട്ടുന്ന ഹൈന്ദവധമ്മത്തെ, സമുദ്ധരിക്കുവാൻ അഭിലഷിക്കുന്ന ഒരു ഹൃദയത്തിൽനിന്നും പ്രവഹിച്ച മോഹനമായ ഒരു ഗാനശകലമാണ് ആശാൻെറ ചണ്ഡാലഭിക്ഷുകി. സർവ്വസമുദായസാഹോദര്യത്തിൻെറ ശീതളമായ സന്ദേശമാണ്, ചണ്ഡാലഭിക്ഷുകിയിൽക്കൂടി മഹാകവി നമുക്കു പ്രദാനം ചെയ്യുന്നതു്. ദൈവികമായ ഒരുപദേശത്തിൽപെട്ടു്, അതേ—അലൌകികമായ ഒരു പ്രചോദനത്തിൽപെട്ടു്—കേവലം ഒരു ചണ്ഡാലികയുടെ ആത്മാവു് നിവ്വാണമടയുന്നതായിട്ടാണ് നാം അറിയുക. സമത്വവും, സാഹോദര്യവും തുളുമ്പുന്ന ഭിക്ഷുവര്യൻെറ ദൈവികമായ മൊഴികൾ ചണ്ഡാലഭിക്ഷുകിയുടെ ഹൃദയത്തിൽ, പാവനമായ പ്രേമത്തിൻെറ ബീജോൽപാദനംചെയ്തു. സ്ത്രീസഹജമായ വികാരവിചാരങ്ങൾ, അതിനു് മാററു കൂട്ടി. ഒടുവിൽ ഹീനജാതിയിൽ ജനിച്ച ചണ്ഡാലഭിക്ഷുകി, ഭിക്ഷുവര്യനെ പിൻതുടന്നു പോകുന്നതായിട്ടാണല്ലോ നാം കാണുന്നതു്. എന്നാൽ ആ രംഗത്തിലും, ചണ്ഡാലഭിക്ഷുകിയുടെ ആശ്രമപ്രവേശത്തിൽ ജനങ്ങൾ കുപിതരായി രാജസന്നിധിയിൽ അഭയം പ്രാപിച്ചു് ജാതിവ്യത്യാസത്തെ രേഖപ്പെടുത്തുന്നുണ്ടു്. അവസാനം സവ്വസമുദായസാഹോദര്യത്തിൻെറ നിദർശനസന്ദേശം, ബുദ്ധഭഗവാനിൽനിന്നും ലഭിക്കുന്ന രാജസ്ഥാനം, ഭഗവാൻെറ ആദർശങ്ങളെ ശിരസാവഹിക്കുന്നതായിട്ടാണ് ആശാൻ കാവ്യത്തെ ഉപസംഹരിക്കുന്നതു്. തുച്ഛ

ങ്ങളായ ജാതിവ്യത്യാസങ്ങൾ, പരിപാവന മായ ദൈവികസന്നിധാനത്തിൽ കേവലം നിസ്സാരമാണെന്നാണ് മഹാകവിയുടെ വിശി ഷ്ടമതം.

എന്നാൽ ചണ്ഡാലികയുടെ സൃഷ്ടി, വ്യത്യ മായ ഒരു രീതിയിലാണ്. ഹൃദയാകർഷ കമായ സംഗീതത്തിൽ കോർത്തിണക്കിയ ഒരു നൃത്തനാടകമാണിതു്. കഥാപാത്രങ്ങളെ സംബന്ധിച്ചടത്തോളം ടാഗോർ, മൂലകഥ യോടു ഘടിപ്പിച്ചു് ഭിക്ഷുവായ ആനന്ദനേ യും, മാതംഗിയേയും ചിത്രികരിച്ചിട്ടുണ്ടെങ്കി ലും, മൂന്നാമതായി പ്രധാനമായ ഒരു കഥാ പാത്രത്തെക്കൂടി പ്രദർശിപ്പിച്ചിട്ടുണ്ടു്. ഈ നൂതനപാത്രം, മാതംഗിയുടെ മാതാവായിട്ടാ ണ് രംഗപ്രവേശം ചെയ്യുന്നതു്. ഏതാണ്ടു് കഥയെ നയിച്ചുകൊണ്ടുപോകുന്നതു് ഈ നൂതന കഥാപാത്രമാണു്. ടാഗോർ, ഭിക്ഷു വിൻെറപ്രകൃതത്തിൽ പറയത്തക്കതായ മാററ മൊന്നും വരുത്തിയിട്ടില്ലെങ്കിലും, ചണ്ഡാലി ക, ചണ്ഡാലഭിക്ഷുകിയിൽനിന്നും വളരെ വ്യത്യസ്തിഭവിച്ചിട്ടുണ്ടു്. ചണ്ഡാലികയുടെ മാതാവു്, നാം സാധാരണ കാണാറുള്ള മന്ത്ര വാദിനികളുടെ ഒരു പ്രതിനിധിയാണു്. അ വൾ മകളുടെ അഭീഷ്ടത്തിനുവേണ്ടി തൻെറ സകലവിധമായ ശക്തിയും പ്രയോഗിച്ചു്, കഥാവസാനത്തിൽ യാതൊരു ഗത്യന്തരവുമി ല്ലാതെ മരണമടയുകയാണു ചെയ്യുന്നതു്.

ഭിക്ഷുവര്യൻെറ ദർശനത്താൽ വികാരത്തി ൽലയിച്ചു് ചണ്ഡാലിക മ്ലാനവദനയായി കിണററിനരുകിൽ മാൻപേടയെപ്പോലെ നിൽക്കുകയായിരുന്നു. മാതാവു് ഈ രംഗം കാണുന്നുണ്ടു്. ജിജ്ഞാസുവായി മകളോടു് വിവരങ്ങൾ ചോദിക്കുമ്പോൾ, ചണ്ഡാലിക കഴിഞ്ഞ സംഭവങ്ങൾ ഓരോന്നായി മാതാവി നെ പറഞ്ഞുകേൾപ്പിക്കുന്നതായിട്ടാണു് മഹാ കവി, രംഗമാരംഭിക്കുന്നതു്. ഭഗവാൻ തഥാ ഗതൻെറ ശിഷ്യസത്തമന്മാരിൽ പ്രധാനി യായ ആനന്ദൻ ദാഹപരവശനായി നട ന്നുവരുന്നതും 'തൂമതേടും നൽ പാളകിണററി ലിട്ടോമൽകൈയാൽ കയറുവലിച്ചുടൻ, കോ മളാംഗി നീർ കോരുന്നതും,' ഭിക്ഷുവര്യൻ ജലം യാചിക്കുന്നതും മററും 'ചണ്ഡാലിക യിൽ' ടാഗോർ രംഗത്തിൽ സ്പഷ്ടീകരിച്ചിട്ടു ണ്ടു്. പക്ഷേ, ആ രംഗത്തിൽത്തന്നെ ച ണ്ഡാലിക ജലംകോരി പത്രുക്കിടാവിനെ നനച്ചുകൊണ്ടു നിൽക്കുന്നതായിട്ടാണു് മഹാ കവി ചണ്ഡാലികയെ രംഗത്തിൽ അവതരി പ്പിക്കുന്നതു്.

ദാഹശമനംതീർന്നു് ആനന്ദൻ യാത്രയാ കുന്നു. ചിന്താമഗ്നയായി, ചണ്ഡാലിക കി ണററിനരികിൽ ആരെയോ പ്രതിക്ഷിച്ചിട്ടെ ന്നപോലെ നിൽക്കുകയായിരുന്നു. പുത്രിയെ കാണാതെ, മദ്ധ്യാഹ്നമായപ്പോൾ മാതാവു് പുറത്തുവരുകയും അവളെക്കാണുകയും ചെ യ്യുന്നു. അവളോടു മാതാവു് വിവരങ്ങൾ ചോ ദിക്കുവാനാരംഭിക്കുന്നു. "അമ്മേ! സ്നേഹം പൊഴിയുന്ന അദ്ദേഹത്തിൻെറ മധുരവചന ങ്ങൾ ഇപ്പോഴും എൻെറ ഹൃദയത്തിൻെറ ഉള്ളറകളിൽ മണിനാദംപോലെ മുഴങ്ങുന്നു ണ്ടു്." അവൾ പറഞ്ഞുതുടങ്ങി. "മേഘവൃ ന്ദങ്ങളെ ചണ്ഡാൽ എന്നു വിളിച്ചുകൊള്ളുക. എന്നാൽ അവ പൊഴിയ്ക്കുന്ന ജലം അശുദ്ധ മായതാണെന്നു വരുമോ?" അദ്ദേഹത്തിൻെറ നിരൂപണം അവൾ മാതാവിനെ ധരിപ്പിച്ചു. "സഹോദരി! നാം രണ്ടുപേരും, ഒരേജാതി യിൽതന്നെയാണു് ജനിച്ചതു്. സകല ജലാ ശയങ്ങളിലുമുള്ള ജലം, മനുഷ്യരാശിക്കു ദാഹം തീർപ്പാൻ തക്ക പരിശുദ്ധിയുള്ളതുതന്നെ." വീണ്ടും അവൾ അദ്ദേഹത്തിൻെറ വചനങ്ങ ളെ ആവർത്തിക്കുവാൻ തുടങ്ങി.

"കുഞ്ഞേ! പരിഭ്രമിക്കാതിരിക്കൂ; ജന്മം കൊണ്ടു നാം അടിമകളായിപ്പോയി." ലോക വ്യവഹാരത്തിൽപെട്ടു തഴക്കം സിദ്ധിച്ച മാ താവു്, ചണ്ഡാലികയെ, വികാരത്തിൻെറ അഗാധതയിൽനിന്നും കരകയററുവാൻ ശ്രമി ക്കുന്നുണ്ടു്. യാതൊരു ഗത്യന്തരവുമില്ലെന്നു കണ്ടപ്പോൾ, "യാചനയ്ക്കുവേണ്ടി അന്യരുടെ ഭവനങ്ങളിൽ പോകുന്നസമയം, ഒരു കവിൾ ജലത്തിനുമാത്രംവേണ്ടി, ഇവിടേയ്ക്കു വരു വാൻ ഞാൻ അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണപേക്ഷിച്ചുനോക്കാം" എന്നു മാതാവു് മകളെ സമാശ്വസിപ്പിക്കുവാൻ ശ്രമിക്കുന്നു.

"അതേ, ജലം എൻെറ അന്തരംഗത്തിലു ണ്ടു്. ഞാൻ തീച്ചയായും അതു പ്രദാനം ചെയ്യും.....................ആക്കാണു ജലം കൊടുക്കുക? അതാണു ഞാൻ അദ്ദേഹത്തെ വിളിക്കാൻ കാരണം" വീണ്ടും ചണ്ഡാലിക, ഭിക്ഷുവിൻെറ മൊഴികളെ വിചാരിച്ചു് ഓരോ ന്നു പുലമ്പാൻ തുടങ്ങി.

ഒടുവിൽ മന്ത്രശക്തികൊണ്ടു്, ഭിക്ഷുവി നെ ആകർഷിക്കുവാൻതന്നെ ചണ്ഡാലിക മാതാവിനെ പ്രേരിപ്പിക്കുന്നു. മന്ത്രവാദിനി ആ കൃത്യത്തിനു നിർബന്ധിതയാകുന്നു. പക്ഷേ, ആദ്യം യാതൊരുവിധമായ ഫലവുമുണ്ടായില്ല. ഗത്യന്തരമില്ലാതെ സകലവിധമായ ശക്തിയു പയോഗിക്കാൻ, മകൾ വീണ്ടും നിർബന്ധി ക്കുന്നു! "അദ്ദേഹം വരട്ടെ, എൻെറ മോഹ നമായ മാർവിടം, അദ്ദേഹം വീഴുന്ന സ്ഥല ത്തെ അന്ധകാരത്തെ പ്രകാശിപ്പിക്കും. ക്ഷീ ണപരവശനായി വലഞ്ഞുവരുന്ന ആ ആത്മാ വിനെ എൻെറ ജീവിതസുധ തണുപ്പിച്ചാന ന്ദിപ്പിക്കും." മന്ത്രശക്തികൊണ്ടു് ഒരുപക്ഷേ ഭിക്ഷുവിൽ എന്തെങ്കിലും, ആപത്തുണ്ടാകു മെന്ന സംശയം തട്ടുകയാൽ, അവൾ സ്വയം സമാധാനിക്കുന്നതിനു ശ്രമിക്കുന്നു.

അവസാനം ഭിക്ഷുവിൻെറ ആഗമനസൂച നയുണ്ടാകുന്നു. നീചകൃത്യത്താൽ ഭയചകിത യാകുന്നുണ്ടെങ്കിലും, ചണ്ഡാലികയുടെ ഹൃദയം ആനന്ദംകൊണ്ടു തുള്ളിച്ചാടി. അത്ഭുതപര തന്ത്രയായി, അവൾ ഭിക്ഷുവിനെ സ്വാഗതം ചെയ്യുന്ന മുഹൂത്തത്തിൽ, ശക്തി മുഴുവനും ക്ഷയിച്ച മന്ത്രവാദിനി, "എൻെറ ജീവി തവും, പാപവും അങ്ങയുടെ പാദങ്ങളിൽ അപ്പിക്കുന്നു" എന്നുപറഞ്ഞു മരണമടയുന്നു.

ഒടുവിൽ, ഭിക്ഷുവിൻെറ പരിപാവനമായ സന്നിധാനത്തിൽ അവളുടെ സ്ത്രീസഹജമായ വികാരങ്ങൾ ദൈവികങ്ങളായി മാറുന്നു. അവ ൾക്കുണ്ടായ വ്യക്തിപരമായ സ്നേഹം, സങ്കു ചിതമായ പരിധികളെ അതിലംഘിച്ചു് വി ശ്വവ്യാപകമായി കലാശിക്കുന്നു. ചണ്ഡാ ലിക അവസാനം ബുദ്ധമതഭിക്ഷുണിയായി ത്തീരുന്നതോടുകൂടി ടാഗോർ നാടകത്തെ അവസാനിപ്പിക്കുന്നു. (തുടരും)

---

ജീവിതത്തിൻെറ ഭിക്ഷാപാത്രത്തിലിടുവാൻ മരണത്തിൻെറ പക്കൽ യാതൊന്നുമില്ല; ജീവിതസരിത്തു്, മരണസാഗരത്തിലേയ്ക്കൊഴുകിക്കൊണ്ടിരി ക്കുന്നു!

* * * * *

നിത്യതയിൽനിന്നു് അനിത്യതയിലേയ്ക്കൊന്നെത്തിനോക്കിയിട്ടു്, നീർക്കു മിള, തലവലിച്ചുകളഞ്ഞു!

* * * * *

മൊട്ടിൻെറ അന്ത്യശ്വാസത്തിൽ പുഞ്ചിരിയിടുന്ന പൂവും, പൂവിൻെറ ഹൃദ യത്തിൽ ഒതുങ്ങിയിരുന്നുകൊണ്ടു ശാശ്വതത്വത്തിനുവേണ്ടി തപസ്സുചെയ്യുന്ന ചെടിയും ആരാമത്തിൽ എനിക്കു മാഗ്ഗദശികളത്രേ!

* * * * *

എനിക്കെന്നെത്തന്നെ കാണുവാൻ കഴിയാത്ത ഇരുളിൽ ഞാൻ വെളിച്ച ത്തിൻെറ പേർ വിളിച്ചുറച്ചു നിലവിളിച്ചു. അരുണോദയത്തിൽ ആകാശം വിരിഞ്ഞു. ഇരുൾപ്പുഴമുഴുവൻ ഒഴുകിപ്പോയി പകലാകുന്ന മണൽതിട്ടു്, അധോ മുഖമായി വിടിൻ വിലസുന്ന ആകാശത്തെ ചുംബിക്കുവാനായി മേല്പോട്ടുയന്നു. ഞാൻ വെളിച്ചത്തായി! ഞാനെന്നെക്കണ്ടു. ഇരുൾപ്പാമ്പിൻെറ വായിലകപ്പെട്ട ഒരു തവള!

# മഹാരഥൻ

(വിദ്വാൻ, പൊൻകുന്നം വി. എ. വക്കി.)

അദ്ദേഹം, അനന്യ പരതന്ത്രനാണ്; ആത്മാഭിമാനഗംഭീരനാണ്; ആത്മത്രാണപരായണനാണ്.

ഒരു പരുന്തിനെപ്പോലെ ഉയൎന്നിന്നു ചിലപ്പോൾ ആ അന്വേഷണോൽസുകൻ വിശാലതലത്തെ വീക്ഷിക്കും. അദ്ദേഹം പറയുമ്പോഴാണ്, നാം കാണാഞ്ഞതു പലതും നമുക്കു മനസ്സിലാകുക. ഒരു കുളിർച്ചോലപോലെ ചിലപ്പോൾ അദ്ദേഹം താഴ്വരയിലേക്കു ഇറങ്ങിച്ചെല്ലും; ജിതേന്ദ്രിയനായ താപസോത്തമനെപ്പോലെ ചിലപ്പോൾ ആ വികാരനിർഭരൻ ചിന്താമൂകനാകും. നിഷ്കളങ്കനായ ശിശുവിനെപ്പോലെ ചിലപ്പോൾ പൊട്ടിച്ചിരിക്കുന്നതും കാണാം.

രാത്രിയും പകലും തമ്മിൽ പരവശരായി കൂട്ടിമുട്ടുന്നേടത്തു്; ആകാശവും ഭൂമിയും തമ്മിൽ ചുംബനംചെയ്തു തളരുന്നേടത്തു്; കടലും കരയും തമ്മിൽ കിക്കിളിയിട്ടു നിൽക്കുന്നേടത്തു്; ജീവാത്മാവും പരമാത്മാവും തമ്മിൽ നിവേദനങ്ങൾ സമൎപ്പിച്ചു നിൽക്കുന്നേടത്തു് അദ്ദേഹം സാകൂതം നോക്കിനിൽക്കുന്നതുകാണാം.

താരും തളിരും തഴുകിച്ചെല്ലുന്ന മന്ദമാരുതനോടു് ചിലപ്പോൾ ആ ജിജ്ഞാസു ചോദിക്കാറുണ്ടു്—"കുളിർത്തെന്നലേ, ആരാമത്തിലെ മുകുളങ്ങളുടെ ചുണ്ടിൽ ഭവാൻ ചുംബനം പകൎന്നിന്നപ്പോൾ, ചില്ലിക്കൊമ്പുകളിൽ ഒളിച്ചിരുന്നു പറവച്ചാർത്തും, കരയിൽ കയറിനിന്നു തിരമാലകളും പൊട്ടിച്ചിരിക്കയുണ്ടായല്ലോ; ആ പരിഹാസശീലരോടു ഭവാനു് എന്താണു് സമാധാനം. അങ്ങേയ്ക്കു സ്വാഗതം പറയുവാൻ കാത്തുനിൽക്കുന്ന മനുഷ്യസഹോദരങ്ങളുടെ വീർപ്പുമുട്ടിടം തടവിത്തണുപ്പിക്കുമ്പോൾ, അങ്ങു് ഇന്നു്, അവക്കു നൽകാൻപോകുന്ന സന്ദേശം എന്താണു്?"

അദ്ദേഹം ഒരു ഗായകനാണ്. ആത്മാവിനെ സാക്ഷിനിറുത്തി ജീവിതത്തിന്റെ ഗാനങ്ങൾ ആ മഹാത്മാവു് ഉയൎത്തുന്നു. പ്രപഞ്ചം ഉറങ്ങാതിരിക്കുവാൻ, ആ ഗാനം കൂടിയേതീരു. പ്രാണമരുത്തുപോലെ പ്രപഞ്ചതലത്തിനു് അതു് ആവശ്യമാണു്.

"ഇന്നലെ" കളെ അദ്ദേഹം ബഹുമാനിക്കാറില്ല. അവയുടെ മഹത്വം പ്രസംഗിച്ചുകൊണ്ടിരിക്കുന്ന പാണ്ഡിത്യത്തെപ്പറ്റി അദ്ദേഹത്തിനു് അവജ്ഞയുമുണ്ടു. "ഇന്നു"കൾ കൊണ്ടു് അദ്ദേഹം പശ്ചാത്തലം രചിച്ചു്, "നാളെ"കളുടെ ചിത്രങ്ങൾ അതിൽ പതിക്കുന്നു. ചരിത്രം കണ്ണുകെട്ടുകൂടാതെ നിൽക്കുന്നേടത്തുനിന്നും, ശാസ്ത്രം വായടച്ചു തളൎന്നുനിൽക്കുന്നേടത്തുനിന്നും അദ്ദേഹം തന്റെ ഗാനം ആരംഭിക്കുന്നു.

ആരാലും പിടിച്ചടക്കപ്പെടാതെ, ആരാലും സമുദ്ധരിക്കപ്പെടാതെ, എല്ലാവരെയും പിടിച്ചടക്കുവാൻ, എല്ലാവരെയും സമുദ്ധരിക്കുവാൻ അദ്ദേഹം ജീവിക്കുന്നു;

വികസിക്കുന്നു. ജീവിക്കുന്നതിനെക്കാൾ കൂടുതൽ ജീവിപ്പിക്കുന്നതും, കാണുന്നതിനെക്കാൾ കൂടുതൽ കാണിക്കുന്നതുമാണ്, അദ്ദേഹത്തിന്റെ വിജയം.

ആ മഹാരഥന്റെ ദിവസങ്ങൾക്കു മുമ്പിൽ എത്രയെത്ര രാഷ്ട്രങ്ങൾ സൂര്യനെപ്പോലെ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു; എന്തെന്തു നിയമങ്ങൾ ഉയരുകയും തകരുകയും ചെയ്യുന്നു! സംസ്കാരത്തിന്റെ ടിക്കററിന്മേൽ ശാസ്ത്രം ഉയന്നു മനുഷ്യസമുദായത്തെ മുഴുവൻ ഒററ നാരകീയഗുളികകൊണ്ടു നശിപ്പിക്കാനുള്ള തന്ത്രം ആരായുമ്പോൾ, നിരായുധനായ ആ വിപ്ലവകാരി മാറിയിരുന്നു മന്ദഹസിക്കുന്നു. വിപ്ലവം അദ്ദേഹം ഇഷ്ടപ്പെടുന്നു. വിപ്ലവം കൂടാതെ അദ്ദേഹത്തിനു ജീവിക്കുവാൻ സാധ്യമല്ല. പക്ഷെ, അതു സാമ്രാജ്യാധിപത്യത്തിനായിരിക്കയില്ല. ആറടി മണ്ണു മാത്രം മതിയാകുന്ന മനുഷ്യന്റെ ലോകാധിപത്യവ്യഗ്രത കണ്ടു് അദ്ദേഹം ലജ്ജിക്കയാണു ചെയ്യുക. സാക്ഷാൽ വിപ്ലവങ്ങളെ വിളിച്ചുണത്തിയിട്ടുള്ളതും, അവയെ അഴിച്ചുവിട്ടിട്ടുള്ളതും, അടക്കിനിത്തിയിട്ടുള്ളതും, ആ അജ്ഞാതനായ നിയമകത്താവാണു്. എവിടെ, ആദ്യത്തെ വിപ്ലവം വികസിച്ചു, അവിടെ തീച്ചയായും ആ അഹിംസാതല്പരന്റെ ഈരടികളും വികസിച്ചിരുന്നു.

മനുഷ്യക്കു മരണമുണ്ടു്. എന്നാൽ അദ്ദേഹം മരിക്കുന്നില്ല. മരണം, ആ സൃഷ്ടികത്താവിന്റെ ചരണാരവിന്ദങ്ങളുടെ സന്നിധിയിൽ നാണിച്ചു തലകുനിച്ചു നിൽക്കുന്നു.

ജീവിതത്തെ നോക്കി ചിലപ്പോൾ അദ്ദേഹം പറയാറുണ്ടു്—അതു ശക്തിയേറിയ ഒരു പ്രവാഹമാണു്. പൊക്കമേറിയ ഒരു കൊടുമുടിയാണു്; ചുഴിയുള്ള ഒരു ആഴമാണു്. അതു സ്വർഗ്ഗനരകങ്ങളുടെ മധ്യത്തിലെ ഒരു കടംകഥയല്ല. ജനനമരണങ്ങൾക്കു മധ്യത്തിൽ നിൽക്കുന്ന ഒരു സത്യമാണു്. സുഖദുഃഖങ്ങളുടെ നടുവിലെ ഒരു തുറുപ്പുചീട്ടാണു്. ഗങ്ഗയും, ബ്രഹ്മപുത്രയും പൊട്ടിപ്പുറപ്പെടേണ്ട ഒരു ഹിമവാനാണു്; വെളിച്ചംപോലെ സഞ്ചരിക്കേണ്ട ശക്തിവിശേഷമാണു്. സൗഭാഗ്യം അവസാനിക്കുന്നേടത്താണു, അതു് ആരംഭിക്കുക. ചലനവും വ്യതിയാനവും അതിന്റെ നിത്യലക്ഷണങ്ങളാണു്.

അനീതിയുടെ മുമ്പിൽ ഒരു കൊടുങ്കാററായി ചീറിപ്പാഞ്ഞുവാൻ അദ്ദേഹത്തിന്റെ ആത്മാവു കുതിക്കും; ഒരു കാട്ടുതീയായി ചുററിപ്പടരുവാൻ കൊതിക്കും. അടിമത്തത്തിന്റെ ചങ്ങലകളെ ക്രൗര്യത്തോടും വീറോടുംകൂടി അദ്ദേഹം വെട്ടിപ്പൊട്ടിക്കുന്നു. ദുഷ്ടഭൂതത്തിന്റെ കൊടുമുടികളിൽ ഇടിത്തീയായി ഓടിയെത്തുവാൻ അദ്ദേഹത്തിന്റെ ആത്മാത്ഥത വെമ്പും.

മനുഷ്യാത്മാവിനു വിശ്രമിക്കുവാനുള്ള മന്ദിരവും, ദാഹം തീക്കുവാനുള്ള കുളിരണിത്തടാകവും, നിവേദിക്കുവാനുള്ള പുതുപുഷ്പങ്ങളും, ശ്വസിക്കുവാനുള്ള സ്വാതന്ത്ര്യപൂണ്ണമായ പ്രാണവായുവും, ചിന്തിക്കുവാനുള്ള പ്രശ്നവും, കുന്നുകൾക്കും, പവ്വതങ്ങൾക്കും അപ്പുറത്തുള്ള സമതലത്തിൽ ഒരേടത്തു് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ആ നിർദ്ദേശത്തിനു തെററുണ്ടാകയില്ല; ആ വിശ്വസ്തതയെ ചോദ്യം ചെയ്യുവാൻ സാധിക്കയില്ല; ആ നേതൃത്വത്തെ അവഗണിക്കുവാൻ കഴിയുന്നതല്ല ആളുകൾ അദ്ദേഹത്തെ "കവി" എന്നു വിളിക്കുന്നു. ആ മധുരനാമം കേട്ടു പൂക്കൾ കണ്ണു തുറക്കുന്നു.

# അപേക്ഷ *

(ഗോപിനാഥ്, കാലടി)

നിത്യതാരുണ്യംതാവു-
മമ്മേനീയുണർന്നാലും
നിദ്രയിൽനിന്നും; ശോക-
ഭാവം കൈവെടിഞ്ഞാലും

ധന്യമാംഭവദീയ-
ദിവ്യഗർഭത്തിൽനിന്നും
മന്നിതിൽപിറക്കട്ടേ
നൂതനവിഭൂതികൾ

അന്ധകാരത്തിൽ ബന്ധ-
നസ്ഥരായ്ക്കേഴും രാഷ്ട്ര-
പംക്തികളവിടത്തോ-
ടാശ്രയമഭ്യർത്ഥിപ്പൂ

എഴുന്നേൽക്കുകെന്നമ്മേ
നിദ്രയിൽനിന്നുംക്ഷണം;
നിറവേററീടുകങ്ങേ-
പ്പുത്രർതൻപ്രതീക്ഷകൾ.

ഭാവുകങ്ങളും നവ്യ-
വിജയങ്ങളുമേൽക്കാൻ
ഭാവിയും ഭവതിയെ-
സ്സാദരം ക്ഷണിക്കയാം

ഇമ്മയക്കത്തിൽനിന്നു-
മെന്നമ്മയുണർന്നാവൂ!
മുൻമട്ടായ് സ്വാതന്ത്ര്യത്തിൻ
സാമ്രാജ്ഞിയായ്ത്തീർന്നാവൂ!!

* സരോജിനീദേവിയുടെ ഒരു കവിതയുടെ ആശയാനുവാദം.

# *തൊഴുകൈ

(തൈക്കാട്ടു് ചന്ദ്രശേഖരൻനായർ)

എങ്ങു ഭീതിയെസ്സന്ത്യജിച്ചു മന-
മെങ്ങു മൂർദ്ധാവു പൊക്കിപ്പിടിച്ചിടാം?

എങ്ങു ബുദ്ധിവിഹരിപ്പൂ സ്വച്ഛന്ദ-
മെങ്ങു തീർന്നീല ലോകം വിഭിന്നമായ്?

എങ്ങു സത്യക്കയത്തിൽ നിന്നൊപ്പൊഴു-
മുദ്ഗളിച്ചൊഴുകുന്നു വചസ്സുകൾ?

എങ്ങു കൈകളവിശ്രമമാപ്പരി-
പൂർണ്ണതയിൽ നിരന്തരം നീളുന്നു?

എങ്ങു നിർജ്ജീവ മുൻപതിവാം മരു-
ഭൂവിൽ വീണു വരളാ വിവേചനം?

എങ്ങു ചിത്തത്തെ മുന്നോട്ടടിയ്ക്കൂടി
നീ നയിച്ചു വിശാലത പൂകിപ്പൂ?


അങ്ങുണരണം സ്വാതന്ത്ര്യവിണ്ണിലാ-
യെൻെറഭാരതം സർവ്വ ജഗദ്ഗുരോ!

* ടാഗൂർ കവിതയിൽനിന്നും.

# ബാപ്പുജിയുടെ പ്രാരബ്ധം

(ജി രാമനാഥയ്യർ ബി. എ. എൽ. ററി)

സമയം സായാഹ്നത്തോടു് അടുത്തിരുന്നു. സ്ഥലം മദ്ധ്യഭാരതത്തിലെ ഒരു ഗ്രാമം. സാമാന്യരീതിയിൽ നിർമ്മിക്കപ്പെട്ട ഒരു കുടിൽ. അതിൻെറ തുറന്ന വരാന്തയിൽ ഏകദേശം ഏഴുവയസ്സു് പ്രായമുള്ള ഒരു ബാലികയും അവളുടെ ഇളയസഹോദരനെന്നു കാഴ്ചയിൽ തന്നെ മനസ്സിലാക്കാവുന്ന ഒരു ബാലനും സംഭാഷണം ചെയ്തുകൊണ്ടിരുന്നു. ഗൃഹത്തിനുള്ളിൽനിന്നു് ഒരു ചർക്കയുടെ മർമ്മരധ്വനിയും കേൾക്കാമായിരുന്നു. ഗൃഹവും പരിസരവുമെന്നു മാത്രമല്ല, ആ ഗ്രാമപ്രദേശം മുഴുവനുംതന്നെ ഒരു ദേവാലയത്തിൻെറ ശുചിത്വത്തേയും, പ്രശാന്തതയേയും ദ്യോതിപ്പിച്ചിരുന്നു. ആ സ്ഥലം മുൻപു മലമ്പനിയുടെ ഒരു കേന്ദ്രമായും അവിടത്തെ ജനങ്ങൾ അന്ധവിശ്വാസത്തിൻേറയും, വൃത്തിഹീനതയുടേയും ആരാധകന്മാരായ ദരിദ്രന്മാരായും കുപ്രസിദ്ധി നേടിയിരുന്നു. എന്നാൽ കേവലം മനുഷ്യനായ ഒരു കർമ്മയോഗി അവിടെ താമസം ഉറപ്പിക്കാൻ ഇടയായതുമുതൽ ആ സ്ഥലത്തിൻെറ ആകൃതിയിലും ജനങ്ങളുടെ പ്രകൃതിയിലും ഒരു യുഗാന്തരത്തെ അനുസ്മരിപ്പിക്കുന്ന വ്യത്യാസങ്ങൾ വന്നുകൂടി. ആ സംഭവം സമീപകാലത്തിൽ ഉണ്ടായതാണെങ്കിലും അന്നത്തെ അവസ്ഥകൾ അതിവിദൂരമായ ഒരു ഭൂതകാലസ്മരണമാത്രമായി അവശേഷിച്ചിരിക്കുകയാണു്. ഇത്ര വലുതായ ഒരു പരിവർത്തനമാണു് ആ കർമ്മയോഗിയുടെ സാന്നിദ്ധ്യം ഉളവാക്കിയതു്.



ബാലികാബാലന്മാരുടെ സംഭാഷണം ഒരു വാദപ്രതിവാദത്തിൽ എത്തി.

രാജൻ:—ഇന്നു ഞാനാണു തോട്ടത്തിൽ വെള്ളംകോരുന്നതു്.

മാലതി:—നിനക്കതിനുള്ള ശക്തിയില്ല. അതുകൊണ്ടു ഞാൻതന്നെ വെള്ളം കോരിക്കൊള്ളാം.

രാജൻ: ശക്തി ഉണ്ടോ എന്നു് ഇന്നു ഞാൻ കാണിച്ചുതരാം.

മാലതി:—നീ ഒരു കൊച്ചുകുഞ്ഞല്ലേ?

ഏഴുവയസ്സുള്ള "സ്ത്രീ"യാണു പറയുന്നതു്.

മാലതി:—നിനക്കു് എന്നെപ്പോലെ പ്രായമാകുമ്പോൾ വെള്ളം കോരുകയും മററും ചെയ്യാം. അതുവരെ ഞാനും അമ്മയുംകൂടി വെള്ളം കോരിക്കൊള്ളാം.

രാജൻ:—ഞാൻ അമ്മയോടു പറയും വെള്ളം കോരിത്തരാൻ. എന്നിട്ടു് ഞാൻതന്നെ കൊണ്ടൊഴിക്കും.

അനുജൻെറ സമരപ്രസ്ഥാനം ആ വഴിക്കു തിരിയുകയാണെങ്കിൽ തനിക്കു പരാജയം തന്നെ എന്നു മാലതിക്കു നിശ്ചയമുണ്ടായിരുന്നു. അതുകൊണ്ടു് അവൾ ഒരു നയതന്ത്രപരിവർത്തനംതന്നെ അനുഷ്ഠിച്ചു.

മാലതി:—രാജൻ എൻെറ അനുജനല്ലേ! എന്നിട്ടെന്നോടെന്താ ഇങ്ങനെ മത്സരിക്കുന്നതു്.

രാജൻ:—പിന്നെ എനിക്കുംകൂടി വെള്ളം കോരണ്ടെ.

മാലതി:—നീ കുറേക്കൂടി വലുതാകുമ്പോൾ വെള്ളം കോരാമല്ലൊ.

രാജൻ:—ഞാൻ ഇപ്പോൾതന്നെ വലുതാണല്ലൊ.

മാലതി:—നീ എൻെറ ഇളയ അനുജൻ കുഞ്ഞല്ലേ.

രാജൻ—ഞാൻ എന്നും ജ്യേഷ്ഠത്തിയുടെ ഇളയ അനുജനായിരിക്കുമല്ലൊ. അപ്പോറം പിന്നെ ഞാൻ വലുതായെന്നു ജ്യേഷ്ഠത്തി ഒരിക്കലും പറയുകയില്ലല്ലൊ.

മാലതിക്കു് ഉത്തരംമുട്ടി. ഇമ്മാതിരി സന്ദർഭങ്ങളിലെ പതിവുപോലെ അവളുടെ മുഖമണ്ഡലം കാർമേഘാവൃതമായി. അതിനെത്തുടൎന്നു് ഉണ്ടായേക്കാവുന്ന അശ്രുവൎഷപാതത്തിൽ തൻെറ നിശ്ചയം ദ്രവിച്ചുപോകുമെന്നു രാജൻ ഭയപ്പെട്ടു. അതിനിടയാക്കാതെ ഒരു നയതന്ത്രപരിവൎത്തനത്തെത്തന്നെ അവനും അവലംബിച്ചു.

രാജൻ:—ജ്യേഷ്ഠത്തി വലുതായല്ലൊ. അതുകൊണ്ടു് ഇനിമേൽ അടുക്കളയിലെ ജോലിയിൽ അമ്മയെ സഹായിക്കണം. വെള്ളം കോരുന്നതു ഞാനുമായിക്കൊള്ളാം.

കാർമേഘപടലങ്ങളെ പിളൎന്നുകൊണ്ടു് ഒരു സ്മിതചന്ദ്രിക വിടൎന്നു. മേഘാവരണം വിച്ഛിന്നമായി. ആനന്ദപ്രതീക്ഷയോടെ ഉററുനോക്കിക്കൊണ്ടിരുന്ന ശിശുവദനത്തിൽ ആ മന്ദഹാസചന്ദ്രിക പ്രതിബിംബിച്ചു. പുളകാങ്കുരങ്ങറംകൊണ്ടു മുകുളിതങ്ങളായ മുഖപല്ലവങ്ങറം പരസ്പരം ചാഞ്ഞു. ഒരു ചുംബനം! അങ്ങിനെ ഹൃദയത്തിൻെറ മൂകഭാഷയിൽ കൃതജ്ഞതാപ്രകടനവും നിൎവ്വഹിതമായി. പെട്ടെന്നൊരു സംശയം ഉണ്ടാകകൊണ്ടു് മാലതി ചോദിച്ചു: "അമ്മ സമ്മതിച്ചില്ലെങ്കിലെന്തുചെയ്യും".

ഒരു ക്ഷണനേരത്തേയ്ക്കു് രാജനു് ഒന്നുംതോന്നിയില്ല. എന്നാൽ ഉത്തരക്ഷണത്തിൽ അവൻെറ ബുദ്ധി പുരുഷൻെറ കർമ്മപ്രവണതയോടെ അബലാത്രാണനത്തിനു സന്നദ്ധമായി.

"അമ്മയോടു് ഇപ്പോറം പറയേണ്ടാ. ബാപുജിയോടു് പറയൂ."

മാലതി:—ഇന്നു് ബാപുജിയുടെ വീട്ടിൽ പോകരുതെന്നു് അമ്മ പറഞ്ഞിട്ടുണ്ടല്ലോ. നോക്കൂ അതാ അവിടെവലിയആറംക്കൂട്ടം

രാജൻ:—അതല്ലേ അമ്മയോടു് ആദ്യം പറയേണ്ടെന്നു ഞാൻ പറഞ്ഞതു്. ആറംക്കൂട്ടംകൊണ്ടു് പേടിയാണെങ്കിൽ ഞാൻകൂടിവരാം.

ഏകദേശം ഒരുവിളിപ്പാടു മാത്രം അകലെയായി കാണാമായിരുന്ന ഒരു ജനക്കൂട്ടത്തെയാണു് ഈ സംഭാഷണത്തിൻെറ അവസാനഭാഗത്തിൽ കുട്ടികറം സൂചിപ്പിച്ചതു്. അവർ സഭാഭവനത്തിൻെറ മുൻപിൽ പുതുതായി നിർമ്മിക്കപ്പെട്ടിരുന്ന ഒരു റോഡിൽക്കൂടി ജനക്കൂട്ടത്തിൻെറനേക്കു നടന്നു.

അവിടെ കണ്ടതു് മനുഷ്യസമുദായത്തിൻെറ വിവിധവർഗ്ഗങ്ങളുടേയും ലോകത്തിലെ വിവിധവസ്ത്രധാരണരീതികളുടേയും ഒരുപ്രദൎശനമാണോ എന്നുതോന്നുമാറുള്ള ഒരുകാഴ്ചയായിരുന്നു എന്നല്ലാതെ അസാമാന്യവലിപ്പത്തിലുള്ള ഒരു ജനക്കൂട്ടമായിരുന്നില്ല. അവർ നാലും അഞ്ചും പേർവീതമുള്ള ചെറുസംഘങ്ങളായി അങ്കണത്തിൽത്തന്നെ അങ്ങുമിങ്ങും കൂടിനിന്നുകൊണ്ടോ അഥവാ മണ്ഡപങ്ങളുടെ ആകൃതിയിൽ നിർമ്മിക്കപ്പെട്ടിരുന്ന ഏതാനും കുടിലുകളിൽ കൂടിയിരുന്നുകൊണ്ടോ അമന്ദസ്വരത്തിൽ സംഭാഷണം ചെയ്തുയായിരുന്നു. അവിടെ കൂടിയിരുന്നവരെല്ലാം ഒരദൃശ്യശക്തിയുടെ നിയന്ത്രണത്തിനു വിധേയരായി വൎത്തിച്ചിരുന്നു എന്നു സ്പഷ്ടമായി കാണപ്പെട്ടു.

ആറംക്കൂട്ടത്തിൽനിന്നു് അല്പം അകലെയായി സാമാന്യം വലിപ്പമുള്ള ഒരു കുടിലിലേക്കായിരുന്നു ആ ജനസംഘങ്ങറം ലക്ഷ്യത്തൂന്ദ്രരായിരുന്നതു്. ജനക്കൂട്ടത്തിൽ ഉറംപ്പെടാത്ത ചിലർ ആ കുടിലിൻെറ ചുററും നിന്നുകൊണ്ടു ദ്വാരപാലകന്മാരുടെയും, പ്രാകാരപരിരക്ഷികളുടേയും സ്ഥാനം പുലൎത്തിയിരുന്നു. അവരുടെ അനുവാദംകൂടാതെ കുടിലിൻെറ സമീപത്തേക്കോ അന്തർഭാഗത്തേക്കോ ആൎക്കും തന്നെ പ്രവേശിക്കാമായിരുന്നില്ല. ആരും തന്നെ പ്രവേശിക്കാൻ തുനിഞ്ഞിരുന്നതുമില്ല.

മൺചുവരുകളോടുകൂടിയ ആ കുടിലിനുള്ളിൽ ഒരു പൂമുഖത്തറയിൽ പത്തിരുപതു

പേർ സമ്മേളിച്ചിരുന്നു. അതിൽ അധികം പേർക്കും മദ്ധ്യവയസ്സ് കഴിഞ്ഞിരുന്നതായി കാണപ്പെട്ടു. സുഖസാധനങ്ങളുടെ തിരസ്കരണവും, നിതാന്തമായ കായക്ലേശവുംകൊണ്ടു് അവരുടെ ശരീരങ്ങളുടെ സമ്മോഹനത നഷ്ടപ്പെട്ടിരുന്നു എങ്കിലും, അതിഗഹനമായ ഒരു പ്രശാന്തത അവരെ ആവരണംചെയ്തിരുന്നു. ഇങ്ങനെ ഒരു ഐകരൂപ്യം ആ സഭാതലത്തെ വിശിഷ്ടമാക്കിയിരുന്നു എങ്കിലും അതിലെ അംഗങ്ങളുടെ വ്യക്തിവൈശിഷ്ട്യങ്ങൾ ഗുപ്തങ്ങളായിരുന്നില്ല. ഇരുണ്ടനിറം, നരച്ചു തുടങ്ങിയിരിക്കുന്ന കേശമീശകൾ, സാമാന്യമായ ഉയരവും ശരീരദാർഢ്യവും, പ്രതിയോഗിഗജങ്ങളെ ഭയചകിതന്മാരാക്കുന്ന മൃഗരാജന്റെ നേത്രങ്ങൾ, ആവശ്യമെന്നു തോന്നുന്നപക്ഷം ഗുരുവരന്റെ കല്പനാനുവാദംമാത്രമുണ്ടെങ്കിൽ പ്രതിരോധിസഹസ്രങ്ങളെ നിർദ്ദാക്ഷിണ്യമായി ഭസ്മീകരിക്കാനുള്ള സന്നദ്ധതയെ ദ്യോതിപ്പിക്കുന്ന നിശ്ചഞ്ചലത—അദ്ദേഹം ഒരു പശ്ചിമപ്രാന്തത്തിലെ യഥാർത്ഥ സമ്രാട്ടതന്നെയാണു്. നീണ്ടുമെലിഞ്ഞു് ഇരുണ്ട ശരീരത്തോടും സദാ കൃപാർദ്രസ്മേരം പൊഴിച്ചുകൊണ്ടിരിക്കുന്ന കണ്ണുകളോടുംകൂടിയ ആ ശാക്യമുനിതുല്യൻ പൂർവ്വോത്തരദിങ്മുഖത്തിൽ നിന്നു വന്നുചേർന്നയാളാണു്. പശ്ചിമോത്തരമേഖലയിൽനിന്നു സമാഗതനായിരിക്കുന്ന ഒരു ഭീമകായന്റെ ബാഹുമുസലങ്ങൾ പ്രതിരോധംകൊണ്ടല്ലാതെ ആക്രമണംകൊണ്ടു ദണ്ഡകർമ്മത്തിന്റെ രുചി അറിഞ്ഞിട്ടില്ല. എന്നുമാത്രമല്ല ദുഷ്ടന്മാരുടെ നിചകൃത്യങ്ങൾ പരോപകാരാർത്ഥമായുള്ള ധർമ്മാനുഷ്ഠാനത്തെ വിഘാതപ്പെടുത്താതിരിക്കുന്നതിനുമാത്രം ഉപയുക്തമാകുന്ന പ്രതിരോധസജ്ജകളാണു് ആ അവയവങ്ങൾ. സഭാനടപടികളിൽ സജീവമായി പങ്കുകൊണ്ടിരുന്ന ഒരു സുമുഖൻ പ്രഥമവീക്ഷണത്തിൽതന്നെ ബഹുമണ്ഡലാധിപന്മാരുടെ ഭരണപാടവം പരമ്പരാഗതമായുള്ള ഒരു ഉൽകൃഷ്ടകുലത്തിലെ വത്സലസന്താനമെന്നു് ആർക്കും നിഷ്പ്രയാസം ദർശനംചെയ്യാം. അങ്ങനെയുള്ള കുലീനതയും, അനുഭവംകൊണ്ടും ആലോചനകൊണ്ടും ലോകപര്യടനംകൊണ്ടും സമാർജ്ജിച്ചിട്ടുള്ള രാഷ്ട്രീയവിജ്ഞാനത്തിന്റെ ഫലപ്രദമായ പ്രയോഗത്തിനു് ത്രിലോകസാമ്രാജ്യത്തിന്റെ വിസ്തൃതിയും അധികമായിപോകാത്ത കർമ്മകുശലതവും വേണ്ടുവോളം പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം ആദർശങ്ങളുടെ ഔന്നത്യത്തിലും, പ്രവർത്തനപരിപാടിയിലേയ്ക്കുവേണ്ട കാര്യക്ഷമതയിലും തന്റെ സഹപ്രവർത്തകന്മാർ തന്നോളം എത്താത്തതിനെപ്പററി സദാ അക്ഷമനായി വർത്തിക്കുന്നു. അദ്ദേഹമാണു് ആ സമിതിയിലെ 'കുസൃതിക്കുട്ടൻ.' അഥവാ ഒരാൾ ഒഴിച്ചു വേറെ ആരേയും അനുസരിക്കാതെ ചിന്താവനത്തിലെ സിംഹകിശോരങ്ങളുമായി നിർഭയം വിഹരിക്കുന്ന ഭരതരാജകുമാരൻ. ആ സമിതിയിലെ ഓരോ വ്യക്തിയേയുംപററി ഇതുപോലുള്ള സംക്ഷിപ്തവിവരണങ്ങൾപോലും ഈ ചെറുകഥാകായത്തെ അനാവശ്യമായി വിപ്പിക്കുന്നതാണു്.

ഇങ്ങനെ അഷ്ടദിക്പാലന്മാരുടെ സംയോഗമഹിമയെ സ്ഫുരിപ്പിക്കുന്ന ഈ സമ്മേളനത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിക്കുന്നതു് അർദ്ധശതാബ്ദത്തോളംകാലം വ്യഗ്രമായ ആത്മീയചിന്തയിൽ ബുദ്ധീന്ദ്രിയത്തെ ക്ലേശിപ്പിച്ചു് മാതൃഭൂമിയുടെ ഐക്യവും സ്വാതന്ത്ര്യവും എന്നുള്ള ആദർശത്തിൽ എത്തിച്ചേർന്നിരിക്കുന്ന ഒരു അപൂർവ്വാവധൂതനാണു്.

സമ്മേളനത്തിൽ പങ്കെടുത്തിരുന്ന ഓരോ വ്യക്തിയും അനേകകോടി ജനങ്ങളുടെ ആരാധനാമൂർത്തിയായി സാമ്രാജ്യങ്ങൾക്കു വിലപോരുന്ന മഹത്വമാർന്നിരുന്നു എങ്കിലും അവരെല്ലാവരും, 'കുസൃതിക്കുട്ടനായ' ഭരതരാജകുമാരൻ പോലും ഭയഭക്ത്യാദരങ്ങളോടെ നോക്കിക്കൊണ്ടിരുന്നതു് അദ്ധ്യക്ഷപീഠത്തിനടുത്തിരുന്നു് ബുദ്ധീന്ദ്രിയത്തെ സഭാനടപടികളിലും കരനേത്രങ്ങളെ ഒരു 'തക്ലി'യിലും വ്യാപരിപ്പിച്ചുകൊണ്ടിരുന്ന മെലിഞ്ഞ ഹ്രസ്വകായനായ ഒരു വയോവൃദ്ധനെയായിരുന്നു. ശരീരം വാർദ്ധക്യംകൊണ്ടും ദീർഘകാലക്ലേശംകൊണ്ടും ദുർബലമായിരുന്നു. മുഖത്തു കളിയാടിക്കൊണ്ടിരുന്നതു് ശിശുക്കളിൽ കാണുന്ന നിഷ്കാപട്യമാണു്. എന്നാൽ ഇതിഹാസകാലങ്ങളെ അനുസ്മരി

പ്പിക്കുന്ന മഹാരഥന്മാരായ ആ സഭാംഗങ്ങളെ അദ്ദേഹം കേവലം ആജ്ഞാകരന്മാരാക്കിത്തീർത്തിരുന്നതിന്റെ രഹസ്യം എന്താണ്? അതു് ആരും കണ്ടിട്ടില്ലാത്തവൻ ചിലപ്പോൾ ആ വൃദ്ധനേത്രങ്ങളിൽക്കൂടി തുറിച്ചുനോക്കാറുണ്ടായിരുന്നതുതന്നെയാണു്. അദ്ദേഹത്തിന്റെ കടിപ്രദേശത്തെ വലയംചെയ്തിരുന്ന സാമാന്യ വസ്ത്രം മുട്ടോളംമാത്രമേ അതിന്റെ കൃത്യം നിർവ്വഹിച്ചിരുന്നുള്ളു. അതുകൊണ്ടു് ശിരോവക്ഷസ്സുകളും പാദങ്ങളും നഗ്നങ്ങളായിത്തന്നെ കാണപ്പെട്ടു. സഭാംഗങ്ങളിൽ ചിലർ 'ബാപുജി' എന്നും, മററുചിലർ 'മഹാത്മജി' എന്നും കൂടക്കൂടെ അദ്ദേഹത്തെ അഭിസംബോധനം ചെയ്തിരുന്നതല്ലാതെ, അദ്ദേഹത്തിന്റെ നാമോച്ചാരണം ആരിൽനിന്നും കേൾക്കാമായിരുന്നില്ല. അഭിപ്രായപ്രകടനങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കേതന്നെ, ഇടയ്ക്കിടയ്ക്കു നൂൽചക്രത്തിന്റെ ഭ്രമണം നിർത്തിയിട്ടു് അദ്ദേഹം ചില ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തിരുന്നു.

ആ മൺകുടിലിലെ ആലോചനയ്ക്കു വിഷയമായിരുന്നതു് അനേകകോടി ജനങ്ങളേയും ബഹുസാമ്രാജ്യങ്ങളെയും ബാധിക്കുന്ന കാര്യങ്ങളായിരുന്നു. യുദ്ധം ജനസമൂഹങ്ങളെ ദുരിതഗർത്തങ്ങളിലേയ്ക്കു ആഴ്ത്തുവാൻമാത്രം പര്യാപ്തമാകുന്നതും ഭൂമുഖത്തിൽനിന്നു് നിഷ്കാസനം ചെയ്യപ്പെടേണ്ടതും ആയ ഒരു പ്രസ്ഥാനമാണെന്നുള്ള അഭിപ്രായത്തോടു് സമ്പൂർണ്ണമായ ആനുകൂല്യമാണു് അവിടെ കാണുമാറായതു്. എന്നാൽ മണ്ഡലാധീശന്മാരുടെയും, സാമ്രാജ്യപ്രഭുക്കളുടെയും,രാജ്യമോഹോഷ്മാവും ധനതൃഷ്ണയുംനിമിത്തം മനുഷ്യസമുദായത്തിന്റെ നിപാതം അതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളെസംബന്ധിച്ചു് മൌലികമായ അഭിപ്രായവ്യത്യാസം പ്രത്യക്ഷപ്പെട്ടിരുന്നു. ക്രൂരായുധങ്ങൾകൊണ്ടു നിർവ്വഹിക്കപ്പെടുന്ന ദൌഷ്ട്യത്തെ അമർത്തുന്നതിനു് ക്രൂരായുധങ്ങൾതന്നെ ഉപയോഗിക്കേണ്ടതാണെന്നു് ഒരുപക്ഷവും നേരേമറിച്ചു് ക്രൂരായുധങ്ങളെ അസ്തശക്തങ്ങളാക്കുന്ന അഹിംസാവ്രതമാണു് അനുഷ്ഠേയമെന്നു് മറെറാരുപക്ഷവും വാദിച്ചിരുന്നു. ഈ വാദഗതി അതിന്റെ പ്രാധാന്യമനുസരിച്ചുതന്നെ ക്രമേണ തീക്ഷ്ണമായി വന്നിരുന്നു. അതിനെപ്പററിയുള്ള തീരുമാനം അറിയുവാൻ ലോകം മുഴുവനും തീവ്രമായ ഉൽക്കണ്ഠയോടു് കാത്തിരുന്നു എന്നുള്ളതു് ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും ആ കുടിലിൽ എത്തിച്ചേർന്നിരുന്ന പത്രപ്രതിനിധികളുടെ സാന്നിദ്ധ്യംസ്പഷ്ടമാക്കിയിരുന്നു. എന്തെന്നാൽ ആ തീരുമാനം നാല്പതുകോടിജനങ്ങളുടെ തീരുമാനമാണെന്നു് ലോകം ഗ്രഹിച്ചിരുന്നു. അതുകൊണ്ടു് കോടിക്കണക്കിനുള്ളജനസമൂഹങ്ങളുടെ ഭാഗധേയവും കിരീടധാരികൾ, ഭരണമേധാവികൾ, സേനാനായകന്മാർ, വ്യവസായസമ്രാട്ടുകൾ മുതലായവരുടെ അനന്തരപരിപാടികളും ആ മൺകുടിലിൽവച്ചു് ഉണ്ടാകാവുന്ന നിശ്ചയത്തെ ആശ്രയിച്ചിരുന്നു. പർവ്വതങ്ങളെ നിരത്തുകളാക്കാൻ പോരുന്ന ഭീമാകൃതികളായ വെടിമരുന്നുകോട്ടകളും സാമാന്യജനങ്ങളുടെ സങ്കല്പഗരിമയേയും അതിശയിക്കുന്ന നിശിതായുധസംഭാരങ്ങളോടെ സജ്ജമാക്കപ്പെട്ടിരുന്ന സേനാവ്യൂഹങ്ങളും മഹാസമുദ്രങ്ങളിൽ പാലാഴിമഥനം അഭിനവമായി അനുവർത്തിക്കാൻ തയ്യാറായി കാത്തുനില്ക്കുന്ന നൌകാസഞ്ചയങ്ങളും ജയദ്രഥവധം സാധിക്കുന്നതിനു് പാർത്ഥസാരഥിയായ ഭഗവാൻ അനുഷ്ഠിച്ച സൂര്യമണ്ഡലാച്ഛാദനം കലികാലത്തിലും ആവർത്തിക്കുവാൻ രണ്ടു ഭൂഖണ്ഡങ്ങളിലെ വ്യവസായശാലകൾ അനുനിമിഷം വമിച്ചുകൊണ്ടിരുന്ന വിമാനപംക്തികളും അക്ഷമരായി ആ മൺകുടിലിലെ തീരുമാനം അറിയുവാൻ കാത്തിരുന്നു.

സഭാംഗങ്ങളുടെ വാദപ്രതിവാദം സ്വയമേവ ഒരു തീരുമാനത്തിൽ എത്തിച്ചേരുന്ന ലക്ഷണം കണ്ടില്ല. എല്ലാവരുടേയും അക്ഷികൾ ഏകവസ്ത്രധാരിയായ വൃദ്ധനിലേയ്ക്കു ചാഞ്ഞു. അവസാനതീരുമാനത്തിലേയ്ക്കുനയിക്കുവാനുള്ള ദർശനസ്ഫുടത ശിശുതുല്യനായ ആ വയോവൃദ്ധനു മാത്രമേ സിദ്ധിച്ചിരുന്നുള്ളു എന്നു് ആ മഹാരഥന്മാർ മൌനം അവലംബിച്ചു സമ്മതിച്ചു. വൃദ്ധന്റെ കരനേത്രങ്ങൾ അവയുടെ വ്യാപാരത്തിൽനിന്നു വിരമിച്ചു. നൂൽചക്രത്തിന്റെ ഭ്രമണംനിലച്ചു. സഹപ്ര

വർത്തകന്മാരുടെ അഭിലാഷാനുസാരം സ്വാഭിപ്രായപ്രകടനത്തിനു് അദ്ദേഹം മുതിൎന്നു. ആ ഹൃദയത്തിൽനിന്നു് നിർഗ്ഗളിതങ്ങളാകുന്ന വാങ്മൌക്തികങ്ങളെ ഗ്രഹിക്കുന്നതിനു് ആ സഭാവേദി നിശ്ശേഷ്ടമായി.

"ബാപ്പുജീ" എന്നൊരു ശൈശവാക്രോശം അതിന്റെ അപ്രതീക്ഷിതത്വംകൊണ്ടു് ആ രംഗത്തിനു് യവനികചാർത്തി.

രാജന്റെ മുന്നകമ്പടിയോടുകൂടി വീട്ടിൽ നിന്നുതിരിച്ച മാലതി ബാപ്പുജിയുടെ കുടിലിനു സമീപം എത്തിയപ്പോൾ തങ്ങൾ മാതാവിന്റെ ആജ്ഞയെ ധിക്കരിക്കുകയല്ലേ എന്നു് അവൾക്കു് സംശയമുണ്ടായി. എന്നാൽ രാജനു യാതൊരു കൂസലും ഉണ്ടായിരുന്നില്ല. എന്തുകൊണ്ടെന്നാൽ ബാപ്പുജിയുടെ സന്നിധാനം എപ്പോഴെങ്കിലും തങ്ങൾക്കു അപ്രവേശ്യമായിരിക്കുമെന്നു് വിചാരിക്കാൻ അവൻ തയാറല്ലായിരുന്നു. അതുകൊണ്ടു് മാതാവിന്റെ ആജ്ഞ ബാപ്പുജി അറിഞ്ഞിട്ടുണ്ടായിരിക്കുകയില്ല. അറിഞ്ഞാൽ ഉത്തരക്ഷണത്തിൽ അതു പിൻവലിക്കപ്പെട്ടുമെന്നും അവനു് നിശ്ചയമുണ്ടായിരുന്നു. ഈ വസ്തുതകൾ അവൻ സഹോദരിയെ ഗ്രഹിപ്പിച്ചു് ധൈര്യപ്പെടുത്തി. അവർ ദ്വാരപ്രദേശം തരണംചെയ്തു് കുടിലിലേക്കു് നീങ്ങിത്തുടങ്ങിയപ്പോൾ അവിടെ കൂടിയിരുന്ന ജനങ്ങൾക്കു് ആശ്ചര്യമുണ്ടായി. ആ ഭവനനാഥന്റെ നിയമങ്ങൾ സുപരിചിതങ്ങളാകകൊണ്ടു് പരിരക്ഷിജനങ്ങളാരും തന്നെ ആ ശിശുക്കളുടെ മാർഗ്ഗനിരോധം ചെയ്യുകയോ ആഗമനകാരണം അന്വേഷിക്കുകയോ ചെയ്തില്ല. ക്രമേണ അവർ ഭവനദ്വാരത്തിൽ എത്തി അകത്തോട്ടു നോക്കിയപ്പോൾ അവിടെ കൂടിയിരുന്നവരെല്ലാം മൌനാവലംബികളായിക്കണ്ടു. അതുകൊണ്ടു് മാലതി ധൈര്യം സംഭരിച്ചു് തനിക്കു് സുപരിചിതനായ വൃദ്ധനെ വിളിച്ചു് തങ്ങളുടെ ആഗമനവൃത്താന്തത്തെ അറിയിക്കയാണുണ്ടായതു്.

വൃദ്ധൻ തന്റെ തൽക്കാലസ്ഥിതിയേയും ആ സഭയുടെ അപ്പോഴത്തെ ഗൗരവത്തേയും പാടേ വിസ്മരിച്ചു് ഒരു മന്ദഹാസത്തോടെ ആ ബാലികാബാലന്മാരെ സ്വാഗതംചെയ്തു. അദ്ദേഹത്തിന്റെ ശൈശവലീലകൾ കണ്ടറിഞ്ഞിരുന്ന ആ ജനകീയനേതാക്കന്മാരും ആശ്ചര്യലേശം കൂടാതെ ആ സമാഗമത്തിന്റെ അനന്തരരംഗങ്ങളെ സഹർഷം നോക്കിക്കൊണ്ടിരുന്നു. രാജനും മാലതിയും നിസ്സങ്കോചം ബാപ്പുജിയുടെ സമീപം എത്തി ഇരുപാർശ്വങ്ങളിലും ഇരുപ്പുറപ്പിച്ചു.

മാലതി.—ബാപ്പുജീ, ഇന്നു് ഇവിടെ വരാൻ പാടില്ലെന്നു് അമ്മ പറഞ്ഞു. അമ്മ അറിയാതെയാണു ഞങ്ങൾ വന്നതു്. ഞങ്ങൾക്കു് ഇന്നു് ഇവിടെ വരാൻ പാടില്ലേ?

ബാപ്പുജി:—എന്തു്? ഇവിടെ വരാൻ പാടില്ലെന്നോ? അങ്ങനെ പറയാൻ ആൎക്കാണവകാശം. അമ്മ ശാസിക്കുകയാണെങ്കിൽ പറയണം, ബാപ്പുജിയുടെ അടുക്കൽ പോകരുതെന്നുപറഞ്ഞാൽ ബാപ്പുജിയേപ്പോലെതന്നെ അനുസരണക്കേടു കാണിക്കുമെന്നു്.

മാതാവിൽനിന്നു ശാസനയുണ്ടാകുമെന്നുള്ള ഭയം ഇങ്ങനെയുള്ള ആശ്വാസവചനങ്ങൾ കൊണ്ടു ദൂരീകരിച്ചതിനുശേഷം അവരുമായി അദ്ദേഹം നർമ്മസല്ലാപം ആരംഭിച്ചു.

തോട്ടത്തിൽ ജലസേചനംചെയ്യുന്നതിനുള്ള അവകാശത്തേപ്പററിയുണ്ടായ വിവാദത്തേയും ഒടുവിൽ രാജൻ നിർദ്ദേശിച്ച മദ്ധ്യസ്ഥതീരുമാനത്തേയും അവർ രണ്ടുപേരുംകൂടി അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി

ആ മദ്ധ്യസ്ഥതീരുമാനത്തിനു മാതാവിന്റെ അംഗീകാരം സിദ്ധിക്കേണ്ടതിനു ബാപ്പുജി തങ്ങളോടുകൂടിവന്നു ശുപാർശചെയ്യണമെന്നായിരുന്നു അവരുടെ അപേക്ഷ.

ബാപ്പുജി എഴുന്നേററു മാലതിയുടെ ഗൃഹത്തിലെ തോട്ടത്തിൽ നട്ടുവളത്തിയിരുന്ന ഏതാനും ചെടികൾക്കു ജലസേചനംചെയ്യുന്ന

തിന്ന് അവൾക്കു സിദ്ധിച്ചിരുന്ന അധികാരത്തിന്മേൽ രാജൻ പുറപ്പെടുവിച്ചിരിക്കുന്ന അവകാശവാദം തീരുമാനിക്കുന്നതിന്ന്, ഭൂഖണ്ഡങ്ങളോളം വിസ്തൃതിയാണ്ടിരുന്ന സാമ്രാജ്യങ്ങളുടെ പരസ്പരാക്രമണങ്ങൾ ഉളവാക്കിയിരിക്കുന്ന ദുസ്ഥിതിയുടെ പരിഹാരമാർഗ്ഗങ്ങളെപ്പററിയുള്ള ആലോചനകൾ വഴിമാറിക്കൊടുക്കട്ടെ. മാലതി ഉപേക്ഷിക്കേണ്ടിവരുന്ന അവകാശത്തിന്നപകരം അതിനേക്കാൾ അഭികാമ്യമായ ഒരു അവകാശത്തിൻെറ ദാനംകൊണ്ടു് അവളെ അനുഗ്രഹിക്കണമെന്ന മദ്ധ്യവയസ്കയും കർഷകകുലജാതയുമായ ഒരു തരുണിയോടു് അപേക്ഷിക്കുന്നതിന്ന്, ലോകത്തെ ഗ്രസിച്ചിരിക്കുന്ന മഹാവിപത്തിനെ ഉച്ചാടനംചെയ്തു മനുഷ്യസമുദായത്തിൻെറ ചരിത്രത്തിൽ ഒരു നവയുഗത്തെ ജനിപ്പിക്കുവാനുള്ള യത്നങ്ങൾക്കു് അനേകകോടി ജനങ്ങളെ സമർത്ഥന്മാരാക്കത്തക്കവണ്ണമുള്ള സ്വാതന്ത്ര്യം സമ്പ്രാപ്തമാകുന്നതിന്ന് അവലംബിക്കേണ്ടതായ മാർഗ്ഗങ്ങളെപ്പററിയുള്ള ആലോചനകൾ നിങ്ങിനിൽക്കട്ടെ. മാലതിയും രാജനും തമ്മിലുള്ള തക്കവും അവരുടെ അപേക്ഷയും ഒരു അടിയന്തിരാവസ്ഥയെ സഞ്ജാതമാക്കിയിരിക്കുന്നതിനാൽ സംഭാനടപടികൾ തൽക്കാലം നിത്തിവെക്കണമെന്നും തൻെറ ആരോഗ്യത്തിനുവേണ്ടി പതിവായി നടത്തിവരാറുള്ള സായാഹ്നപയ്യടനം അന്നു് അല്പം നേരത്തേ തുടങ്ങിക്കളയാം എന്നും വിധിച്ചുകൊണ്ടു് അദ്ദേഹം ബാലികാബാലന്മാരുടെ സഹചരണത്തോടെ ബഹിർഗ്ഗമനംചെയ്തു.

ജനക്കൂട്ടത്തിൻെറ അലസഭാവം പെട്ടെന്നു നീങ്ങി ഓരോരുത്തരും ബാപുജിയോടു് അടുത്തുതുടങ്ങി.

ഒരു സുപ്രസിദ്ധ ലണ്ടൻ പത്രത്തിൻെറ പ്രതിനിധി:—എൻെറ പത്രത്തിന്ന് അയച്ചുകൊടുക്കുവാൻ ദയവുചെയ്തു് ഒരു പ്രസ്താവന നൽകുമോ.

ബാപുജി:—(മന്ദസ്മേരവദനനായി) മാലതിയുടെ അവകാശങ്ങളിൽ രാജൻ കൈകടത്താൻനോക്കുന്നു. ഞാൻ അതു തീരുമാനിക്കാൻപോകയാണു്.

താൻ അധിക്ഷിപ്തനായെന്നുള്ള വിചാരത്താൽ ആ ഇംഗ്ലീഷുകാരൻെറ കണ്ണുകൾ ചുവന്നു.

മററൊരാൾ:—(അദ്ദേഹം ന്യൂയാർക്കിലെ ഒരു ന്യൂസ്ഏജൻസിയുടെ പ്രതിനിധിയാണു്) അമേരിക്കൻ ഐക്യനാടുകൾ അവിടത്തെ നിശ്ചയങ്ങൾ അറിയാൻ കാത്തിരിക്കുന്നു.

ബാപുജി:—(ഗൌരവഭാവത്തിൽ) രാജൻെറ മദ്ധ്യസ്ഥതീരുമാനം അംഗീകരിക്കണമെന്നു ഞാൻ ഇന്ദിരാവതിയോടു് അപേക്ഷിക്കുവാൻ പോകുന്നു. മടങ്ങുമ്പോൾ ഫലം അറിയിക്കാം.

ചിത്തഭ്രമത്തിൻെറ ലക്ഷണങ്ങൾ എന്തെല്ലാമായിരിക്കുമെന്നു് ആലോചിച്ചുകൊണ്ടു് ആ പത്രപ്രതിനിധിയുടെ നേത്രങ്ങൾ വികസിച്ചു.

ഒരു ചീനപ്രതിനിധി:—പ്രവത്തകസമിതി ഇനിയും എപ്പോൾ സമ്മേളിക്കുമെന്നു ദയവുചെയ്തു് അറിയിക്കുമോ.

ബാപുജി:—പ്രസിഡൻറിനോടു ചോദിക്കുക.

ദക്ഷിണഭാരതീയനായ ഒരു കറുത്ത മനുഷ്യൻ:—ദയവുചെയ്തു് ഇന്നത്തെ സന്ധ്യാപ്രാത്ഥനയിൽ ഞങ്ങളെക്കൂടി പങ്കുകൊള്ളാൻ അനുവദിക്കണേ.

ബാപുജി:—ഓഹോ. എനിക്കു സന്തോഷം തന്നെ

അയാൾ:—പ്രാർത്ഥനയ്ക്കുശേഷം ഞങ്ങൾ പ്രസാദത്തിനായി കൈനീട്ടുമ്പോൾ ഞങ്ങളെ വെറുക്കയില്ലെന്നു വിശ്വസിക്കട്ടെയോ.

ബാപുജി:—(പൊട്ടിച്ചിരിച്ചുകൊണ്ടു്) അതാ, നിങ്ങളുടെ വലയിൽ ഞാൻ പിന്നെയും വീണു.

അയാൾ തൊഴുതു വിടവാങ്ങി. ബാപുജി തിരിഞ്ഞുനിന്നു പറഞ്ഞു:—“നിങ്ങൾ ഒരുകാര്യംകൂടി ചെയ്യണം. വിദൂരദേശങ്ങളിൽനിന്നു നമ്മുടെ അതിഥികളായി എത്തിയിരിക്കുന്ന മാന്യരോടു് എൻെറ ക്ഷമാപേക്ഷകൾ എനിക്കുവേണ്ടി സമപ്പിക്കുക.”

# അജ്ഞാതൻ

(എൻ. ഗോപാലൻനായർ ബി. എ. ബി., എൽ)

താണു, താണിയിരുൾകോണിൽകിടക്കുന്ന
ഞാനൊരു മൺതരിമാത്രമല്ലേ!
ഇല്ല, മിനുക്കവും ഭംഗിയു, മെന്നാലെ-
ന്നുള്ളിലുമാശകൾ പൂത്തിരുന്നു.
വിശ്വത്തെയൊക്കെയുമെന്നിലൊതുക്കുവാ-
നസ്വസ്ഥമായിരുന്നെൻ ഹൃദയം...

എണ്ണമില്ലാത്തപൊൻപൂക്കളിങ്ങെത്രമേ-
ലല്ലണിക്കുന്തലിൽ ചാർത്തിയാലും,
ഇല്ലനിശീഥിനി,ക്കർക്കബിംബത്തെയുൾ-
ക്കൊള്ളുമഹസ്സിൻെറ ദീപ്തിയേതും!
ക്ഷുദ്രനാണെങ്കിലും, കണ്ണുള്ളോരെന്നാത്മ-
ശുദ്ധിയിൽ മേന്മകൾ കണ്ടിരിക്കാം...

തള്ളിക്കയറും തിരകളാലുള്ളിലെ
ഭള്ളുവേലം വെളിപ്പെടുത്തി,
സർവ്വവുംതന്നിലടക്കുവാൻപോരുന്ന
ഗർവ്വത്തിലാഴിയിരമ്പിടുമ്പോൾ,
താഴ്വരത്തോപ്പിലെച്ചെന്തളിർച്ചില്ലയിൽ
ത്തൂമകലർന്നുവിടർന്നപുഷ്പം
കേവലം തന്നാത്മസൗരഭംതൂകിയീ-
ഭൂവിൻെറചിത്തം കവർന്നുവല്ലോ!

എത്രയോ കാലമായ്ശിലാശൈലങ്ങൾ
ഉഗ്രതപസ്സിലുറച്ചുനിൽക്കേ,
പുൽക്കൊടിത്തുമ്പിലുഷസ്സിൻെറചുംബന-
മുദ്രപോൽ മിന്നിയ മഞ്ഞുതുള്ളി
പൂമുകിൽഖണ്ഡമായ്പൊങ്ങിയാവിണ്ണിലും-
വാർമഴവില്ലൊളി ചാർത്തിയല്ലോ!
ഞാനു,മെൻകാഠിന്യം കൈവിട്ടൊരുസ്നേഹ-
ഗായകനായിച്ചമഞ്ഞുമന്നിൽ.
എന്തൊരുചാപല്യം; ചൊല്ലിടാ;മെൻസ്നേഹ-
ബന്ധമീഭൂവിനോടൊന്നുമാത്രം!

മൽപ്രാണവായു കലർന്നഗാനങ്ങളീ-
വിശ്വത്തിൻഹൃത്തിലലച്ചിടുമ്പോൾ
അജ്ഞാതനാമെന്നെയോർത്തതിൻകണ്ണിലൊ-
രശ്രുകണിക തുളുമ്പിനിൽക്കാം...!

---

ജീവിതംകൊടുത്ത മൂടുപടവുമണിഞ്ഞു്, ജീവികളെ അനുഗ്രഹിക്കുവാനണയുന്ന മരണമത്രേ നിദ്ര. അതിൻെറ മടിത്തട്ടിൽ തലചായ്ക്കാൻ കൊതിക്കുമ്പോഴും മനുഷ്യൻ മരണത്തെ പഴിക്കുന്നു!

* * * * *

അനന്തമായ ആകാശത്തു വിരാമചിഹ്നങ്ങളിട്ട തുക്കെയു്, ക്ഷണികങ്ങളായ മഞ്ഞുതുള്ളികളിൽ വൈരപ്പൊടിയിട്ടു വിളക്കുമ്പോൾ, എൻെറ ഹൃദയം ആനന്ദതുന്ദിലമാകാറുണ്ടു്!

* * * * *

# മാനുഷീകരണം

(മള്ളൂർ ഗോവിന്ദപ്പിള്ള ബി. ഏ., ബി. എൽ.)

ഈശ്വരനെ മനുഷ്യനാക്കുന്ന വികൃതിയെപ്പററിയാണു രണ്ടുവാക്കു പറയണമെന്നു ഞാൻ വിചാരിക്കുന്നതു്. ദൈവം മനുഷ്യനെ തന്റെ ആകൃതിയിൽ സൃഷ്ടിച്ചു എന്നു പറഞ്ഞിരിക്കുന്നതു് എന്തു തെളിവിനെ ആസ്പദമാക്കിയാണെന്നു മനസ്സിലാകുന്നില്ല. കാണുന്നതും കേൾക്കുന്നതും എല്ലാം തന്റെ അധീനത്തിലാക്കണമെന്നു മനുഷ്യനുള്ള ദുരാഗ്രഹത്തിന്റെ ഒരു തെളിവായിട്ടേ ആ നിർവ്വചനം സ്വീകരിക്കാൻ തരമുള്ളു. ഒരു മനുഷ്യൻ മറെറാരു മനുഷ്യനേപ്പോലെ ഇരിക്കുന്നില്ല. നിറം, തരം, ആകൃതി, പ്രകൃതി ഇതിലൊക്കെ അവർതമ്മിൽ വ്യത്യാസമുണ്ടാവാം. ഇതിൽ ഏതുനിറത്തിലുള്ള മനുഷ്യനേ ആണു് ഏതുതരത്തിലുള്ള മനുഷ്യനേആണു ദൈവം തന്റെ ആകൃതിയിൽ സൃഷ്ടിച്ചതെന്നു് അറിഞ്ഞാൽകൊള്ളാമായിരുന്നു. യൂദന്മാർക്കു ദൈവത്തിന്റെ ആകൃതി ആണെന്നു പറയാൻ ഭാവമുണ്ടെങ്കിൽ അവരിൽ കറുത്ത യൂദനും വെളുത്ത യൂദനും ഉണ്ടല്ലൊ. ദൈവം കറുത്താണൊ വെളുത്താണൊ ഇരിക്കുന്നതെന്നു പറയണം. വെളുവെളാ എന്നിരിക്കുന്ന സായിപ്പും കറുകറാ എന്നിരിക്കുന്ന നീഗ്രോവും ഉണ്ടു്. ഇവർ രണ്ടും ദൈവത്തിന്റെ ആകൃതിയിലാണൊ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. ആകൃതി എന്നു പറഞ്ഞാൽ നിറവും തരവും ഒന്നുമല്ല; കണ്ണു്, മൂക്കു്, കൈ, കാൽ ഇങ്ങനെയുള്ള അവയവങ്ങളെ മാത്രമേ ഉദ്ദേശിക്കേണ്ടതായിട്ടുള്ളു എന്നു പറയുകയാണെങ്കിൽ പിന്നീടുണ്ടാകുന്ന ചോദ്യത്തിനും ഉടനെ ഉത്തരം പറയണം. മനുഷ്യനു ബാഹ്യേന്ദ്രിയങ്ങളും അന്തഃകരണവും ആത്മാവുംകൂടെ ഉള്ളതുപോലെ ദൈവത്തിനും ഉണ്ടോ? പരമാത്മസ്വരൂപി എന്നു പറയുന്ന ദൈവത്തിനു മനുഷ്യനെപ്പോലെ ഒരു ആത്മാവുകൂടി ഉണ്ടെന്നു പറയുന്നതു സൂക്ഷിച്ചുവേണം. ആകപ്പാടെ ദൈവത്തിനെപ്പിടിച്ചു മനുഷ്യനാക്കുന്ന സമ്പ്രദായം നമ്മെ വലുതായ യുക്തിഭംഗത്തിലും കുഴപ്പത്തിലും കൊണ്ടുചെന്നു ചാടിച്ചിരിക്കുന്നു. സ്വാർത്ഥപരവും വിവേകശൂന്യവും ആയ ഈ മാനുഷീകരണത്തിന്റെ ബീഭത്സത ഞാൻ ഇയ്യിടെ കണ്ട ഒരു പടത്തിൽ പ്രത്യക്ഷമായിരുന്നു. മേൽമീശയുള്ള പരമേശ്വരന്റെ പടം ധാരാളം കണ്ടിട്ടുണ്ടു്. ഹിററ്ലറെപ്പോലെ മീശവെച്ച പരമേശ്വരനെ ഞാൻ ആദ്യമായിട്ടാണു കാണുന്നതു്. പാളത്താറുള്ള ബ്രഹ്മാവിഷ്ണുമഹേശ്വരന്മാർ പാണ്ടിക്കാരുടെ സൃഷ്ടിയാണു്. സാരിയും ജമ്പറും ധരിച്ച സരസ്വതിയെ പൂജഎടുപ്പുകാലത്തു പലയിടത്തും കാണാം. ശ്രീകൃഷ്ണനു പീലിത്തിരുമുടി വേണമെന്നുവെച്ച മനുഷ്യൻതന്നെയാണു ശിവനു ശൂലവും കടുംതുടിയും ഇരിക്കട്ടെ എന്നുവെച്ചതു്. പറയരും ഊരാളിമാരും അവരെപ്പോലെ സംസ്കാരത്തിൽ താഴ്ന്ന പടിയിൽ നിൽക്കുന്നവരും വെച്ചുപൂജിക്കുന്ന മാടൻതമ്പുരാന്റെ കയ്യിൽ ഒരു വെട്ടുകത്തി കാണാം. ചുരുക്കിപ്പറഞ്ഞാൽ അവനവന്റെ ആദർശത്തിനും സംസ്കാരത്തിനും സൗന്ദര്യബോധത്തിനും അനുരൂപന്മാരായ ഈശ്വരന്മാരെയും ഈശ്വരിമാരെയും മനുഷ്യർ സൃഷ്ടിച്ചുവെച്ചിരിക്കുന്നു എന്നല്ലാതെ സർവ്വലോകനിയന്താവായ ഈശ്വരന്റെ, അഥവാ നിയാമകശക്തിയുടെ രൂപം കണ്ടതാർ? ആ ശക്തിയിൽ ലിംഗഭേദം കണ്ടുപിടിച്ചതാർ? അബദ്ധം! അസംബന്ധം!

# ആ കണ്ണുനീർ

(സി. ഐ രാമൻനായർ ബി. എ.)

ഗുരുദേവന്റെ ദേഹവിയോഗം സംഭവിച്ചതു്, 1941 ആഗസ്റ്റ്മാസം 7-ാംതീയതി ആയിരുന്നു. ആ വർഷം, മേ മാസത്തിലായിരുന്നു അദ്ദേഹത്തിന്റെ 80-ാമത്തെ ജന്മദിനം വിശ്വമാകെ, വിശേഷിച്ചു് ശാന്തിനികേതനത്തിൽ ആഘോഷിക്കപ്പെട്ടതു്. ഈ ആഘോഷങ്ങളിൽ സജീവമായി സഹകരിക്കുന്നതിനു് രവീന്ദ്രനാഥന്റെ ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചിരുന്നില്ല. അക്കാരണത്താൽ ജന്മദിനം പ്രമാണിച്ചുള്ള പ്രധാന സമ്മേളനങ്ങൾ മഹാകവിയുടെ ശാന്തിനികേതനത്തിലുള്ള സ്വന്തം ആശ്രമത്തിന്റെ പുരോഭാഗത്തുവെച്ചാണു് നടത്തപ്പെട്ടതു്. ത്രിപുരമഹാരാജാവിനാൽ സമ്മാനിതമായ "ഭാരതഭാസ്കരൻ" എന്ന ബഹുമതിമുദ്ര മഹാരാജപ്രതിനിധിയിൽനിന്നും സ്വീകരിക്കുവാൻ കൂടിയ മഹാസദസ്സും ഈ സ്ഥലത്തുതന്നെ ആയിരുന്നു. മഹാകവിയുടെ ആരോഗ്യത്തെ കാത്തുരക്ഷിച്ചുപോന്ന ഡാക്ടർമാർ കായികമായ ആയാസത്തിൽനിന്നും അദ്ദേഹത്തെ ഒഴിവാക്കുവാൻ കഴിവതു നിഷ്കർഷിച്ചിരുന്നു. എൺപതാണ്ടുകളുടെ ഭാരം രവീന്ദ്രന്റെ ശരീരത്തെ തികച്ചും പരവശമാക്കിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പ്രതിഭ അപ്രതിമവും മേധാശക്തി അപ്രമേയവുമായി അക്കാലത്തും ഉജ്ജ്വലിച്ചിരുന്നു. സർവ്വാതിശായിയായ സാഹിത്യകൃതികളുടെ നിർമ്മാണംകൊണ്ടു് ഈ അന്ത്യകാലഘട്ടം പ്രത്യേകിച്ചും പ്രസ്തുത്യമാണു്. സ്വഹസ്തലിഖിതങ്ങളായിരുന്നു ഈ കവനതല്ലജങ്ങൾ എല്ലാംതന്നെ. അക്ഷരങ്ങളുടെ വടിവും മുഴപ്പും തെളിമയും ഈഷലെങ്കിലും യൌവനകാലത്തേതിൽനിന്നും വ്യത്യസ്തമായിരുന്നില്ല. എങ്കിലും മുൻപറഞ്ഞതുപോലെ ബാഹ്യലോകവുമായുള്ള സമ്പർക്കത്തെ ഭിഷഗ്വരന്മാർ കർക്കശമായി നിയന്ത്രിക്കത്തക്കവണ്ണം അദ്ദേഹത്തിന്റെ ശാരീരിക സുസ്ഥിതി അപകടഗ്രസ്തമായിരുന്നു. ആരോഗ്യസമ്പാദനത്തിനു് ഒരു ശസ്ത്രക്രിയയ്ക്കു് വിധേയനായിത്തീരണമെന്നുള്ള വിദഗ്ദ്ധാഭിപ്രായത്തെ ഗുരുദേവൻ ആദരിക്കുകയാൽ തന്നിവൃത്തിക്കായി ജൂലൈ മാസം 25-ാംതീയതി അദ്ദേഹം കൽക്കത്താനഗരിയിലേക്കു് കൊണ്ടുപോകപ്പെട്ടു.

ശാന്തിനികേതനത്തിലെ അന്നത്തെ ആ വേർപാട്ടരംഗം! രാവിലെമുതൽ ആളുകൾ തിങ്ങിക്കൂടി. ശാന്തിനികേതനത്തിൽനിന്നും ശ്രീനികേതനത്തിൽനിന്നും ബഹുശതം സ്ത്രീപുരുഷന്മാർ ഗുരുദേവന്റെ ആശ്രമപ്രദേശത്തെ വലയംചെയ്തു. അതു് അദ്ദേഹത്തിന്റെ അവസാനത്തെ യാത്രപറച്ചിലായിരുന്നു എന്നു് സർവ്വശക്തനുമാത്രമേ അറിയാമായിരുന്നുള്ളു. എങ്കിലും എൺപതു കഴിഞ്ഞിട്ടുള്ള ശസ്ത്രക്രിയ! ശിഷ്യന്മാരും ബന്ധുമിത്രാദികളും എങ്ങനെ പരിഭ്രമിക്കാതിരിക്കും? എന്നാൽ ആ പരിഭ്രമം വെളിയ്ക്കുകാണിക്കാമോ? ഗുരുദേവന്റെ അന്തർനേത്രങ്ങൾ അതിന്റെ ആന്തരാർത്ഥത്തെ ഗ്രഹിക്കുകയില്ലേ! അവർ ഒന്നിനും ശക്തരായില്ല. അവരുടെ നോക്കിലും വാക്കിലും സർവ്വത്ര ഒരു വ്യാകുലത ദൃശ്യമായിരുന്നു എങ്കിലും, അവനവന്റെ ഹൃദയഭാരം അന്യനിൽനിന്നും മറയ്ക്കുന്നതിനു് ഏവരും ഒരുപോലെ പണിപ്പെട്ടു. തങ്ങളുടെ കാൽപെരുമാററത്തിന്റെ മർമ്മരശബ്ദംപോലും ഗുരുദേവന്റെ ശരീരമനസ്സുകളുടെ സ്വൈരതയെ സ്പർശിക്കാതിരിക്കുവാൻ അവർ മുൻകരുതലോടെ വർത്തിച്ചിരുന്നു. രവീന്ദ്രന്റെ യാത്രാമുഹൂർത്തം സമാഗതമായി. ആശ്രമവാസികൾ തങ്ങളുടെ 'ജീവനെ' ഒരു നോക്കുകാണുവാൻ നിർന്നിമേഷരായി പരിസരങ്ങളിൽനില

കൊണ്ടു. പ്രത്യേകം സജ്ജീകരിച്ചിരുന്ന ഒരു 'ആതുരമഞ്ച'ത്തിൽ പരിക്ഷീണനായിച്ചമഞ്ഞിരുന്ന അവരുടെ ആരാധനാവിഗ്രഹത്തെ അവർ കണ്ടു. തന്നെ കാണുവാൻ കൂടിയിരുന്ന ഇഷ്ടജനത്തോടു് കുഷിച്ചു രണ്ടുവാക്കു പറയുവാൻപോലും അദ്ദേഹത്തിനു് ശക്തിയുണ്ടായിരുന്നില്ല. കേവലമായ മൌനം, നിശ്ശബ്ദമായ നിശ്ശബ്ദത, പ്രണയമസൃണമായ പ്രണാമങ്ങൾ, മൂകമെങ്കിലും അർത്ഥപുഷ്ടമായ പ്രത്യഭിവാദനം ഇങ്ങനെ മർമ്മംപിളക്കുന്ന ഏതാനും മാരകനിമിഷങ്ങളുടെ മദ്ധ്യത്തിൽ വിശ്വഭാരതിയുടെ ഹൃദയം വഹിച്ചിരുന്ന ആ മഞ്ചം ശാന്തിനികേതനത്തെ എന്നെന്നേക്കും അശാന്തമാക്കിക്കൊണ്ടു് ആശ്രമപ്രാന്തത്തെ അതിക്രമിച്ചു് അപ്രത്യക്ഷമായെന്നേ പറയേണ്ടു! അതുവരെയും അടക്കിയൊതുക്കിവെച്ചിരുന്ന ഹൃദയവ്യഥയും ഭക്തിപ്രേമങ്ങളും ആ അനർഘമഞ്ചത്തിന്റെ നിർഗ്ഗമനമാത്രത്തിൽ ആയിരമായിരം ഉൽക്കണ്ഠാകലുഷമായ കണ്ഠങ്ങളിൽനിന്നും ഏകശ്വാസത്തിൽ "നമ്മുടെ ശാന്തിനികേതനം" എന്ന മഹാവാക്യത്തെ ആക്രോശിപ്പിച്ചു. ഈ ആക്രോശത്തെ ആശ്രമാന്തരീക്ഷം മാറ്റൊലിക്കൊണ്ടു. അതിന്റെ നേരിയ അലകൾ ഗുരുദേവന്റെ കാതുകളിൽ ചെന്നുപററി. രണ്ടുതുള്ളി കണ്ണുനീർ ആ കണ്ണുകളെ നനപ്പിയ്ക്കുകയുംചെയ്തു.

ഒരു പന്ത്രണ്ടു ദിവസംത്തെയ്ക്കുകൂടി മാത്രമേ ഗുരുദേവനു് ഐഹികജീവിതം വിധിക്കപ്പെട്ടിരുന്നുള്ളൂ എന്നോർക്കുമ്പോൾ ആ കണ്ണുനീർത്തുള്ളികൾ!

---

വിടിന്നുകൊഴിയുന്ന പൂക്കൾ നിത്യതയുടെ കാൽവയ്പുകളത്രേ!

* * * * *

ദൈവത്തിന്റെ ഭാഷ സംസാരിക്കുന്ന പൈതൽ, അതു മറന്നിട്ടു്, മനുഷ്യന്റെ ഭാഷ സംസാരിക്കുമ്പോൾ വിവേകിയാകുന്നു!

* * * * *

നക്ഷത്രങ്ങളെ മറച്ച ഇരുൾ പകലിന്നലങ്കാരമാണു്. തന്റെ പക്കലുള്ള വെളിച്ചം മുഴുവൻ നക്ഷത്രങ്ങൾക്കു കൊടുത്തിട്ടു്, രാത്രി, ത്യാഗിയെപ്പോലെ ജീവിക്കുന്നു!

* * * * *

മനുഷ്യൻ, ഉമ്മറത്തെ മൃഗത്തിനു പകരം പാവപ്പെട്ട മൃഗത്തെ ബലാൽപിടിച്ചു കുരുതിചെയ്തിട്ടു്, തന്റെ പരിശുദ്ധാംശത്തിനു പകരം, ചെടിയുടെ പരശുദ്ധാംശത്താൽ അതു ചെയ്യുന്ന പുഷ്പാഞ്ജലിയെ അപഹരിച്ചു്, ആ നിർമ്മാല്യത്താൽ തന്നെ അങ്ങയെ പൂജിച്ചു് സംതൃപ്തനാകുന്നു!

* * * * *

അല്ലയോ നിശീഥിനി, അവിടത്തെ ദയയ്ക്കു നമസ്കാരം! ചിരിപ്പിക്കുന്നതും കരയിക്കുന്നതുമായ അനിത്യവസ്തുക്കളെയെല്ലാം ഇരുൾച്ചേററിലേയ്ക്കു വലിച്ചെറിഞ്ഞിട്ടു്, അവിടുന്നു്, നിത്യസുന്ദരങ്ങളായ താരകങ്ങളെ മാത്രം എന്റെ കൺമുമ്പിൽ നിരത്തിവയ്ക്കുന്നുവല്ലോ!

# പതിവ്രത

(തകഴി ശിവശങ്കരപ്പിള്ള)

ഭാര്യ ഭർത്താവിനേയും ഭർത്താവു ഭാര്യയേയും പരസ്പരം സ്നേഹിച്ചു വിശ്വസിച്ചു്—അങ്ങിനെയൊരു ഗൃഹത്തിൽ ആ കുട്ടികൾ ഉത്സാഹമായി വളർന്നുവന്നു. അവിടെ ആർക്കുതന്നെയും ഒരു പരാതിയുമില്ല. ഒററനോട്ടത്തിൽ എത്ര സുഭിക്ഷമായ ഗൃഹം! ആർക്കും കൊതി തോന്നും.

പക്ഷേ ആ ഗൃഹത്തിന്റെ അന്തർഭാഗത്തു്, അങ്ങു് നിഗൂഢതയിൽ, ഒരു തിക്കടുക്ക പുകയുന്നുണ്ടായിരുന്നതായി എനിക്കു തോന്നി. അസുഖകരമായ അനന്തരഫലങ്ങളുള്ള ഒരു വാർത്ത ഞാൻ നിമിഷംപ്രതി പ്രതീക്ഷിച്ചുകൊണ്ടിരുന്നു. എന്തോ ആ വീട്ടിൽ സാരമായ ഒരു കുറവുണ്ടു്. അങ്ങിനെയിങ്ങിനെ ആർക്കും അതറിയാൻ കഴികയില്ല. അജ്ഞാതവും ശക്തിമത്തും ആയ ഒരടിയൊഴുക്കു്, അവരുടെ ജീവിതത്തിനു് ഒരു ഗാംഭീര്യം നൽകിയിരുന്നു. പാവങ്ങൾ കുട്ടികൾ പൊട്ടിച്ചിരിച്ചു് ആർത്തുകൊണ്ടിരുന്നു. ആ താളത്തിനൊത്തു ചിലച്ചുകൊണ്ടു പായുന്ന ആഴമില്ലാത്ത ഒരു കാട്ടാറായിരുന്നു വേണ്ടതു്. ഇവിടെ നിശ്ശബ്ദമായി ഒഴുകുന്ന ഒരു അഗാധമായ വാഹിനി!

ഞങ്ങളുടെ അമ്മ ഈശ്വരന്റെ കാരുണ്യവായ്പിൽ വിശ്വാസത്തോടെ പറയും 'അവളെക്കുറിച്ചു് എനിക്കു് ഒരു വിചാരവും വേണ്ട.' അമ്മയും ആ ജീവിതത്തിന്റെ സ്വഭാവം അറിഞ്ഞിട്ടില്ല. നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ അമ്മ മൂത്തമകളുടെ സുഖസ്ഥിതിയേയും ഭാഗ്യത്തേയുംകുറിച്ചു പറയുമ്പോൾ, എന്റെ തോന്നൽ എല്ലാം അമ്മയെ അറിയിക്കാൻ എനിക്കു തോന്നാറുണ്ടു്. പക്ഷേ എനിക്കു തീർത്തു പറയാൻ ഒന്നുമില്ല. അപ്രസന്നവും അകാരണമെന്നു സാമാന്യബുദ്ധി വിധിച്ചേക്കാവുന്നതുമായ ആ തോന്നൽ, അല്ലെങ്കിൽ ഒരു ദോഷൈകദൃക്കിന്റെ സംശയത്തിന്റെ നിഴൽപാട്ടു് എങ്ങിനെ പറഞ്ഞു മറെറാരാളെ ബോദ്ധ്യപ്പെടുത്തും. എന്റെ തോന്നലിനു് ഉപോൽബലകമായി കാര്യമായ ഒരു സംഭവമാകട്ടെ, ഭാവമാകട്ടെ ഇല്ല. ഞാൻ ആരോടും അതിനെക്കുറിച്ചു മിണ്ടിയില്ല. ആ ഗൃഹം വിഘടിക്കും. എപ്പോൾ? എങ്ങിനെ? എന്തുകൊണ്ടു്? അവയ്ക്കുത്തരമില്ല. ആകെക്കൂടി ആ ഗൃഹം കൃത്രിമമായിരുന്നു. എന്റെ ചിന്തകൾ ഞാൻതന്നെ വിഴുങ്ങി.

ചേട്ടൻ സ്നേഹസ്വരൂപൻതന്നെ ആയിരുന്നു. ഞങ്ങൾക്കു് എപ്പോഴും വിശ്വസിക്കാവുന്ന ഒരു താങ്ങുംതണലുമായിരുന്നു. അച്ഛന്റെ കടംവീടാൻ അദ്ദേഹം പണംകൊടുത്തു. അതു ചേച്ചി ആഗ്രഹിച്ചു എന്നു തോന്നിയതുകൊണ്ടായിരുന്നത്രേ! ചേച്ചി പറഞ്ഞിട്ടില്ല. ഞങ്ങളുടെ അമ്മയെ പെററമ്മയെപ്പോലെ സ്നേഹിച്ചു. ചേച്ചി അമ്മയെ അത്രമേൽ സ്നേഹിക്കുമ്പോൾ ചേട്ടനും അങ്ങിനെ സ്നേഹിക്കാതിരിക്കാൻ സാദ്ധ്യമല്ല. കുട്ടികൾക്കും ചേച്ചിക്കും വളരെ ഉരുപ്പടികൾ ഈയിടയ്ക്കു തീർത്തു. ചേച്ചിയോടു ചോദിക്കാതെ ഒരിടപാടുചെയ്യുകയില്ല. സ്വത്തുക്കൾ മുഴുവൻ ചേച്ചിയുടെ പേർക്കു നിരുപാധികമായി ഇഷ്ടദാനംകൊടുത്തു ആവശ്യപ്പെട്ടിട്ടല്ല. ഒരുദിവസം ആ പ്രമാണം കൊണ്ടുചെന്നു കൊടുത്തു. അപ്പോഴും ചേച്ചി ഒന്നു ചിരിക്കയാകട്ടെ, പെരുമാററത്തിനു് ഒരു വ്യത്യാസം വരികയാകട്ടെ, ഉണ്ടായില്ലെന്നു ഞാനറിഞ്ഞു. പാവം ചേട്ടനു് എന്തോ ഒന്നു ലഭിക്കുവാനുണ്ടു്.

ചേട്ടനെക്കുറിച്ചു സഹതാപപൂർവ്വം സ്മരിക്കുവാനേ എനിക്കു കഴിയുമായിരുന്നുള്ളു. കുറച്ചു പിടിപ്പുപോരാ എന്നു ഞാൻ ഒരിക്കൽ പറ

ഞ്ഞുപോയതിനു് അമ്മ എന്നെ വളരെ ശകാരിച്ചു. ആ മനുഷ്യൻ കുറെയൊക്കെ അനുഭവിച്ചേക്കും. ഏതോ ഒരു ദാരുണയാഥാർത്ഥ്യത്തിൻെറ ആവിഷ്കരണത്തിനു് ഉതകിയ ഉപകരണമാണു് അദ്ദേഹം. ചേച്ചിയിരിക്കുന്നിടത്തുചെന്നു് അദ്ദേഹം അങ്ങിനെ വർത്തമാനങ്ങൾ പറഞ്ഞുതുടങ്ങുമ്പോൾ ഞാൻ വിചാരിച്ചിട്ടുണ്ടു്, എന്തിനു് ഇങ്ങിനെ ഒരാവേശം ആ പാവത്തിനുണ്ടായി എന്നു്. ഈ നാടകത്തിൻെറ ശോകമയമായ അന്ത്യത്തിനു രൂക്ഷത വർദ്ധിക്കുവാൻ, അതു ദുർദ്ദർശനമാകുവാൻ ആയിരിക്കാം, ആ മനുഷ്യനു് ഇത്ര സ്നേഹസമ്പന്നമായ ഒരു ഹൃദയം നൽകിയതു്! ചിലപ്പോൾ ചേച്ചിയെ നോക്കിനോക്കി നിന്നു ചേട്ടൻ രസിക്കും. ചേട്ടൻ എന്തിനു ചേച്ചിയെ വിവാഹംകഴിച്ചു?

ഒരുപക്ഷേ ചേച്ചിക്കും അതുപോലെ സ്നേഹവും ആവേശവും ഉണ്ടായിരിക്കാം. അവയുടെ പ്രകടനംമാത്രം സാദ്ധ്യമല്ല എന്നു വരരുതോ?

ഞാൻ ഏതിനെ ഓർത്തോർത്തു നടുങ്ങിക്കൊണ്ടിരുന്നോ, അതു സംഭവിച്ചു. ഒരു ദിവസം ചേട്ടൻ ചേച്ചിയേയും കുട്ടികളേയും കൊണ്ടുവന്നു. ആ വരവും എല്ലാം അർത്ഥവത്തായിരുന്നു. ആ തിക്കുടുക്ക പൊട്ടി അടിയൊഴുക്കു മുകളിൽ വന്നു. കുട്ടികൾ ഓടി ച്ചെവച്ചു വന്നു്എന്നെ കെട്ടിപ്പിടിച്ചു എങ്കിലും ആ ഗൃഹം വിഘടിച്ചുപോയി. ചേട്ടൻെറ മുഖം ഇത്രത്തോളം ഗൗരവമുള്ളതായി ഞാൻ ഒരിക്കലും കണ്ടിട്ടില്ല. ഞങ്ങളോടൊന്നും മിണ്ടിയില്ല. അഞ്ചുമിനിട്ടുപോലും താമസിക്കാതെ പോയി. കുട്ടികളെ വിളിച്ചുപോലുമില്ല. ചേട്ടൻ അങ്ങുദൂരെയായപ്പോൾ, ഗോമതി 'അച്ഛോ' എന്നു വിളിച്ചു കരഞ്ഞു. കാരണം മുമ്പൊരിക്കലും അവളെ ചേർത്തുപിടിച്ചു ഉമ്മവയ്ക്കാതെ ചേട്ടൻ എങ്ങും പോയിട്ടില്ല.

ചേച്ചിയുടെ മുഖത്തു പ്രത്യേകമായി ഒരു ഭാവഭേദവും കണ്ടില്ല. പക്ഷേ ഒരു പരമമുഹൂർത്തത്തെ അഭിമുഖീകരിച്ചതിൻെറ അരുണിമ മുഖത്തുണ്ടായിരുന്നു. അതു് അവസാനിച്ചോ എന്നു് അവർ സ്വയം ചോദ്യംചെയ്യുന്നതുപോലെയും തോന്നി.

അവർ പൊട്ടിത്തെറിച്ചു് അകന്നുപോയതായി എനിക്കു തോന്നി. പക്ഷേ മററാർക്കും അതു മനസ്സിലായില്ല. 'കേശവപിള്ള എന്താ മിണ്ടാതെ പോയതു്?' എന്നു് അച്ഛൻ ചോദിച്ചു. 'എന്താടീ, നിങ്ങൾതമ്മിൽ പിണങ്ങിയോ?' എന്നു അമ്മ ചോദിച്ചു. "ഇന്നാളു് ഒരുദിവസം അച്ഛൻ ഒരുപാടു ച്ചെവച്ചു് വഴക്കുപറഞ്ഞു. അമ്മുമ്മേ! അമ്മ തനിച്ചിരിക്കുമ്പം ഓർത്തോർത്തു കരയും. മാനത്തുനോക്കും. തൊഴും" എന്നു ഗോമതി പറഞ്ഞു.

മാസങ്ങൾ കഴിഞ്ഞു. ചേട്ടൻ വന്നില്ല. ചേച്ചി ചേട്ടനെക്കുറിച്ചു അന്വേഷിച്ചുമില്ല. അച്ഛനും അമ്മയ്ക്കും ചില സംശയങ്ങൾ തോന്നി. ഒരുദിവസം അച്ഛൻ ചോദിച്ചു:

"നിങ്ങൾതമ്മിൽ പിണങ്ങാൻ കാരണമെന്താ കുഞ്ഞേ?"

അതിനുത്തരമില്ല. ആവർത്തിച്ചാവർത്തിച്ചു ചോദിച്ചു. ഉത്തരമില്ല. അവരുടെ ചുണ്ടുകൾ കൂട്ടിത്തയ്ച്ചതുപോലെ തോന്നി. ആ മൗനത്തിൽ ആ സ്ത്രീയുടെ ഗൗരവം കാണേണ്ടതായിരുന്നു!

"നിങ്ങൾതമ്മിൽ വഴക്കുണ്ടായോ" അച്ഛൻ ചോദിച്ചു.

"ഇല്ല."

"പിന്നെ ഇതെങ്ങിനെ സംഭവിച്ചു?"

അതിനുത്തരം മിണ്ടിയില്ല

"നിനക്കു് ഇനിയും പോകണമെന്നില്ലല്ലോ".

"ഇല്ല".

ആ ഉത്തരത്തിൻെറ ദാർഢ്യം എന്നെ നടുക്കുകതന്നെചെയ്തു. ആ രണ്ടക്ഷരത്തിനു ഇത്രയും ശക്തിയുണ്ടോ? അവഗാഢമായ ചിന്ത അതിൻെറ പിന്നിലുണ്ടു്. തന്നെയുമല്ല, ഒരു ആശ്വാസവും. പാവം ചേട്ടൻ! ഈ രണ്ടക്ഷരങ്ങളാണു്; ആ ആവേശത്തിനു ലഭിച്ച പ്രതിഫലം!

"ഇല്ല". ഇനിയും ആ നരകം ചുമക്കാൻ കഴിയുകയില്ലെന്നു്!

ചേച്ചിക്കു ചേട്ടനെക്കുറിച്ച് യാതൊരു പരാതിയുമില്ല. അദ്ദേഹം സ്നേഹിച്ചിരുന്നില്ലെന്നു പറയാൻ വയ്യ. വേണ്ടതെല്ലാം അന്വേഷിച്ചുപോന്നിരുന്നു. വസ്തുക്കളും വകകളും വേണ്ടുവോളമുണ്ട്. ആണ്ടുതോറും സമ്പാദിക്കുന്നുമുണ്ട്. അങ്ങിനെ ഒരു ഭർത്താവിനെ അധികമാർക്കും ലഭിക്കുകയില്ല. പക്ഷേ ആ 'ഇല്ല'യ്ക്കു എങ്ങിനെ ഈ ശക്തി വന്നു. അച്ഛനും അമ്മയ്ക്കും അതു് ഒരു പ്രശ്നമായിരുന്നു. ഒരു സ്ത്രീ അങ്ങിനെ ഒരു ഭർത്താവിനെ, അതും നാലുകുട്ടികൾക്കു കാലമായതിനുശേഷം ഉപേക്ഷിക്കുമോ? ഞാൻ ചിന്തിച്ചു ജീവിതം ഒരു രാജിയല്ലേ?

വിവരങ്ങളറിയാൻ അച്ഛൻ ചേട്ടനെ കാണാൻ പോയി. മടങ്ങിവന്നു. ചേട്ടന്റെ പെരുമാററത്തിൽ യാതൊരു വ്യത്യാസവും ഇല്ലായിരുന്നത്രേ. പഴയ സ്നേഹമായും ബഹുമാനമായുംതന്നെ ആയിരുന്നു. സംസാരത്തിൽ ഈ വിഷയം അവതരിപ്പിക്കാൻതന്നെയും അച്ഛൻ വിഷമിച്ചു.

ചേച്ചി അനുസരണയുള്ള ഭാര്യആയിരുന്നുവെന്നേ പറയാനൊക്കൂ. ഒരു നല്ല പിടിപ്പുള്ള കുടുംബിനിയുമായിരുന്നു. അവിടത്തെ ജീവിതത്തിൽ ഒരു ക്രമക്കേടുമില്ലായിരുന്നു അവരുടെ സ്വഭാവത്തെക്കുറിച്ചാണെങ്കിൽ, അതു നിർമ്മലമല്ലഎന്നുപറയാൻ ധൈര്യമില്ല, എന്നല്ല, ഒന്നു സംശയിക്കുവാൻപോലും തെളിവില്ല.

"ഇല്ല, അങ്ങിനെയൊരു ദോഷം പറയാനില്ല. ഒരു പുരുഷനും ഇവിടെ വന്നിട്ടില്ല"

എന്നാണു ചേട്ടൻ പറഞ്ഞതു്. യഥാർത്ഥത്തിൽ ചേച്ചി ചേട്ടനും അപഗ്രഥനാതീതമായ ഒരു മഹാപ്രശ്നമായിരുന്നു.

സംവത്സരങ്ങൾക്കുമുമ്പു്, ഞാൻ ഒരു കൊച്ചുകുട്ടിയായിരിക്കുമ്പോൾ എനിക്കു ഒരനുഭവമുണ്ടായിട്ടുണ്ട്. അസ്പഷ്ടമായി ചിലതെല്ലാം ഞാൻ ഓർക്കുന്നുമുണ്ട്. ആ പരസ്പരബന്ധമില്ലാത്ത സംഭവങ്ങളെ യുക്തികൊണ്ടു ബന്ധിക്കാൻ ഞാൻ ചിലപ്പോൾ ശ്രമിച്ചുനോക്കും. ആ രംഗങ്ങളെ അവ്യക്തമാക്കുന്ന മാറാല നീക്കുവാൻ ഉള്ള എന്റെ ശ്രമം ഫലിക്കുന്നില്ല. ചേച്ചിയുടെ ജീവിതത്തിലെ ഒരു രഹസ്യമാണതു്. ആ രഹസ്യം ഈ പ്രശ്നത്തിനു മറുപടി നൽകിയേക്കും. പക്ഷേ അതൊരു സ്വപ്നമല്ലേ? യാഥാർത്ഥ്യമാണോ?

ചേച്ചി ഒടുവിലത്തെ കുട്ടിയെ പ്രസവിക്കാനായി വീട്ടിൽവന്നു താമസിച്ചു. അന്നു ചേട്ടന്റെ പുരപണിക്കാലമാണ്. പ്രസവംകഴിഞ്ഞും ഒട്ടധികംനാൾ ചേച്ചി അവിടെ താമസിച്ചു. ഞാൻ ഒരു കൊച്ചുകുട്ടിയായിരുന്നു. ചേച്ചി വീട്ടിന്റെ തെക്കേവേലിക്കൽ ചെന്നുനിന്നു് ആരെയോ നോക്കിനില്ക്കാറുണ്ടായിരുന്നു..........അന്നു ചേച്ചി സുന്ദരിയായിരുന്നു.......അർദ്ധനിദ്രയിൽ ഒരു ഉഷ്മളമായ ശ്വാസോഛ്വാസം എന്റെ ശരീരത്തിൽ തട്ടി.........അപരിചിതമായ ഒരു ഹസ്തം എന്റെ ശരീരത്തിൽ പിന്നീടൊരിക്കൽ മുട്ടി. തീ തൊട്ടതുപോലെ ഞാൻ നടുങ്ങി.......വേറൊരു രാത്രിയിൽ ആരോ പതുക്കെ പറയുന്നതായി കേട്ടു. ആ വാചകം ഇങ്ങിനെയായിരുന്നു എന്നാണു് എന്റെ ഓർമ്മ.

"ഏഴുദിവസത്തിനകം ചത്തുപോകും"

അടുത്തൊരു ദിവസം ചേട്ടൻ ചേച്ചിയെ കൊണ്ടുപോകാൻ വന്നു. ചേച്ചി പോകുന്നില്ലെന്നു പറഞ്ഞു. അച്ഛൻ ദേഷ്യപ്പെട്ടു. ഞാനും ചേച്ചിയുടെകൂടെ പോയി.

ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ അച്ഛൻ പുറത്തെവിടെയോ പോയിട്ടുവന്നു്, ആരോ മരിച്ചുപോയതായി പറഞ്ഞു. അയാൾ നാലഞ്ചുപ്രാവശ്യം വന്നിട്ടുള്ളവനാണ്. ഞാൻ ഓർക്കുന്നു, സുന്ദരനായ ഒരു പുരുഷൻ. വെളുത്തു ചുവന്നു് നല്ല ഒരു മീശയുംവച്ച സുമുഖനായ ഒരാൾ. അയാളെ ഒരിക്കൽ കണ്ടിട്ടുള്ളവർക്കു് മറക്കാൻ സാദ്ധ്യമല്ല. ആ മനുഷ്യനോടു് അനിർവ്വചനീയമായ ഒരു ബന്ധമുള്ളതായി എനിക്കുതോന്നി.

ആ അവ്യക്തസ്മരണകളുടെ വെളിച്ചത്തിൽ ഞാൻ ചേച്ചിയെ സൂക്ഷിച്ചുനോക്കിക്കൊണ്ടി

രിക്കും. അങ്ങിനെ ആ ഗന്ധർവ്വന്റെ പരിലാളനയിൽ അവർ അനുഭവിച്ചതാണോ? അയാൾ ആരായിരിക്കും? ആരുതന്നെയാണെങ്കിലും മരിച്ചു മൺമറഞ്ഞുപോയില്ലേ?

പക്ഷേ അവൾക്കു മറക്കാൻ ഒക്കുകയില്ലായിരിക്കും. അവർ ഒരു ഭാര്യയായിരുന്നു. ഒരു ഭാര്യയുടെ പരാധീനതകൾ പലതാണ്. അവൾക്ക് ആത്മനിയന്ത്രണമുണ്ട്. വിധിച്ചിട്ടുള്ളിടത്തോളം സുഖമേ പാടുള്ളൂ. നിരോധിക്കപ്പെട്ട ഫലം അനുഭവിക്കുമ്പോൾ— അതിന്റെ സ്വാദം അവൾ എന്നെന്നും ഓർത്തുപോകും. ആ പുരുഷൻ അങ്ങിനെ ഒരുവളെ ഉണർത്താൻചെയ്ത ശ്രമത്തിൽ—നിയന്ത്രണംകൊണ്ടുചുരുങ്ങിയ അവരുടെ സിരാചക്രം അവരറിയാതെ വിജൃംഭിച്ചപ്പോൾ ഉണ്ടായ നടുക്കം അത്യുഗ്രമായിരുന്നിരിക്കും. ഒരു ഭാര്യ പരപുരുഷനു് വശപ്പെട്ടാൽ ഭർത്താവു് നിസ്സാരനാകുന്നതു് അങ്ങിനെയാണ്. അച്ചടക്കത്തിലും നിയന്ത്രണത്തിലുംപെട്ടു് മർദ്ദിതമായ വികാരങ്ങൾ ഉണർത്താൻ ഉള്ള അനുഭൂതികൾ ചിരസ്ഥായികളായിരിക്കും.

എന്തോ! സ്ത്രീയുടെ വികാരങ്ങൾ എങ്ങിനെയെല്ലാം പ്രവർത്തിക്കുന്നു എന്നു് ആർക്കറിയാം! അവൾ ഒരിക്കൽ നിയമം ലംഘിച്ചാൽ നിയമലംഘനത്തിനു് കുതിച്ചുകൊണ്ടിരിക്കും. അന്നോളം വിശുദ്ധങ്ങളായി കരുതിയതിനെയെല്ലാം ചവുട്ടി തുത്തേയ്ക്കും.

എനിക്കതു ചോദിക്കാൻ മടിയായിരുന്നു. പലപ്പോഴും ഞാൻ അതിനു് ആഞ്ഞിട്ടുണ്ടു്. ചേച്ചിക്കു ചിലതെല്ലാം പറയാനുള്ളതായി എനിക്കു തോന്നി. പക്ഷേ ഞങ്ങൾ ഒന്നും മിണ്ടിയില്ല.

ചേച്ചി പലപ്പോഴും ചിന്താമഗ്നയായിരുന്നു. ഏതോ കനമുള്ള ഒന്നിനെക്കുറിച്ചു അവൾക്കു് ഓർക്കുവാനുണ്ടു്. അവർ തെക്കോട്ടുതന്നെ നോക്കിക്കൊണ്ടിരിക്കും. ആ പുരുഷൻ ഇനി വരുമോ? അതായിരിക്കും ചേച്ചിയുടെ കണ്ണുകൾ നിറയുന്നതു്.

അച്ഛനും അമ്മയും ചേച്ചിയെവളരെയേറെ കുറ്റപ്പെടുത്തി. ദിവസം രണ്ടുപ്രാവശ്യം അച്ഛൻ ശകാരിക്കും. ഈ അപകടത്തിനെല്ലാം ഉത്തരവാദി ചേച്ചിയാണെന്നു് അച്ഛൻ പറയുന്നതു ന്യായമാണല്ലോ. അച്ഛൻ ചേട്ടനെ വളരെ സ്തുതിക്കും. ചേച്ചിക്കു ചേട്ടനെതിരായി ഒരക്ഷരം പറഞ്ഞിട്ടില്ല എന്നല്ല പറയുവാനുമില്ല. ഒരിക്കൽ ഗോമതിയെ മടിയിൽ വച്ചുകൊണ്ടു ചേച്ചി പറയുന്നതു കേട്ടു.

"മക്കളുടെ അച്ഛൻ—"

എന്നിട്ടു് ചേട്ടൻ അവളെ സ്നേഹിച്ചതിനു് ഒരു കഥ പറയുകയായിരുന്നു.

ഒരു വത്സരത്തിനുശേഷം ചേട്ടൻ അവിടെ വന്നു. ആ വസ്തുക്കളെല്ലാം തിരിച്ചെഴുതിക്കൊടുക്കണമെന്നു് ആവശ്യപ്പെട്ടു. പൂർണ്ണമനസ്സാലെ ചേച്ചി സമ്മതിച്ചു. ചേട്ടൻ അവരുടെ മറുപടി കേട്ടു നടുങ്ങിപ്പോയി. അതു് അപ്രതീക്ഷിതമായിരുന്നു. കുറച്ചുനാൾ കഴിഞ്ഞു വീണ്ടും ചേട്ടൻ അവിടെ വന്നു. വെറുതെ വന്നതാണ്. ചേച്ചി ഒരക്ഷരം മിണ്ടിയില്ല. വീണ്ടും വന്നപ്പോൾ ചേട്ടൻ വിവാഹമോചനം ആവശ്യപ്പെട്ടു. അതിനും ചേച്ചിക്കു മനസ്സുകേടുണ്ടായിരുന്നില്ല. ആറുമാസംകൂടി കഴിഞ്ഞു് അതു സംഭവിച്ചു. ചേട്ടൻ രണ്ടാമതു വിവാഹം ചെയ്തതായും കേട്ടു.

ഞങ്ങളുടെ വീട്ടിലെ തെക്കെ മുറിയുടെ തെക്കെ ഭിത്തിയിൽ ഒരു വിരലടയാളം കാണുവാനുണ്ടായിരുന്നു. അതു് ആരു് എപ്പോൾ അവിടെ വിരചിച്ചതാണെന്നു് അറിഞ്ഞുകൂടാ. ചേച്ചി അതു നോക്കിക്കരയുന്നതു കണ്ടുപിടിച്ചു. അതിനെ അടുത്തിരുന്നു ഞാൻ പരിശോധിക്കുന്നതു ചേച്ചിയും കണ്ടു. അന്നു രാത്രിയിൽ— അതു ചന്ദ്രികയുള്ള ഒന്നായിരുന്നു— ഞാനും ചേച്ചിയുംകൂടി മുറ്റത്തു നടന്നുകൊണ്ടിരിക്കുകയായിരുന്നു ചേച്ചി പറഞ്ഞു:

"ഇവിടെയെവിടയോ അനുജത്തി! സ്നേഹം നിറഞ്ഞ ഒരാത്മാവു് നമുക്കു കാണാൻ വയ്യാതെ ഒളിച്ചിരിക്കുന്നുണ്ടു്"

"അതാരാണു ചേച്ചി?"

അതിനുത്തരം പറഞ്ഞില്ല. ചേച്ചി നിരുഝകണ്ഠയായിപ്പോയി. ചേച്ചിയുടെ കണ്ണുകൾ ജലം നിറഞ്ഞു തിളങ്ങുന്നതു ഞാൻ കണ്ടു.

അടുത്തൊരുദിവസം ഗോമതി അവളുടെ വീട്ടിൽ പോകണമെന്നു പറഞ്ഞു് അച്ഛനെ അലട്ടി. അച്ഛൻ അവളെ കൊണ്ടുപോയി. പക്ഷേ മൂന്നാംപക്കം ആരുടെക്കൂടെയോമടങ്ങി വന്നു. കൊച്ചുകുട്ടി! അവൾ വലിയ വായിലേ നിലവിളിച്ചുകൊണ്ടു് ഓടിവന്നു. ഞങ്ങളെല്ലാം വ്യാകുലപ്പെട്ടുപോയി. വളരെ നേരം ചോദിച്ചിട്ടു് അവൾ പറഞ്ഞു:

"നമ്മുടെ വീട്ടിലു്—ആരാണ്ടോ താമസിക്കുന്നു എനിക്കു തെക്കെ പുരയ്ക്കകത്തു കയറാൻ പേടിയായി"

പാവം കുട്ടി ഏങ്ങലടിക്കാൻ തുടങ്ങി. അവൾക്കു് അതു കൂടാതെ പല പരാതികളുമുണ്ടു്. അവളുടെ കിണ്ണത്തിൽ മററാരോ കഞ്ഞി കുടിക്കുന്നു. അവളുടെ കൊച്ചു പെട്ടി കാണുന്നില്ല. ഇങ്ങിനെ......

ഞങ്ങൾക്കാർക്കും അവളെ ആശ്വസിപ്പിക്കാൻ കഴിഞ്ഞില്ല. അവൾ വളരട്ടെ.

സംവത്സരങ്ങൾ വളരെ കഴിഞ്ഞു. ചേച്ചിയുടെ തലമുടി നരച്ചു. ആരെയോ കാത്തിരിക്കുക ആ കണ്ണുകളുടെ സ്വഭാവമായി തീൻ്ന. അവർ വളരെനേരം ധ്യാനനിരതയായി ഇരിക്കാറുണ്ടു്. പ്രാൎത്ഥിക്കുന്നതെന്താണോ എന്തോ! മരിച്ച മനുഷ്യൻ ഉടലെടുക്കുമോ?

ഗോമതി വളൻ്ന. അവൾക്കു കാൎയ്യങ്ങൾ അറിയാൻ പ്രായമായി. ഒരുദിവസം ഭിത്തിയിലെ ആ പാട്ടു് അവൾ പിച്ചാത്തികൊണ്ടു ചുരണ്ടി മായ്ച്ചുകളഞ്ഞു.

ചേച്ചി എന്നോടു ചോദിച്ചു:

"ഈ കുട്ടികൾ എന്നെ വെറുത്തേക്കും, അല്ലേ അനുജത്തി!"

എനിക്കൊന്നും പറയുവാനില്ലായിരുന്നു. ഒട്ടു സ്വഗതമായി പറഞ്ഞു:

"അതേ, അവർ അവരുടെ അച്ഛനെ സ്നേഹിക്കുന്നു. അതു ന്യായമാണു്."

ആ അവസരത്തിൽ ചോദിച്ചാൽ എല്ലാം തന്നെ ചേച്ചി പറയുമെന്നു എനിക്കു തോന്നി. ആരോടെങ്കിലും അവക്കു അതെല്ലാം പറഞ്ഞേ മതിയാകൂ.

"അങ്ങിനെയൊരു അച്ഛനെ ചേച്ചി എന്തിനു് അവക്കു നഷ്ടപ്പെടുത്തി?" ഞാൻ ചോദിച്ചു.

ചേച്ചി പ്രതിവചിച്ചു:—

"ഞാൻ ശ്രമിച്ചു. എനിക്കു സഹിക്കാൻ വയ്യാതായപ്പോൾ—എന്നിട്ടു് ഞാൻ ശ്രമിച്ചു. അതങ്ങിനെയേ സംഭവിക്കൂ കുഞ്ഞേ! ഒരുവനു് ഒരു ഭാൎയ്യ ഉണ്ടായിരിക്കുന്നതു എന്തിനാണു്? അവൾ അയാളുടെ കൂരയ്ക്കുതാഴെ വേറൊരാളെ ഓൎത്തുകൊണ്ടിരുന്നാലോ?"

"അതാരു ചേച്ചി?"

"ആ ആൾതന്നെ കുഞ്ഞേ! നീ അറിയുന്ന ആ ആൾതന്നെ ഞാൻ പോയതിൻെറ ഏഴാംപക്കം—പറഞ്ഞതുപോലെ മരിച്ചു."

ചേച്ചി പൊട്ടിക്കരഞ്ഞു. ഒട്ടുനേരം കഴിഞ്ഞു് ഞാൻ ചോദിച്ചു.

"ചേട്ടനു് അതറിയാമോ?"

"അറിഞ്ഞുകൂടാ."

"പിന്നെ നിങ്ങൾ പിണങ്ങുവാൻകാരണം? നിങ്ങൾക്കു രാജിപ്പെട്ടു കഴിഞ്ഞുകൂടായിരുന്നോ?"

"ഞാൻ പതിവ്രതയാണനുജത്തി."

"പതിവ്രതയോ?"

"അതേ."

എനിക്കൊന്നും മനസ്സിലായില്ല. അതു് ചേച്ചിയ്ക്കും തോന്നി. അവർ ആ പരമരഹസ്യം എന്നെ മനസ്സിലാക്കി.

"ഞാൻ പിന്നീടു് പ്രസവിച്ചില്ല."

"പിന്നെ അവിടെ പാൎത്തതു്—"

ചേച്ചി യന്ത്രത്തെപ്പോലെ പറഞ്ഞു:

"എൻെറ കുട്ടികളുടെ അച്ഛൻെറ കൂടെ പാൎത്തു."

എനിക്കു് ആ ചരിത്രം വെളിവായി.

അല്പനേരം കഴിഞ്ഞു് ചേച്ചി പറഞ്ഞു:

"ഞാൻ ധ്യാനിക്കുന്നതു്, ഞാൻ പ്രാൎത്ഥിക്കുന്നതു് സ്വപ്നത്തിലെങ്കിലും എൻെറ ഈശ്വരൻ പ്രത്യക്ഷപ്പെടാനാണു്. ഇല്ല. ഇന്നോളമില്ല. എന്നും രാവിലെ നിരാശയുടെ അഗാധതയിൽനിന്നും ഞാൻ ഉണരുന്നു."

# തത്തയും ചെമ്പോത്തും

(പദ്മത്തു്)

ചെമ്പോത്തു ചിലച്ചിതാ മുററത്തെക്കറിവേപ്പിൻ-
കൊമ്പത്തു കരുകൊത്തിത്തിന്നിരിക്കുന്നു സൈ്വരം

കൂട്ടിലിട്ടൊരു തത്ത പട്ടിളംകഴുത്തൊട്ടു
നീട്ടിയപ്പുറവംയപ്പാർത്തുകൊണ്ടിമ്മട്ടോതി:

"തോഴരേ, തൊഴുന്നഞാൻ സ്വാതന്ത്ര്യനഭസിലാ-
വൂഴിയിലുണ്ണുംനിന്നെത്ത്രീനന്നിപ്പരാധീനൻ
എന്നുടെ ജന്മനാടെന്മേനിപോലിളംപച്ച-
യെന്നുമേ വിരിച്ചിട്ട പൊൻവിളയുന്നഭൂമി-
ചെങ്കതിർ കൊത്തിക്കൊറിച്ചെൻ പൂർവ്വപിതാമഹർ
മുങ്കാലം സ്വാതന്ത്ര്യത്തിൻ സ്വാദുത പാടിപ്പോന്നു.

ബന്ധിച്ചജനത, തൽഭാഷയെ നിർഭരം നി-
ർബന്ധിച്ചു പഠിപ്പിച്ചു—പാരതന്ത്ര്യത്തിൻപാഠം!
കഷ്ടിച്ചൊരരവയറഷ്ടിയേ കിട്ടുന്നുള്ളു
കിട്ടുവതെന്തു ഹാ!ഹാ! ത്യാജ്യമാം ഭോജ്യംമാത്രം.

തന്നുടെ രണ്ടാമുയിരായൊരു തായ്മൊഴിക്കു
വന്നൊരു പരാഭവം ദാസ്യാന്ധരുണ്ടോ കണ്ടു?
മേലാം തന്മൊഴിചൊല്ലിയർത്ഥിച്ചാൽമാത്രംകിട്ടും
കാലത്തുമുതലന്തിയാവോളംകാത്തിട്ടെച്ചിൽ!
നാട്ടുകാരോടും തന്റെ വീട്ടുകാരോടും മറു-
നാട്ടുഭാഷയിൽ പേശും തള്ളതൻമറുപിള്ളേ!
ദാസ്യത്തിൻ പരസ്യപ്പാഴ്ക്കോലമേ! വികൃതാസ്യ-
ഹാസ്യത്തിൻ ചലച്ചിത്രപാത്രമേ—ചിരിക്കാം ഞാൻ.

സ്വാതന്ത്ര്യമന്ദാരവംപോലവേ സഗൗരവം
സ്വാഭിമാനത്തോടോതി ചകോരം പ്രത്യുത്തരം:
വഴിയിൽക്കണ്ടാലാട്ടുമോട്ടുമിങ്ങനെ വണ്ണ-
വഴക്കാലടിപിടികൂട്ടുന്ന കൂട്ടക്കാരേ,
നിങ്ങൾക്കു തിന്മാനൊരു കല്പകക്കനിതന്നാ-
ലിങ്ങനെ തമ്മിത്തല്ലി മററുള്ളോർ വശത്താക്കും
സർവ്വും സമാനമായ്ദർശിക്കും ശുകബ്രവഹം
നിർവ്വൈരനൊരാൾമാത്രം മതിയോ മമ തോഴ!

കൊത്തുകൂടാതെ നിങ്ങളൊത്തുകൂടുക,യെന്നാ-
ലുത്തുംഗസ്വാതന്ത്ര്യത്തിന്നുദയം കാണാറാകും."

# മനുഷ്യൻ എന്തിനുവേണ്ടി?

(പി. ദാമോദരൻപിള്ള ബി. ഏ)

ജന്മനിമിഷത്തിൽതന്നെ ഉദയസൂര്യനെ പിടിക്കാൻ കുതികൊണ്ട ശ്രീഹനുമാൻ ഒരു മഹത്തായ സത്യം വെളിപ്പെടുത്തി. കാണുന്നതെല്ലാം തങ്ങളുടെ ആഹാരപദാർത്ഥങ്ങളാണെന്നും, എല്ലാം തങ്ങൾക്കുവേണ്ടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നും കുട്ടികൾ കരുതുന്നു. സൂര്യഗോളംപോലും കൈയിൽ കിട്ടിയാൽ തിന്നുകളയാൻ അവർ തയാറാണു്.

മററു ജീവികളെയെല്ലാം തങ്ങളുടെ ആഹാരത്തിനുവേണ്ടി സൃഷ്ടിച്ചിരിക്കുന്നു എന്നാണു് ഇന്നുപോലും പരിഷ്കൃതരായ ചില മതക്കാർ വിശ്വസിക്കുന്നതു്! ആഫ്രിക്കയിലെയും ന്യൂഗിനിയിലെയും കാപ്പിരികൾ, മററു മനുഷ്യരെത്തന്നെയും കാണുന്നതു് കൊതിയൂറുന്ന നാവുകളോടെയാണു്. ഈ മൗഢ്യം, അഥവാ തനിക്കുവേണ്ടി ഈശ്വരൻ ഭൂമിയെ ഒരു ഉരുളയാക്കിവച്ചിരിക്കുന്നു എന്നുള്ള മനുഷ്യന്റെ മൂഢവിശ്വാസം, അതിന്റെ പരകോടിയിലെത്തുന്നതു്, സൂര്യൻപോലും ഭൂമിക്കു വെളിച്ചം നൽകാൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നു കരുതുമ്പോഴാണെന്നു് എനിക്കു തോന്നിയിരുന്നു. പക്ഷേ അങ്ങനെയല്ല. ഇപ്പോഴും നമ്മുടെയിടയിൽ കാണാറുള്ള അഭ്യസ്തവിദ്യരായ പ്രസംഗഭ്രാന്തന്മാർ, ലേഖകന്മാർ, അദ്ധ്യാപകന്മാർ, യുവനേതാക്കന്മാർ എന്നിങ്ങനെ പലരുംകൂടി എന്റെ ആ തോന്നലിനെ തട്ടിത്തകർക്കുകതന്നെ ചെയ്തു.

എന്തെന്നാൽ അവരും ലോകത്തെ ദർശിക്കുന്നതു് മേൽപറഞ്ഞ ശിശുക്കളെയോ, കിരാതന്മാരെയോ പോലെയാണു്. "മതം എന്തിനുവേണ്ടി" എന്നു ചോദിക്കുക. മനുഷ്യനുവേണ്ടി, എന്നു് അവർ പ്രസംഗപീഠത്തിൽ നിന്നു് ഉച്ചത്തിൽ വിളിച്ചുകൂവും. കല എന്തിനുവേണ്ടി, എന്നായാലും ഉത്തരം "മനുഷ്യനുവേണ്ടി" എന്നു തന്നെ. ജ്ഞാനം എന്തിനുവേണ്ടി? അതും "മനുഷ്യനുവേണ്ടി"ത്തന്നെ. ഇങ്ങനെ എന്തും തനിക്കുവേണ്ടിയാണെന്നല്ലാതെ മറെറാന്നിനും വേണ്ടിയല്ലെന്നു കരുതുന്ന മനഃസ്ഥിതി അതിന്റെ ബാലിശത്വത്താലും, കിരാതത്വത്താലും ഈ ഭൂമിയെ പരിഷ്കാരത്തിന്റെ വെളിച്ചത്തിൽകൂടി ആദിമയുഗങ്ങളിലെ അന്ധകാരത്തിലേയ്ക്കു ചവിട്ടിത്തള്ളുന്നതു കാണാൻ അവർക്കു കണ്ണില്ല! അവർ പറയുന്നു, മനുഷ്യൻ പുരോഗമിക്കുന്നു, അവന്റെ കണ്ണു തുറക്കുന്നു വെളിച്ചം പരക്കുന്നു, എന്നെല്ലാം. ഇതൊക്കെ ഏതുമാതിരി ഭ്രാന്താണെന്നറിയാതെ മററുള്ളവർ അമ്പരന്നു നോക്കിനിന്നുപോകുന്നു എന്നല്ലാതെ മറെറാന്നും പറയാൻ കാണുന്നില്ല.

കേട്ടാലുടൻ ഹൃദയത്തിൽചെന്നു് തറച്ചുകൊള്ളുന്ന അസംബന്ധങ്ങൾ പലതും ലോകത്തിലുണ്ടു്. അതിലൊന്നാണു് "എല്ലാം മനുഷ്യനുവേണ്ടി" എന്നുള്ള സിദ്ധാന്തം. എല്ലാം മനുഷ്യനുവേണ്ടിയാണെന്നു പറയുമ്പോൾ അതു പെട്ടെന്നു സമ്മതിക്കാൻ നമുക്കെല്ലാവർക്കും ഒരു വാസനയുണ്ടു്. അങ്ങനെയാണെങ്കിൽ, "മനുഷ്യൻ എന്തിനുവേണ്ടി" എന്നു് ആലോചിക്കാൻ ആരും തയാറാകുന്നില്ലെന്നുള്ളതാണു പരമാർത്ഥം. എന്തെന്നാൽ അതിനു ബാലന്മാരുടേതിലും, കിരാതന്മാരുടേതിലും ഉയർന്ന ഒരു അടിയുറച്ച സംസ്കാരം ആവശ്യമാണു്. ഇന്നത്തെ തുഞ്ചുകുലുക്കിപ്പക്ഷികളേക്കാൾ പ്രാചീനചിന്തകന്മാർക്കുണ്ടായിരുന്ന ഒരു മെച്ചം അതല്ലാതെ മറെറാന്നുമല്ല.

മനുഷ്യൻ ജീവിക്കുന്നതു് അവനുവേണ്ടിയല്ല, ചില ഉന്നതാദർശങ്ങൾക്കുവേണ്ടിയാണെന്നു പറഞ്ഞുനോക്കുക. ഉടൻ അവർ എതിർക്കും, ആ ആദർശങ്ങൾ മനുഷ്യനുവേണ്ടിയാണെന്നു്. തലച്ചോറിന്റെ ദാരിദ്ര്യം അതുകൊണ്ടു് എത്രയോ വെളിപ്പെട്ടുപോകുമെന്നറിയാനും തലച്ചോറുതന്നെ ആവശ്യമാകയാൽ അക്കഥ അവർ അറിയാറേയില്ല. ആദർശം മനുഷ്യനുവേണ്ടിയാണെന്നുപറയുമ്പോൾ, അവന്റെ സൗകര്യവും, ഹിതവും അനുസരിച്ചു് ആദർശംതന്നെ മാറിപ്പോകാവുന്നതാണു്. നേരേമറിച്ചു മനുഷ്യൻ ആദർശത്തിനുവേണ്ടി ജീവിക്കേണ്ടിവരുമ്പോൾ അതിന്റെ നിബന്ധനയ്ക്കനുസരണമായി അവന്റെ ജീവിതം മാറുകയും, രൂപപ്പെടുകയും ചെയ്യേണ്ടിവരുന്നു. ഇതാണു് ആദർശം മനുഷ്യനുവേണ്ടിയാണെന്നും, മനുഷ്യൻ ആദർശത്തിനുവേണ്ടിയാണെന്നും പറയുന്നതിലുള്ള വ്യത്യാസം. ഒന്നിൽ ആദർശം മനുഷ്യന്റെ അടിമയായിത്തീരുമ്പോൾ രണ്ടാമത്തേതിൽ മനുഷ്യൻ ആദർശത്തിന്റെ അടിമയായിത്തീരുന്നു. സത്യം നിങ്ങളുടെ ആദർശമാണെങ്കിൽ അതിനുവേണ്ടി സകല സുഖസൗകര്യാദികളും ഉപേക്ഷിച്ചു് ഹരിശ്ചന്ദ്രനേയോ മഹാത്മാ ഗാന്ധിയേയോപോലെ നിങ്ങൾ കഷ്ടത അനുഭവിക്കാതെ ഗത്യന്തരമില്ല.

ആദർശം ഒരിക്കലും മനുഷ്യനു് കീഴ്പ്പെടാറില്ലെന്നുള്ളതു ഒരു പഴയ പരമാർത്ഥമാകുന്നു. സത്യം നിങ്ങൾ വിചാരിക്കുന്ന മാർഗ്ഗത്തിൽകൂടി യാതൊരു സന്ദർഭത്തിലും നിങ്ങളെ അനുഗമിക്കാറില്ല. അതിനെ പ്രാപിക്കണമെങ്കിൽ നിങ്ങൾ അതിന്റെ മാർഗ്ഗത്തിൽകൂടി അതിനെ പിൻതുടരുകതന്നെ വേണം. ഒടുവിൽ നിരന്തരക്ലേശങ്ങളുടേയും തീവ്രമായ പ്രവൃത്തിയുടേയും ഫലമായി നിങ്ങൾ അതിനെ പ്രാപിക്കുന്നകൂട്ടത്തിൽ അതു നിങ്ങൾക്കു കീഴ്പ്പെടുന്നതിനുപകരം അതും നിങ്ങളും ഒന്നായിത്തീരുന്നു. തന്നിമിത്തം, ആദർശവുമായി ഐകാത്മ്യം പ്രാപിക്കാമെന്നുള്ളതു സമ്മതിക്കുന്ന അവസ്ഥയിൽപോലും, അതു ഒരുകാലത്തും മനുഷ്യനു് കീഴടങ്ങുകയില്ലെന്നുള്ള സിദ്ധാന്തം ശരിയായിത്തന്നെ ശേഷിക്കുന്നു.

ആദർശം മനുഷ്യനുവേണ്ടിയാണെന്നു ഭ്രമിച്ചു്, അതിൽ അണുമാത്രമായ വ്യതിയാനമെങ്കിലും വരുത്തിയാൽ ആ നിമിഷത്തിൽ അതു് ആദർശമല്ലാതായിത്തീരുന്നു. സത്യം പറയാൻ ചില അവസരങ്ങളിൽ നേരിടുന്ന വൈഷമ്യം അനുഭവിച്ചവരോടു് പറയണമെന്നില്ല. അങ്ങനെയുള്ള സന്ദർഭങ്ങളിൽ നാം അസത്യം പറഞ്ഞുപോകുകതന്നെ ചെയ്യുന്നു. ഇതു് ഒരു മാനസിക ദൗർബല്യമാണെന്നല്ലാതെ, ആദർശം മനുഷ്യനുവേണ്ടിയാണെന്നുള്ള ക്ഷുദ്രബുദ്ധിയാൽ പ്രേരിതരായി മനക്കരുത്തിന്റെ ലക്ഷണമാണെന്നു് ആരും വാദിക്കാറില്ല. ഏതായാലും ആ ദൗർബല്യം സത്യത്തെ അസത്യമാക്കിത്തീർക്കുന്നതോടെ ആദർശം അപ്രത്യക്ഷമായിത്തീരുകയാണു ചെയ്യുന്നതു്. അതു് നമുക്കുവേണ്ടി ഒരിക്കലും മാറുകയും മറിയുകയും ചെയ്യുകയില്ല എന്നു സാരം.

“കല കലയ്ക്കുവേണ്ടി” എന്നുള്ളതു കലാലോകത്തെ സംബന്ധിച്ചിടത്തോളം അത്യുന്നതമായ ഒരു ആദർശമാകുന്നു. നാം ഒരു വസ്തുവിനെ സ്നേഹിക്കയും ഭജിക്കയും ചെയ്യുന്നതു നമ്മുടെ സ്വാർത്ഥലാഭത്തിനുവേണ്ടിയാണെങ്കിൽ അതു നശിക്കയും, നമ്മെ നശിപ്പിക്കയും ചെയ്യും. സത്യത്തെ സ്വാർത്ഥതയ്ക്കുവേണ്ടി അസത്യമാക്കുമ്പോൾ സത്യംതന്നെ നശിക്കുന്നതുകൂടാതെ, നമ്മുടെ മനക്കരുത്തിനെക്കൂടി നശിപ്പിക്കുന്നതായി കാണുന്നുണ്ടല്ലോ. കലയിലും ഇതുതന്നെയാണു് വാസ്തവം. കലയെ രണ്ടു ചില്ലിക്കാശിനുവേണ്ടി ഒററിക്കൊടുത്താൽ ഒടുവിൽ, 30 വെള്ളിയ്ക്കുവേണ്ടി യേശുവിനെ ഒററിക്കൊടുത്ത യൂദാസിനെപ്പോലെ നാം പശ്ചാത്തപിക്കേണ്ടിവരും. ഇന്നത്തെ മലയാളനാടകങ്ങൾ ഒന്നൊഴിയാതെ സകലതും ഇതിനു് ഉദാഹരണങ്ങളാണു്. കഥയില്ലാത്ത പുരുഷാരം കൈ കൊട്ടാനിടയായാൽ മാത്രമേ ആ നാടകങ്ങൾകൊണ്ടു് ഉദരം ഭരിക്കാൻ വഴിയുണ്ടാകയുള്ളു എന്നു് നാടകകർത്താക്കൾക്കും കൺട്രാക്കുറന്മാർക്കും അറിയാം. അതിനാൽ മൂഢന്മാർക്കുവേണ്ടി കലയെ അവർ വ്യഭിചരിപ്പിക്കുന്നു. ഇങ്ങനെ സ്വാർത്ഥത, അഥവാ കല കലയ്ക്കുവേണ്ടിയല്ല, മനുഷ്യനു

വേണ്ടിയാണു് എന്നുള്ള സിദ്ധാന്തം, മലയാളത്തിൽ കലയെയല്ല, കലാഭാസങ്ങളെയാണു് ഉല്പാദിപ്പിക്കാനിടയായിട്ടുള്ളതെന്നു കാണാം. ഇക്കൂട്ടർ കൈരളീഘാതകന്മാരാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

നേരേമറിച്ചു് കലയെ അതിനോടുള്ള പ്രേമംകൊണ്ടു് അതിനുവേണ്ടിത്തന്നെ ഭജിക്കുമായിരുന്നെങ്കിൽ ഫലം എന്താകുമായിരുന്നു. അതു് ഇപ്പോഴത്തെപ്പോലെ കലാഭാസമായി അധഃപതിക്കയും, മററുള്ളവരുടെ കലാബോധത്തെ നശിപ്പിക്കയും ചെയ്യാതെ ഉൽകൃഷ്ടമായ ഒരു നിലയിലെത്തി നമ്മെ അനുഗ്രഹിക്കുമായിരുന്നു എന്നു മാത്രമേ ഇതിനു് സമാധാനമുള്ളു. ഇവിടെ നിസ്സ്വാത്ഥമായ ആദർശസേവകൊണ്ടു് ആദർശവും നാമും ഒന്നുപോലെ വളരുമെന്നാണു മനസ്സിലാക്കാനുള്ളതു്. അതിനു പകരം തലച്ചോറില്ലാത്ത ചില എം. എ. ബിരുദധാരികൾ പോലും പറയുന്നു, കല മനുഷ്യനുവേണ്ടിയാണെന്നും, അതിൽ "പ്രചരണോദ്ദേശം" ഉണ്ടെന്നും മററും. കലയിൽനിന്നു ഭിന്നമായ ഉദ്ദേശങ്ങൾ അതിൽ കലത്താമെന്നിരുന്നാൽതന്നെയും, അതാണു് കലയുടെ ലക്ഷ്യമെന്നു ശഠിക്കാൻ സാധിക്കയില്ല എന്നുപോലും അവർ ഓക്കുറില്ലല്ലോ.

മതവും, ജ്ഞാനവും മനുഷ്യനെ നന്നാക്കാനും അവനു സൽഗതിനൾകാനും കലയെപ്പോലെ പ്രയോജനപ്പെടുന്ന മററു രണ്ടു് ആദർശങ്ങളാണു്. കലയെക്കാൾ കൂടുതലായി മതവും ജ്ഞാനവും മനുഷ്യനെ അഭിവൃദ്ധിപ്പെടുത്തുമെന്നു വിചാരിക്കാൻ വഴിയില്ലാത്തതുകൊണ്ടാണു് അവ കലയെപ്പോലെമാത്രം പ്രയോജനപ്പെടുന്നതായി പറഞ്ഞതു്. മതാനുഷ്ഠാനത്തിൽ തെററുവരുത്താൻ മനുഷ്യനു ധാരാളം കഴിവുണ്ടു്. പക്ഷേ അതിനു കാരണം മതം മനുഷ്യനുവേണ്ടിയാണെന്നുള്ളതല്ല, അവനു മനക്കരുത്തില്ലെന്നുള്ളതാണു്. നേരേമറിച്ചു മതത്തിനുവേണ്ടിത്തന്നെ അതിനെ ആശ്രയിക്കുന്നവനു് അങ്ങനെ വ്യതിചലിക്കാൻ സാധിക്കയില്ലെന്നുള്ളതിനാൽ അവൻ ആത്മീയമായി പെട്ടെന്നു ഉയന്നു്, അനേകം സിദ്ധികൾ സ്വാധീനമാക്കുന്നു. ഈ ഘട്ടംവരെപ്പോലും സാധാരണന്മാർ ഒരിക്കലും ഉയരാറില്ല. ഇതിനു കാരണം സ്വാത്ഥതകൊണ്ടു് അവർ മതത്തെ നിമിഷംതോറും കൈവിട്ടുകളുകൊണ്ടിരിക്കുന്നു എന്നുള്ളതാണു്. മതം മനുഷ്യനുവേണ്ടിയാണെന്നു പറയുന്നവക്കു് അതുകൊണ്ടുള്ള പ്രയോജനം ഒരിക്കലും സിദ്ധിക്കുന്നില്ല. ജ്ഞാനത്തെസംബന്ധിച്ചും മേല്പറഞ്ഞതെല്ലാം വെറും പരമാത്ഥമാകുന്നു.

ചുരുക്കത്തിൽ ഇവയിൽനിന്നെല്ലാം ഒരു കാര്യം വ്യക്തമാകുന്നു. മനുഷ്യനെ സകലതിന്റെയും കേന്ദ്രമാക്കിക്കൊണ്ടു് ചിന്തിക്കുമ്പോൾ പലപ്പോഴും തെററുപററാൻ വളരെ എളുപ്പമുണ്ടു്. എല്ലാം സാധിക്കുന്ന ഒരു വിശിഷ്ടജീവിയായിരിക്കാം മനുഷ്യൻ പക്ഷെ അതിനുവേണ്ടി അവൻ കക്കശമായ നിയമങ്ങൾക്കു കീഴ്പ്പെട്ടു് തന്നെക്കാൾ എപ്പോഴും ഉയൎന്നുനിൽക്കുന്ന ആദശങ്ങളെ ലക്ഷ്യമാക്കി ജീവിക്കേണ്ടിയിരിക്കുന്നു. ആദർശങ്ങൾ തനിയ്ക്കുവേണ്ടിയാണെന്നു തെററിദ്ധരിക്കാൻ ദുരഭിമാനംമാത്രം മതി. എന്നാൽ ആദർശങ്ങൾ അവയ്ക്കുവേണ്ടിത്തന്നെ ആത്യന്തം പരിപാലിക്കാതെ ആക്കും ഒരു പ്രയോജനവും ലഭിക്കുന്നതല്ല.

സകലജീവികളുടേയും രാജാവു് മനുഷ്യനായിരിക്കാം ഞാൻ അതിനെ എതിക്കുന്നില്ല. എന്നാൽ മനുഷ്യനേക്കാൾ ശ്രേഷ്ഠവും, ഉന്നതവുംആയി ഈ ലോകത്തിൽ ഒന്നുമില്ലെന്നു വിചാരിക്കുന്നതു് അഹങ്കാരംകൊണ്ടല്ലെങ്കിൽ അറിവില്ലായ്മകൊണ്ടാണെന്നു പറഞ്ഞേ മതിയാവൂ. ചില തത്വങ്ങൾ, ചില ആദർശങ്ങൾ എന്നിവ എതുകാലത്തും മനുഷ്യനേക്കാൾ മഹത്വമുള്ളവയാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അവയെ ആരാധിക്കുന്നതിനുവേണ്ടി ജീവൻപോലും ബലികഴിക്കാൻ തയാറായവരാണു് ലോകത്തിലെ മഹാന്മാർ. അവരുടെ ചരിത്രം വായിച്ചുനോക്കുക. മനുഷ്യനുവേണ്ടിയാണു് ആദർശമെന്നല്ല, ആദർശത്തിനുവേണ്ടിയാണു് മനുഷ്യൻ എന്നത്രേ അവർ കരുതിയിരുന്നതെന്നു് അപ്പോൾ മനസ്സിലാകുന്നതാണു്.

# യുദ്ധവും സാഹിത്യവും

(മുഞ്ഞനാട്ടു് എ. എൻ. കൃഷ്ണപ്പണിക്കർ, കോട്ടയം.)

ഇന്നത്തെ വിശ്വസാഹിത്യത്തിന്റെ ഒരു വലിയ പങ്കു്, സമരത്തിന്റെ പശ്ചാത്തലത്തിൽ, സമരോൽസുകത സംജാതമാക്കുന്ന വിഷയത്തിൽ തീവ്രയത്നം ചെയ്തുകൊണ്ടു് പ്രകാശിതമായിക്കാണുന്നു. സാഹിത്യകാരന്മാരുടെ സ്വാതന്ത്ര്യചിന്തനം ഇന്നത്തെ സാഹചര്യങ്ങളിൽ അസ്തമിക്കാതെ തരമില്ല. യുദ്ധത്തിന്റെ ധാർമ്മികത്വത്തെ ചോദ്യംചെയ്യുന്നതോ, വെല്ലുവിളിക്കുന്നതോ ആയ ഒരു സാഹിത്യഗ്രന്ഥത്തിനു് സൂര്യപ്രകാശം കാണുവാനുള്ള അവകാശം അതതു ഭരണക്രമങ്ങൾ അനുവദിക്കുമെന്നും തോന്നുന്നില്ല. തനി ദേശീയതയിൽ വാർത്തെടുത്തവ ഒരു കൂട്ടം, ഹിംസാബുദ്ധിയെ പ്രബുദ്ധമാക്കുന്നവ മറ്റൊരു കൂട്ടം, സംഹാരകത്വത്തിന്റെ മനോഹാരിതയെ വാനോളം വാഴ്ത്തി പാടുന്നവ വേറൊന്നു്. എന്തിനേറെ, സാഹിത്യം രാഷ്ട്രത്തിന്റേയും രാഷ്ട്രീയബോധത്തിന്റേയും ആവശ്യാനുസാരം താളം പിടിക്കുന്ന ഒരു കാലമാണിതു്.

പാശ്ചാത്യ സാഹിത്യകൃതികളിലെ ഇന്നത്തെ നായകന്മാർ പടയാളികളും പടത്തലവന്മാരുമാണു്. അവരുടെ മേന്മ, ശത്രു നിർമ്മാർജ്ജനത്തിൽ അവർ പ്രകടിപ്പിച്ച വീരത്വവും കർമ്മകുശലതയുമാണു്. വിമാനപ്പോരുകളും, വ്യവസായശാലകളിലെ തൊഴിൽ ബഹളവും, പർവ്വതപ്രാന്തങ്ങളിലെ ഒളിപ്പോരും, ഈജിപ്തു് മണലാരണ്യത്തിലെ ക്ലേശജീവിതവും സാഹിത്യകാരന്മാരുടെ ഭാവനയ്ക്കു വിഷയമാകുന്നു. ചുരുക്കത്തിൽ സാഹിത്യം, വീരകർമ്മപ്രധാനമായും വികാരപ്രധാനമായും ഒരു പരിമിത പരിധിയിൽ വട്ടം കറങ്ങുന്നു. റഷ്യയിൽ സാഹിത്യമെന്നു മാത്രമല്ല, സകല സുന്ദരകലകളും യുദ്ധത്തിന്റെ ആവശ്യകതയെ നിറവേറ്റുകയത്രേ ചെയ്യുന്നതു്. സംഗീതജ്ഞന്റെ ശബ്ദം, ചിത്രകാരന്റെ ചായം, സാഹിത്യകാരന്റെ തൂവൽ, ശില്പകാരന്റെ ഉപകരണം ഇവയെല്ലാം ശത്രുവിനെ തുരത്തുന്നതിൽ കരുത്തുള്ളവയാക്കി തീർക്കുകയത്രേ റഷ്യൻ മനോഭാവം. ജർമ്മൻ സാഹിത്യമാണെങ്കിൽ, വർഗ്ഗമേന്മയേയും രക്തച്ചൊരിച്ചിലിനേയും പ്രഘോഷിപ്പിക്കുന്നവയും ഇതരജനവിഭാഗങ്ങളെ ഭർത്സിക്കുന്നവയും ആയി രൂപാന്തരപ്പെട്ടിട്ടു കാലം കുറേ ആയി.

ഇങ്ങനെ പാശ്ചാത്യസാഹിത്യകലയിൽ വന്നിരിക്കുന്ന പരിവർത്തനം നമ്മുടെ സാഹിത്യങ്ങളിൽ വിശേഷിച്ചു് മലയാളസാഹിത്യത്തിൽ അല്പമായിട്ടുമാത്രമേ അതിന്റെ പ്രത്യാഘാതം വെളിപ്പെടുത്തിയിട്ടുള്ളുഎന്നു് പറയേണ്ടിയിരിക്കുന്നു. എന്നാൽ കേരളീയർ വീരകർമ്മപ്രധാനമായ യുദ്ധത്തിൽ പ്രശസ്തിപെറ്റവരാണല്ലോ. അവരുടെ പിറകിൽ ഒരുവലിയ സമരസാഹിത്യംതന്നെയുണ്ടു്. വടക്കൻ പാട്ടുകൾ അവരുടെ ധൈര്യത്തേയും മററും വെളിപ്പെടുത്തുന്നവയാണു്. പരമഭക്തനായ എഴുത്തച്ഛൻതന്നെയും യുദ്ധവർണ്ണനയിലും അതിന്റെ പ്രതീതി ജനിപ്പിക്കുന്നതിലും അതീവസമർത്ഥനാണു്. പക്ഷേ ആധുനികസമരസാഹിത്യം അതിന്റെ ശരിയായ രീതിയിൽ ഭാഷയിൽ പ്രചരിച്ചുകാണുന്നില്ല ഇതിനു കാരണങ്ങൾ പലതാണു്. പാശ്ചാത്യരാജ്യങ്ങളിൽ മിക്ക പ്രമുഖസാഹിത്യകാരന്മാരും യുദ്ധനിർവ്വഹണത്തിൽ ഒരുതരത്തിലല്ലെങ്കിൽ മറെറാരുതരത്തിൽ സാരമായ ഭാഗം നേരിട്ടു വഹിച്ചു് അനുഭവജ്ഞാനം സമ്പാദിക്കുന്നവരത്രേ. ഇവിടാണെങ്കിൽ ഉദരവ്യഗ്രതയുടെ അധിപ്രസരംനിമിത്തം രണ്ടോ നാലോ പേർമാത്രമാണു് പട്ടാളവുമായി ഒട്ടിച്ചേർന്നിട്ടുള്ളതു്.

# "നല്ലപിള്ള"

[എൻ. കൃഷ്ണപിള്ള ബി. ഏ. ആണേഴ്സ്]

"രാമൻ ഒരു നല്ലകുട്ടിയാകുന്നു. അവൻ അതിരാവിലെ ഉണരും. നേരത്തെ കുളിക്കും. ഈശ്വരനെ വന്ദിക്കും. പാഠങ്ങൾ വായിക്കും. പള്ളിക്കൂടത്തിൽ പോകും." എന്നിങ്ങനെ പോകുന്ന ഒരു നല്ല കുട്ടിയുടെ ലക്ഷണം ഏതോ ബാലപാഠത്തിൽ കൊടുത്തുകണ്ടിട്ടുണ്ടു്. എന്തൊരു നല്ലകുട്ടിയാണവൻ! യാതൊരററ കുററവുമില്ലാത്ത ഒരു യന്ത്രത്തിന്റെ പ്രവൎത്തനക്രമം അവനുണ്ടു്. വ്യക്തിത്വബോധം എന്ന പാപം ആ സാധുവിനെ തീണ്ടിയിട്ടു പോലുമില്ല. മുറതെററാതെ, ഒരു നിമിഷം പാഴാക്കാതെ, അച്ഛനമ്മമാരുടെ ഉപദേശങ്ങളിലമൎന്നുജീവിക്കുന്ന ഒരു ബാലൻ! അവനെ മാതൃകയാക്കി സൎവ്വബാലന്മാരും അങ്ങു ജീവിച്ചിരുന്നെങ്കിൽ! അതുവേണ്ട. ആ പാഠം പഠിക്കുന്ന കുട്ടികളെങ്കിലും ആ മട്ടിൽ ജീവിക്കാൻ തയ്യാറായിരുന്നെങ്കിൽ! തികച്ചും സന്മാൎഗ്ഗത്തിൽ പടുത്ത ഒരു ഭാവിലോകത്തെ, അങ്ങനെ നമുക്കു സ്വപ്നത്തിലെങ്കിലും ഒന്നു കാണാൻ കഴിഞ്ഞെങ്കിൽ!

ഇത്രയും ബാലനായ രാമന്റെ കാൎയ്യം: അവൻ പ്രായപൂൎത്തിയെത്തി ഒരു പൌരനായാൽ എങ്ങനെ ഇരിക്കും എന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ബാലന്മാരെ ഉദ്ദേശിച്ചു നിൎമ്മിച്ചിട്ടുള്ള ഒന്നാംപാഠത്തിൽ പൌരനായ രാമനെപ്പററി പറയേണ്ട ആവശ്യമില്ലാത്തതുകൊണ്ടു് അക്കാൎയ്യം പറഞ്ഞിട്ടില്ല, അത്രയുള്ളൂ. ഒരു പൌരപാഠം എഴുതുകയാണെങ്കിൽ ആ രാമനെ എങ്ങനെ വേഷംകെട്ടിക്കുമെന്നു വിചാരിക്കുന്നു? കൊച്ചുരാമൻ വലിയരാമനാകുന്നതിനുമുമ്പു് എന്തെല്ലാം വികാസങ്ങൾക്കു വഴിപ്പെട്ടിരിക്കും? അവൻ ഒരു ക്ലാസ്സിലും തോല്ക്കാതെ സൎവ്വപാഠപുസ്തകങ്ങളും കരണ്ടുതിന്നു് ഒന്നാംക്ലാസ്സിൽ ഒന്നാമനായി പാസ്സായിരിക്കും. അനുസരണയ്ക്കും വിനയത്തിനും വണക്കത്തിനും സന്മാൎഗ്ഗചൎയ്യയ്ക്കും മാതൃക

---

യുദ്ധവും നാമുമായുള്ള അകല്ച്ച, യുദ്ധത്തിൽ ധാൎമ്മികവശത്തെപ്പററിയുള്ള നമ്മുടെ ചിന്താഗതി, ഇതെല്ലാം മലയാളസമരസാഹിത്യത്തിന്റെ ശോഷിപ്പിനു് നിദാനമായും ഉള്ളവയുടെതന്നെ പ്രചാരത്തിനു് ബാധകമായും തീൎന്നുപോയിരിക്കുന്നു. അന്തൎവാഹിനിയിലെ ഒരു കപ്പിത്താനെ നായകനാക്കി ഒരു സ്വതന്ത്ര ചെറുകഥ രചിക്കാൻ വൈഭവമുള്ള കാഥികന്മാർ നമ്മുടെഇടയിൽ എത്രപേരുണ്ടു്? ഒരു വൈമാനികന്റെ അനുഭവങ്ങളെ ആധാരമാക്കി, ഒരു നോവലെഴുതുവാൻ വിരുതുള്ളവർ നമ്മുടെഇടയിൽ വളരെ ചുരുങ്ങും. ആകയാൽ അങ്ങുമിങ്ങുംനിന്നു് ചില തൎജ്ജമകൾകൊണ്ടു് നാം തൃപ്തിപ്പെടേണ്ടതായിവരും. അത്തരം തൎജ്ജമകൾക്കു് ആധുനികസമരസാഹചൎയ്യങ്ങളെപ്പററി വലിയ തുമ്പൊന്നും ഇല്ലാത്ത മലയാളികളുടെഇടയിൽ പ്രചാരം ലഭിക്കാനും വിഷമമാണു്. എങ്കിലും മലയാളസാഹിത്യത്തിന്റെ വികാസത്തിനു് ഉത്തമങ്ങളായ സമരസാഹിത്യകൃതികൾ എഴുതുകയും തൎജ്ജമ ചെയ്തു് പ്രസിദ്ധപ്പെടുത്തുകയും അത്യാവശ്യമാണെന്നു് പറയാതെ തരമില്ല.

യായി നാട്ടുകാരും ഗുരുജനങ്ങളും പൊതുസ്ഥാപനങ്ങളും ദേവന്മാരും അദ്ദേഹത്തെ ഉദാഹരിക്കുന്നുണ്ടായിരിക്കും. ആരെയും വേദനിപ്പിക്കാത്ത സംഭാഷണവും ആരുപറയുന്നതും ശരിയാണെന്നു സമ്മതിക്കാനുള്ള സന്മനോഭാവവും എടുത്തുചാടിച്ചെന്നു ആക്രമിക്കാത്ത സ്വാഭിപ്രായങ്ങൾ എഴുന്നള്ളിക്കാത്ത പ്രകൃതവും കാലത്തു പതിനൊന്നുമണിതൊട്ടു വൈകിട്ടു കൃത്യം അഞ്ചുവരെ ഒരുനിമിഷംവിടാതെ പണിയെടുക്കാനുള്ള കർത്തവ്യബോധവും ആ സത്ഭൃത്യന്റെ യശഃപ്രസരത്തെ ചക്രവാളസീമകൾക്കപ്പുറം എത്തിച്ചിരിക്കും. സാമുദായികവും രാഷ്ട്രീയവുമായ നിയമത്തിന്റെ ആജ്ഞകളോടു് നിറഞ്ഞ ബഹുമാനവും അനുസരണവും, നാലുപേർ പുലർത്തുന്ന ആചാരങ്ങളിൽ കളങ്കമററ വിശ്വാസം, നിത്യവും ക്രിയാനുഷ്ഠാനബഹുലമായ ഈശ്വരപൂജ, സ്വന്തം കാര്യങ്ങൾക്കും സമുദായത്തിന്റെ വരിയോലയ്ക്കും അമ്പലങ്ങളിലെ വഴിപാടുകൾക്കുംമാത്രം ധനംചിലവാക്കുന്ന മിതവ്യയശീലം ഈ മട്ടിലായിരിക്കും ആ പൌരരത്നത്തിന്റെ ജീവിതഗതി. സർവ്വഥാ വിജയപൂർണ്ണമായ ഒരു ജീവിതം! വാക്കുകൾക്കു് ഒരു ഭവ്യതയും പ്രവൃത്തികൾക്കു ഒരു ഗുരുത്വവും നടപടികൾക്കു ഒരു ശുചിത്വവും ഇണങ്ങിച്ചേർന്നിട്ടുള്ള ഒരു സുമംഗലചരിത്രം! ധർമ്മശാസ്ത്രഗ്രന്ഥങ്ങൾക്കോ, നിയമസംഹിതകൾക്കോ, ആചാരമര്യാദകൾക്കോ അപ്പുറം പോകത്തക്ക മൌഢ്യം ആ പ്രതിഭാസമ്പന്നനുണ്ടായിട്ടില്ല. ആ രാമഭഗവാനെ നാം നൂറുവട്ടം നമസ്കരിക്കുക!

വേണ്ട, വേണ്ട. നമസ്കരിക്കാൻ വരട്ടെ. ആ പുണ്യശ്രീമാനെ ഒന്നെടുത്തുപിടിച്ചു നിറുത്തി അദ്ദേഹത്തിന്റെ പുറംചട്ടകൾ കഴററി മാററിയിട്ടാകാം നമസ്കാരകർമ്മം. കണ്ണുകളഞ്ചിക്കുന്ന ആ കഞ്ചുകവിശേഷങ്ങൾ ഓരോന്നോരോന്നായി മാററിക്കഴിഞ്ഞാൽ നാം കാണുന്ന രൂപം എന്താണു്? അഥവാ ഏതെങ്കിലും രൂപം നമുക്കു കാണാൻ കഴിയുമോ? അറപ്പോ അധൈര്യമോ കൂടാതെ നോക്കാൻ കഴിയുമെങ്കിൽ, ആത്മാവിനെ വഞ്ചിക്കാതെയും സ്വാഭിപ്രായത്തെ ബലികഴിക്കാതെയും നാക്കനക്കാൻ സന്നദ്ധതയുണ്ടെങ്കിൽ ആ ആവരണങ്ങൾക്കുകീഴെ നമുക്കു ഒന്നുംതന്നെ കാണാൻ കഴിയുകയില്ല. ചുവന്നുള്ളിയുടെ തോടുകൾ പൊളിച്ചു് അതിന്റെ കാമ്പു കണ്ടുപിടിക്കാൻ യത്നിക്കുന്നതുപോലെ വിഫലമാണു് നമ്മുടെ പരിശ്രമം. അയാൾക്കു ചട്ടകളെ ഉള്ളൂ, ശരീരമില്ലാ. ഒരുപക്ഷേ ആ ചട്ടകളെത്തന്നെയാണു് നാം ഒരു വ്യക്തിയായി തെററിദ്ധരിക്കുന്നതു്. ശീലമുണ്ടു്, സ്വഭാവമുണ്ടു്, പ്രവൃത്തികളുണ്ടു്, മററുപലതുമുണ്ടു്; പക്ഷേ മനുഷ്യനെ കാണാനില്ല. ചെറുമുളപൊട്ടി ഉയന്ന വ്യക്തിത്വം എന്നേ വാടിക്കരുടിച്ചു നശിച്ചുകഴിഞ്ഞിരിക്കുന്നു. 'പത്തുപേരു'ടെ ശീലങ്ങൾ അയാളും ശീലിച്ചുപോരുന്നുണ്ടു്. സമുദായത്തിന്റെ സ്വഭാവങ്ങളുടെ നിഴലുകളെന്നോണം ചില സ്വഭാവങ്ങൾ അയാൾക്കുമുണ്ടു്. എന്തിനാണു ചെയ്യുന്നതെന്നു തനിക്കുതന്നെ അറിഞ്ഞുകൂടാത്ത ചില പ്രവൃത്തികൾ ഏതോ മൂകശാസനം അനുസരിച്ചെന്നപോലെ അയാൾ ചെയ്യാറുണ്ടു്. പക്ഷേ രാമനെ മററാളുകളിൽനിന്നും വേർതിരിച്ചു നിറുത്താൻ മാത്രം നമുക്കു കഴിയുകയില്ല. കാരണം വേറൊന്നുമല്ല. രാമനെന്നൊരാൾ ജീവിച്ചിരിപ്പില്ല. അയാളെന്നപേരിൽ അയാൾക്കു പകരം ജീവിക്കുന്നതു് മുൻപു പറഞ്ഞതുപോലെ കുറെ ശീലങ്ങളും സ്വഭാവങ്ങളും പ്രവൃത്തികളുംകൂടി കെട്ടിമുറുക്കിയ ഒരു ഭാണ്ഡമാണു്. ആ ജീർണ്ണഭാണ്ഡത്തെയാണു വകതിരിവുകെട്ട ലോകം രാമനെന്നു പേരിട്ടു നിറുത്തിയിരിക്കുന്നതു്. ഒരൊററക്കാര്യത്തെപ്പററി സ്വതന്ത്രമായി ചിന്തിക്കാൻ അയാൾക്കു കഴിവില്ല. എതിർത്തുപറയാൻ വളയുന്ന നാക്കിന്റെ ഉടമസ്ഥാവകാശം അയാൾക്കു സിദ്ധിച്ചിട്ടില്ല. ചുററും കാണുന്ന വസ്തുക്കളേയും പ്രതിഭാസങ്ങളേയും സ്ഥാപനങ്ങളേയും നിയമങ്ങളേയും ആചാരങ്ങളേയും അനുഷ്ഠാനങ്ങളേയും പ്രതിഷേധശബ്ദം പുറപ്പെടുവിക്കാതെ അയാൾ സ്വീകരിക്കുന്നു. "നിങ്ങളുടെ ഇടത്തുവശത്തുകൂടി പോകണം" എന്ന യാത്രാനിയമവും "നിങ്ങൾ ഭരണകൂടത്തെപ്പററി ഒരക്ഷരം മിണ്ടിപ്പോകരുതു്" എന്നു് ഏതു പരിഷ്കൃതഗവർമ്മെന്റു സ്വീകരിച്ചിട്ടുള്ള രാഷ്ട്രീ

യ നിയമവും ഒരേ മനോഭാവത്തോടെ തലകുനിച്ചു സ്വീകരിക്കാൻ തക്ക മനഃസ്ഥിതിയാണു് ആ ശൂന്യാത്മാവിനുള്ളതു്. പഴയതും പുതിയതും നല്ലതും ചീത്തയും ബലിഷ്ഠവും ദുർബലവും വകതിരിച്ചറിയാൻ അയാൾ ബദ്ധപ്പെടാറില്ല.

തഥ്യയും മിഥ്യയും സത്യവും സത്യാഭാസവും ആ കണ്ണിൽ ഒരേ മട്ടിലാണു പ്രത്യക്ഷപ്പെടുക. മനുഷ്യരാശിയുടെ മംഗളോദയത്തെ കുരുന്നിൽതന്നെ നുള്ളുന്ന ദുഷ്ടസ്ഥാപനങ്ങളും യുക്തിരഹിതങ്ങളായ നിയമങ്ങളും ഏതേതെല്ലാമെന്നു കണ്ടുപിടിക്കാനോ അവയെ എതിർക്കാനോ ഒരു ചെറുവിരൽപോലും അയാൾ അനക്കുകയില്ല. അച്ഛനമ്മമാർ പറയുന്നതും പൂർവികന്മാർ ശാസിക്കുന്നതും പാരമ്പര്യം ഉപദേശിക്കുന്നതും സമുദായം ആജ്ഞാപിക്കുന്നതും ഭരണകൂടം അടിച്ചേല്പിക്കുന്നതും നിയമം നിർബ്ബന്ധിക്കുന്നതും മതപ്രചാരകന്മാർ കുത്തിവയ്ക്കുന്നതും ആകെക്കൂടി ചേർന്നുകഴിഞ്ഞാൽ രാമനായി. പ്രതിഭയുടെ മിന്നാമിനുങ്ങുവെളിച്ചംപോലും ആ തമോസഞ്ചയത്തിൽ എത്തിനോക്കിയിട്ടില്ല. പരിണാമം, വികാസം തുടങ്ങിയ പ്രാപഞ്ചികനിയമങ്ങളെപ്പററി ഒരു നിമിഷനേരംപോലും അയാൾക്കു ഓർമ്മിക്കാൻ ശക്തിയില്ല. കാലോചിതമായി വിശ്വാസങ്ങൾ പുതുക്കിപ്പിടിക്കാനും ലോകാഭിവൃദ്ധിക്കു അനുപേക്ഷണീയങ്ങളായ ആവശ്യങ്ങൾ അറിഞ്ഞു പെരുമാറാനും സൃഷ്ടിപരമായ ജീവിതചര്യ അവലംബിക്കാനും കഴിയാത്ത ആ ജന്മത്തെയാണു് നാം സന്മാർഗ്ഗരഹസ്യത്തിന്റെ മഹാവിജയമായി ദിക്കെങ്ങും ഉദ്ഘോഷിക്കുന്നതു്. തകർന്നുപൊളിഞ്ഞ അടിത്തറകളെ ശില്പവൈദഗ്ദ്ധ്യമെന്നു കൊണ്ടാടാൻ മറവുള്ളവരുടെ പക്കൽനിന്നും അഭ്യസിച്ചു്, ജനനോദ്ദേശ്യം നിർവ്വഹിച്ചതിനു ശേഷം നൂററാണ്ടുകൾ കഴിഞ്ഞിട്ടും പരമ്പരയാ തുടർന്നുവരുന്ന ഉപയോഗശൂന്യങ്ങളായ നിയമസഹസ്രങ്ങളെ പൂ നുള്ളിയിട്ടു പൂജിച്ചു്, സ്വകീയമായ സുഖങ്ങളും ഭദ്രതയും അപകടത്തിലാകുമെന്നു കരുതി അബദ്ധം കണ്ടാൽ അബദ്ധമെന്നു പറയാതെയും, അധഃപതനം കാണാൻ ശക്തിയുണ്ടെങ്കിൽതന്നെ പേടിച്ചു രണ്ടു പുരോഗതിയെന്നു വ്യാഖ്യാനിച്ചും ജീവിക്കുന്ന എത്രയെത്ര മര്യാദരാമന്മാർ നമ്മുടെ ഇടയിൽ കഴിഞ്ഞുകൂടുന്നു?

വികാരാവേശം ഉപേക്ഷിച്ചു് ശാന്തമായൊന്നാലോചിച്ചുനോക്കാം. ഈ സന്മാർഗ്ഗരഹസ്യത്തെപ്പററി, ഒരാൾ നല്ലവനായി ജീവിക്കുക എന്നുവച്ചാൽ എന്താണർത്ഥം? നന്മയ്ക്കു നിയതമായ വല്ല ലക്ഷണവുമുണ്ടോ? നന്മ സ്ഥിരവും ശാശ്വതവും ഭേദഹീനവുമാണോ? കാലദേശോചിതമായ വിവിധപരിണാമങ്ങൾക്കു വിധേയമാണോ സന്മാർഗ്ഗബോധം? ഈ ചോദ്യങ്ങൾക്കു മറുപടികൾ വിഭിന്നമായിരിക്കുമെങ്കിലും ഒരു കാര്യം തീർച്ച് പറയാം. അന്യർക്കു് യാതൊരുവിധമായ ഉപദ്രവവും ദ്രോഹവും പീഡയും സ്വജീവിതംകൊണ്ടു് ഉണ്ടാകാതെ ജീവിക്കുകയാണു് സന്മാർഗ്ഗത്തിന്റെ പരമമായ ലക്ഷ്യം. ആത്മസുഖവും പരസുഖവുമായി താരതമ്യം ചെയ്യുമ്പോൾ പരസുഖവും ആത്മസുഖവും ഒരേകാലത്തുനൽകുന്ന വൃത്തികളെ മാത്രം സ്വീകരിച്ചനുഷ്ഠിക്കുകയാണു് ഏററവും സാന്മാർഗ്ഗികമായ വൃത്തി. കുറേക്കൂടി താണ പടിയിലേക്കു് ഇറങ്ങിവന്നിരുന്നാൽതന്നെ, പരസുഖം നൽകാൻ കഴിഞ്ഞില്ലെങ്കിലും പരദുഃഖം ജനിപ്പിക്കാത്ത കർമ്മങ്ങളനുഷ്ഠിക്കുകയാണു് ജീവിതലക്ഷ്യമെന്നു പറയേണ്ടിവരും. ശ്രമാവഹമായ ഒരു ചോദ്യം ഈ ഘട്ടത്തിൽ ഉദിക്കാവുന്നതു് പരസുഖം എന്ന പദത്തിന്റെ വ്യാപ്തിയെപ്പററിയാണു്. ഒരു ഭ്രാന്തനു് നാം പട്ടിയെപ്പോലെ മോങ്ങുന്നതു കാണാൻ സുഖമായിരിക്കാം. ആ സുഖം നാം ഉണ്ടാക്കാൻ തുടങ്ങുന്നതു ബുദ്ധിപൂർവ്വമാണോ? ഒരിക്കലുമല്ല. ആത്മപ്രീണനവും പരപ്രീണനവും ഒരേമട്ടിൽ നടത്താൻ കഴിയുന്ന ഒരു യുക്തിയുക്തമായ പദ്ധതിയെ ആയിരിക്കണം നാം സന്മാർഗ്ഗചര്യയെന്നു കരുതേണ്ടതു്. നമുക്കു് നമ്മുടെ വ്യക്തിത്വത്തോടും സമുദായത്തിന്റെ സത്തയോടും സമാനഗൗരവം തികഞ്ഞ കടപ്പാടുകളുണ്ടു്. അവ പരസ്പരം ഹിംസിക്കുന്ന സന്ദർഭത്തിലാണു അസന്മാർഗ്ഗത്തിന്റെ ഉല്പത്തി. സമുദായത്തെ സന്തോഷിപ്പിക്കുന്നതോടൊപ്പം വ്യക്തിത്വത്തിന്റെ മാഹാത്മ്യഗരിമയ്ക്കു കോട്ടം തട്ടാതെ സൂക്ഷിക്കാനും നാം ശ്രദ്ധിക്കുകതന്നെ

വേണം. അന്തഃകരണത്തിൻെറ ആഹ്വാനങ്ങൾ ചില അവസരങ്ങളിൽ സമുദായത്തിൻെറ അററകുററങ്ങളെയും ദുർബ്ബലതകളെയും വിളിച്ചുപറയാൻ നമ്മെ പ്രേരിപ്പിച്ചെന്നു വരാം. ആ ഘട്ടങ്ങളിൽ ഭീരുത്വവും ആലസ്യവും അവലംബിക്കുകയാണെങ്കിൽ നമ്മുടെ വ്യക്തിത്വത്തെ നരകത്തിൽ പടുകയങ്ങളിൽ വലിച്ചെറിയുകയായിരിക്കും ചെയ്യുന്നതു്. ഓരോ കാലങ്ങളിലെ ആവശ്യങ്ങളനുസരിച്ചു സൃഷ്ടിച്ചുവയ്ക്കുന്നതും സമുദായഭദ്രതയെ പൂർണ്ണമായി ദീക്ഷിക്കുന്നതുമായ നിയമങ്ങളും സ്ഥാപനങ്ങളും ആചാരങ്ങളും വിശ്വാസങ്ങളും വേറൊരു കാലത്തു മലിനവും ആപൽക്കരവും അധഃപതനകാരകവുമായി പരിണമിക്കാനിടയുണ്ടു്. ആ പരിണാമത്തിൽനിന്നും ലോകത്തെ രക്ഷിക്കുന്നതിനു ശരീരവും മനസ്സും വാക്കും പ്രവൃത്തിയും വ്യാപരിപ്പിക്കേണ്ട കർത്തവ്യം സന്മാർഗ്ഗം കാംക്ഷിക്കുന്ന ഓരോ മനുഷ്യനും വന്നുകൂടുന്നതാണു്. അത്യുഗ്രമായ എതിർപ്പും അസഹ്യമായ അവമതിയും ഏററുകൊണ്ടാണു് ഈ കർത്തവ്യനിർവ്വഹണത്തിൽ ഏർപ്പെടേണ്ടിവരുന്നതു്. വർത്തമാനകാലത്തിലെ ദുരിതങ്ങളും ദൂഷ്യങ്ങളും കൊള്ളരുതായ്മകളും പൊള്ളത്തരങ്ങളും കണ്ടുപിടിക്കുകയും ഉറക്കെ വിളിച്ചറിയിക്കുകയും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും നിർദ്ദേശാനുസരണം പ്രവർത്തിക്കുകയും ചെയ്യുക എന്ന പരിപാവനമായ ചുമതല, ഭാവിയുടെ ഭദ്രതയിൽ വിശ്വസിക്കുന്ന ഏതൊരാളും ഏറെറടുക്കാതെ നിവൃത്തിയില്ല. വിവേകഹീനതയുടെ പരമദയനീയമായ സ്വഭാവമെന്നേ പറയാവൂ, അങ്ങനെ ഏറെറടുക്കാൻ സന്നദ്ധതയുള്ളവരെ, 'ചീത്തക്കുട്ടികൾ' 'വിപ്ലവകാരികൾ' 'രക്തസാക്ഷികൾ' എന്നൊക്കെ മുദ്രയടിക്കാനാണു സമുദായം ഒരുങ്ങിനിൽക്കുന്നതു്. ആ സമുദായത്തിലെ പ്രധാനി നാം മുമ്പുപറഞ്ഞ 'രാമൻ എന്ന നല്ല കുട്ടി'യുമായിരിക്കും. സത്യാന്വേഷണശീലത്തിൻെറയും വിശകലനവൃത്തിയുടെയും യുക്തിശക്തിയുടെയും പ്രകാശത്തിൽക്കൂടി സമുദായത്തെ പഠിക്കാനും ശുദ്ധീകരിക്കാനും സംസ്കരിക്കാനും ആത്മാർപ്പണം ചെയ്യുന്ന ആ 'ചീത്തക്കുട്ടി'കളുടെ സംഖ്യ പെരുകിപ്പൊങ്ങുന്ന കാലത്താണു് ശുഭമയമായ ഒരു ഭാവിയുടെ അരുണോദയം നാം കണ്ടുതുടങ്ങുന്നതു്. അക്കൂട്ടർ ഏതുകാലത്തും ഹിംസ അനുഭവിച്ചിട്ടുണ്ടു്. നരകയാതനയ്ക്കുഴിയിൽ വലഞ്ഞുപുളഞ്ഞിട്ടുണ്ടു്. കുരിശും മുൾക്കിരീടവും തൂക്കുമരവും കാരാഗൃഹവുമാണു് ലോകസംഗ്രഹാർത്ഥം ജീവിക്കുന്ന ഈ 'ചീത്തക്കുട്ടികൾ'ക്കു നാം ഏതുകാലത്തും കൊടുത്തിട്ടുള്ള പ്രതിഫലങ്ങൾ. പ്രതിഫലം കൊടുത്തുകഴിഞ്ഞു് അനവധി വർഷങ്ങൾക്കുശേഷം നാം പശ്ചാത്താപഭരിതരായി ഒരുതുള്ളി കണ്ണുനീർ പൊഴിച്ചെന്നു വരാം. ഒരു ദീർഘശ്വാസം പുറപ്പെടുവിച്ചെന്നു വരാം. ഒരുനിമിഷം സ്വയം ശപിച്ചെന്നുവരാം. പക്ഷേ അതുകൊണ്ടെന്തു ഫലം? ഉപകാരം ചെയ്യുന്നവനെ കണ്ടുപിടിക്കാൻ കഴിയുന്ന കണ്ണു് നമ്മുടെ മുഖത്തില്ലാത്തിടത്തോളംകാലം നാം രാക്ഷസന്മാരാണു്, ജീവിക്കാനർഹതയില്ലാത്തവരാണു്. ചുരുക്കിപ്പറഞ്ഞാൽ 'മര്യാദരാമൻെറ' ആരാധകന്മാരാണു്. ആ സ്ഥിതിയ്ക്കു് അനുസരണക്കേടു്, 'വണക്കമില്ലായ്മ, സാഹസശീലം, അവഹേളനം, നിഷേധം എന്നു തുടങ്ങി നാളതുവരെ പല ഘട്ടങ്ങളിലായി മനുഷ്യരാശിയെ മുന്നോട്ടു കൊണ്ടുപോയിട്ടുള്ള ഉജ്ജ്വലപ്രേരണകൾ നമുക്കു രസിച്ചെന്നു വരികയില്ല. അവയ്ക്കെതിരായി പ്രചരണം നടത്തുകയെന്ന അസാന്മാർഗ്ഗികവൃത്തിയുടെ അടിസ്ഥാനത്തിലാണു് ഒരു സന്മാർഗ്ഗശാസ്ത്രം തന്നെ നാം കെട്ടിപ്പൊക്കിയിട്ടുള്ളതു്. ആ അസുന്ദരശില്പം വിടവുകളും വിള്ളലുകളും വീണു് ഇടിഞ്ഞു തകരാറായിരിക്കുന്നു എന്നു മനസ്സിലാകാൻ തക്ക ബുദ്ധിയെങ്കിലും നമുക്കുണ്ടാകുമെങ്കിൽ ശുഭാപ്തിവിശ്വാസം കൊള്ളാൻ ചെറിയൊരവകാശം നമുക്കുണ്ടാകുമെന്നു പറയാം. ഇരുമ്പു് തുരുമ്പാണെന്നു മനസ്സിലായാലും ഇരുമ്പെന്നു ഉരുക്കഴിച്ചുകൊണ്ടുനടക്കാനും നടക്കണമെന്നു ഉപദേശിക്കാനും വേണ്ടി ജീവിക്കുന്ന രാമഭഗവാന്മാരുടെ കാലത്തു് സന്മാർഗ്ഗത്തിൻെറ പുലകുളിയും വ്യക്തിത്വത്തിൻെറ തേജോവധവും സമുദായത്തിൻെറ ആത്മഹത്യയും ഏകത്ര സംഭവിക്കുന്നെങ്കിൽ എന്താണത്ഭുതം?

# ആശയത്തിൻെറ പ്രതിദ്ധ്വനി

(എം. പി. അപ്പൻ എം. എ., എൽ. ടി.)

"ശൈലപ്രസ്ഥത്തിൽനിന്നും ഝടിതിപട-
ത്തുപ്രൗഢികൈക്കൊണ്ടുചാടി-
ക്കൂലംകുത്തിക്കുതിക്കും കുടിലതടിനികാം-
ക്കളളകോലാഹലത്തിൽ"

(ഉള്ളൂർ — മംഗളമഞ്ജരി)

പാറക്കൂട്ടങ്ങളെ അടിച്ചുതകർത്ത് കലങ്ങി മറിഞ്ഞു് കരകവിഞ്ഞൊഴുകുന്ന ഒരു കാട്ടാറിനെ, മുകളിൽ ഉദ്ധരിച്ചിട്ടുള്ള കാവ്യശകലം നമുക്കു പ്രത്യക്ഷമാക്കിത്തരുന്നുണ്ടു്. നദിയുടെ പ്രവാഹത്തെ പ്രതിദ്ധ്വനിപ്പിക്കാൻ പര്യാപ്തമായ പദങ്ങളെ സമഞ്ജസമായി വിന്യസിച്ചിരിക്കുന്നതുകൊണ്ടാണു് ഈ വരികൾക്കു് ഭംഗി വന്നിട്ടുള്ളതു്.

ഒരു കവി താൻ കാണുന്നതുപോലെ വായനക്കാരനു കാണിച്ചുകൊടുക്കുന്നു; തനിക്കുണ്ടാകുന്ന വികാരങ്ങളെ വായനക്കാരനിലും ജനിപ്പിക്കുന്നു. തൻെറ ആശയത്തെ ആവിഷ്കരിക്കാൻ കാവ്യകാരൻ പ്രയോഗിക്കുന്ന ഓരോ പദവും സമുചിതമായിരിക്കേണ്ടതാകുന്നു. ഒരേ അർത്ഥത്തെക്കുറിക്കുന്നതിനു് അനേകം വാക്കുകളുണ്ടെന്നു നാം സാധാരണമായി മനസ്സിലാക്കിയിട്ടുള്ളതു് അത്ര ശരിയല്ല. ഒരാശയം രേഖപ്പെടുത്തുന്നതിനു ഒരൊററ വാക്കേ ഉള്ളൂ എന്നാണു് ഫ്ളാബർട്ടു് എന്ന ഫ്രഞ്ചു സാഹിത്യകാരൻ പറഞ്ഞിരിക്കുന്നതു്. അല്പമാലോചിച്ചാൽ ഇതു ശരിയാണെന്നു ബോദ്ധ്യമാകുന്നതാണു്. മുഖത്തിനു് ആസ്യം, ആനനം, വദനം, വക്ത്രം എന്നിങ്ങനെ പലേ പര്യായങ്ങളുമുണ്ടെങ്കിലും അവയ്ക്കു തമ്മിൽ വ്യത്യാസമുണ്ടു്. കവിതയിൽ പ്രയോഗിക്കപ്പെടുമ്പോൾ സന്ദർഭഭേദംനിമിത്തം ആ വ്യത്യാസം കുറേക്കൂടി സ്പഷ്ടമാകുന്നതാണു്. ഒരു വാക്കിനു് അനേകം പര്യായങ്ങളുള്ളവയിൽ ഏററവും ഉചിതമായ പദം തെരഞ്ഞെടുക്കുന്നതിലാണു് ഒരു കാവ്യകാരൻെറ കലാപാടവം വെളിപ്പെടുന്നതു്.

വസ്തുവ്യവസ്ഥവിനെപ്പററി ശരിയായ പ്രതീതി ഉളവാകണമെങ്കിൽ സമുചിതമായ പദങ്ങൾ അഥവാ അർത്ഥത്തെ പ്രതിദ്ധ്വനിപ്പിക്കുന്ന പദങ്ങൾ പ്രയോഗിക്കേണ്ടതാകുന്നു. ചില വാക്കുകൾ വേർതിരിഞ്ഞു നിൽക്കുമ്പോൾപോലും അർത്ഥത്തെ പ്രതിദ്ധ്വനിപ്പിക്കാൻ അതിശക്തങ്ങളാണു്. ഉദാഹരണമായി "ദുന്ദുഭി" എന്ന പദത്തെ എടുക്കാം. "ദുന്ദുഭി" എന്നുവെച്ചാൽ പെരുമ്പറയെന്നാണർത്ഥം. പെരുമ്പറയിൽനിന്നുണ്ടാകുന്ന 'ദും ദും' എന്ന ശബ്ദത്തെ അടിസ്ഥാനമാക്കിയാണു് ഈ വാക്കുണ്ടാക്കിയിട്ടുള്ളതു്. ഇതുപോലെ 'ഝംകാരം' 'കാകൻ' മുതലായ പദങ്ങളും അനുസ്മരണീയങ്ങളാകുന്നു.

സന്ദർഭോചിതങ്ങളായ വാക്കുകൾകൊണ്ടു് കവികൾ അർത്ഥത്തെ പ്രതിദ്ധ്വനിപ്പിച്ചിരിക്കുന്നതു് എങ്ങനെയാണെന്നു നോക്കാം.

"ഇരമ്പിക്കയർത്താശു തുംഗസ്വനോഗ്ര-
ത്തരംഗങ്ങളാം രണ്ടുസിന്ധുക്കൾപോലെ"

എന്നാണു്, ഭീമദുശ്ശാസനന്മാരുടെ യുദ്ധത്തെ "ഭീമപ്രഭാവം" എന്നകാവ്യത്തിൽ പന്തളം കേരളവർമ്മ വർണ്ണിച്ചിട്ടുള്ളതു്. 'ഇരമ്പി', 'തുംഗം', 'തരംഗം' മുതലായ പദങ്ങൾ സമുചിതമായി മേളിച്ചു് വീചീവിക്ഷുബ്ധിതമായ ഒരു മഹാസമുദ്രത്തെ നമ്മുടെ മുമ്പിൽ പ്രത്യക്ഷമാക്കിത്തരുന്നു.

"അവൻെറ കണ്ഠദ്ധ്വനയമാസ്വദിച്ചി-
തഭംഗമംഗല്യമൃദംഗനാദം"

(വള്ളത്തോൾ — സാഹിത്യമഞ്ജരി)

കർഷകൻ കേട്ട ഇടിമുഴക്കത്തെപ്പററിയാണു ഇവിടെ പറയുന്നതു്. 'അഭംഗം' 'മംഗല്യം'

'മൃദംഗം' എന്നീ വാക്കുകൾകൊണ്ടു് ഇടിമുഴക്കത്തിന്റെ അഥവാ അതിനു തുല്യമായ മൃദംഗനാദത്തിന്റെ പ്രതീതി നമുക്കുണ്ടാകുന്നു.

"ലോലപ്പൂമ്പാദസരത്തിലെക്കിങ്കിണീ
ജാലം കിലുങ്ങി മുഴങ്ങുമാറും"
(ആശാൻ—ചണ്ഡാലഭിക്ഷുകി)

ചണ്ഡാലകന്യക വെള്ളംകോരാൻ നടന്നുപോയപ്പോൾ അവളുടെ കാൽച്ചിലങ്ക കിലുങ്ങിയതിനെ, 'കിങ്കിണി' 'കിലുങ്ങി' 'മുഴങ്ങും' എന്നീ പദങ്ങൾകൊണ്ടു് പ്രതിദ്ധ്വനിപ്പിച്ചിരിക്കുന്നു.

"നുരനിരചിതമന്ന വക്ത്രമോടും
ഖുരപുടതാഡിതഭൂമിരേണുവോടും
തുരഗവരനുമാപ്രസേനനെക്കൊ-
ണ്ടുരുതരവേഗമണഞ്ഞിതാസ്ഥലത്തിൽ"
(കേ. സി.—കേശവീയം)

പ്രസേനൻ കുതിരപ്പുറത്തു കയറി വേഗത്തിൽ ഓടിച്ചുപോയതിനെയാണു് ഇവിടെ വർണ്ണിച്ചിരിക്കുന്നതു്. കുതിരയുടെ വായിൽ നുര പൊങ്ങുന്നതായും, അതിന്റെ കുളമ്പടിശബ്ദം കേൾക്കുന്നതായും, അതു് അതിവേഗത്തിൽ ഓടുന്നതായും നമുക്കനുഭവപ്പെടുന്നതു് ആശയത്തെ പ്രതിദ്ധ്വനിപ്പിക്കുന്ന ശബ്ദങ്ങളുടെ പ്രയോഗംകൊണ്ടുതന്നെയാണു്.

"സത്യം സ്യന്ദനചക്രമിഗ്ഘനപഥം
മർദ്ദിച്ചു തീപാറുമാറു്"
(ആശാൻ—പ്രരോദനം)

എന്നും,

"കനമുടയഘനാഘനങ്ങളിന്മേൽ
കനലൊളിചേർത്തുരുളുന്ന കാലചക്രം"
(കുറ്റിപ്പുറം – നവ്യോപഹാരം)

എന്നും ഉള്ള ഭാഗങ്ങളിൽ "ഘനപഥം" "ഘനാഘനം" മുതലായ ശബ്ദങ്ങളുടെ ആരോഹണാവരോഹണങ്ങൾകൊണ്ടു് ഒരു വാഹനത്തിന്റെ ചക്രങ്ങൾ അതിവേഗത്തിൽ സഞ്ചരിക്കുന്നതിനെപ്പറ്റിയുള്ള പ്രതീതി ഉണ്ടാകുന്നു.

"ജ്വലനാഞ്ചലപരിചഞ്ചലമാം
കാഞ്ചനഭാസ്സാൽ"
(എൻ. ഗോപാലപിള്ള—പ്രേമസുഷമ)

ഇവിടെ തീജ്ജ്വാലയുടെ ചലനാത്മകത്വം, വർണ്ണോജ്ജ്വലതയും നമുക്കനുഭവപ്പെടുന്നതു് 'ജ്വലനൻ' 'അഞ്ചലം' 'ചഞ്ചലം' തുടങ്ങിയ പദങ്ങളെ ഉചിതസ്ഥാനത്തു പ്രയോഗിച്ചിരിക്കുന്നതുകൊണ്ടാണു്.

മുകളിൽകാണിച്ചിട്ടുള്ള ഉദാഹരണങ്ങളിൽ ശബ്ദം അർത്ഥത്തെ പ്രതിദ്ധ്വനിപ്പിക്കുന്നതു എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു്. എന്നാൽ ആശയത്തിന്റെ മാറെറാലി ഇത്രത്തോളം വ്യക്തമാകാത്ത കവിതകളുണ്ടു്. അങ്ങനെയുള്ള കവിതകളിൽ ശബ്ദം അർത്ഥത്തെ പ്രതിദ്ധ്വനിപ്പിക്കുന്നു എന്നു പറയുന്നതിനേക്കാൾ, ശബ്ദം അർത്ഥത്തെ സാക്ഷാൽക്കരിക്കുന്നു എന്നു പറയുന്നതാണു് കുറേക്കൂടി ശരിയായിട്ടുള്ളതു്. ഒന്നുരണ്ടുദാഹരണങ്ങൾ കാണിക്കാം.

"അല്ലെങ്കിൽമറെറാരുകൊച്ചുനിലാവിതാ
മുല്ലപ്പൂപോലുള്ള തൂനിലാവിൽ"
(വള്ളത്തോൾ—മഗ്ദലനമറിയം)

മനോഹരമായ ചന്ദ്രികയിൽ നടന്നുപോകുന്ന സുന്ദരിയായ മഗ്ദലനയെ, ഒരു ചെറിയ നിലാവായിട്ടാണു കവി രൂപണം ചെയ്തിരിക്കുന്നതു്. മുമ്പു കാണിച്ച ഉദാഹരണങ്ങളിലെന്നപോലെ ഇവിടെ അർത്ഥത്തിന്റെ പ്രതിധ്വനി വ്യക്തമായി അനുഭവപ്പെടുന്നില്ല. അതിനു കാരണമുണ്ടു്. 'മൃദംഗം', 'ചിലമ്പു്', 'തരംഗം' മുതലായവയുടെ പ്രതിദ്ധ്വനി മനസ്സിലാക്കാൻ എളുപ്പമാണു്. എന്നാൽ ഇവിടെ ശബ്ദിക്കുന്ന ഒരു വസ്തുവിനെയല്ല, നിഭൃതമായി ശോഭിക്കുന്ന ചന്ദ്രികാപ്രസരത്തെയാണു് വർണ്ണിച്ചിരിക്കുന്നതു്. അങ്ങനെ നിശ്ശബ്ദമായ ഒരു വസ്തുവിന്റെ പ്രതീതി ഉണ്ടാക്കേണ്ടതു് ചില പ്രത്യേക അക്ഷരങ്ങൾകൊണ്ടല്ല, പിന്നെയോ അർത്ഥത്തെ സാക്ഷാൽക്കരിക്കുന്ന ഉചിതപദങ്ങളുടെ സമീചീനമായ സമ്മേളനംകൊണ്ടാണു്. താദൃശമായ ഒരു ഭംഗിയാണു മുകളിൽ ഉദ്ധൃതമായ കാവ്യഖണ്ഡത്തിൽ സാധിച്ചിരിക്കുന്നതു്.

"ആഹാ! രചിച്ചു ചെറുലൂതകളാശുനിന്റെ
ദേഹത്തിനേകി ചരമാവരണം ദുകൂലം;
സ്നേഹാർദ്രയായുടനുഷസ്സുമണിഞ്ഞുനിന്മേൽ
നീഹാരശീകരമനോഹരമന്ത്യഹാരം"
(ആശാൻ—വീണപൂവു്)

വീണപൂവിൻെറ പുറത്തു് ചിലന്തിവലയാകുന്ന ചരമാവരണം കിടക്കുന്നതായും അതിൻെറ പുറത്തു മഞ്ഞുനീർത്തുള്ളികളാകുന്ന അന്ത്യഹാരം ശോഭിക്കുന്നതായും നമുക്കനുഭവപ്പെടുന്നതു് ശോകരസത്തിനു യോജിച്ച പദങ്ങളെ—വിശേഷിച്ചും വിശേഷണങ്ങളെ—ഉചിതമായി പ്രയോഗിച്ചിരിക്കുന്നതുകൊണ്ടാണു്".

"അരുതിച്ചതി, പൊന്നുമക്കളേ!
വരുവിൻ കണ്ണു തുറന്നുനോക്കുവിൻ
ഒരുമിച്ചെഴുനേല്പി,നോമനി-
പ്പൊരുപെററമ്മവിളിക്കയല്ലയോ?

(ഉള്ളൂർ – ഉമാകേരളം)

ഈ ശ്ലോകത്തിൽ, സന്ദർഭോചിതങ്ങളും സാധാരണങ്ങളുമായ മലയാളപദങ്ങൾ പ്രയോഗിച്ചു് കരുണരസം വരുത്തിയിരിക്കുന്നു. ശബ്ദാഡംബരവും അലങ്കാരധോരണിയും കൂടാതെ ഹൃദയദ്രവീകരണസമർത്ഥമായ കവിത രചിക്കാൻ കഴിയുമെന്നുള്ളതിനും ഈ ശ്ലോകം ദൃഷ്ടാന്തമാകുന്നു.

"തിരമാലകൾ ചുരുളുംപടി കിളരുംപൊഴു-
(തുതിരും
കുളിർവെൺപതപുരളുംവളർകുമളപ്പുതു-
(തേർമേൽ"

(എൻ ഗോപാലപിള്ള—നവമുകുളം)

ഇവിടെ തിരമാലകളുടെ ആരോഹണവും അവരോഹണവും, നീർക്കുമിളകളുടെ വർണ്ണവും ചലനവും സാക്ഷാൽക്കരിച്ചിരിക്കുന്നതു്, ഐകരൂപ്യത്തോടുകൂടിയ ഉചിതപദങ്ങളെ ശരിയായ സ്ഥാനങ്ങളിൽ വിന്യസിച്ചിട്ടാണു്.

"കുല പകുതിചുവന്ന പച്ചനെല്ലാൽ
അലകൾനിരന്നുപരന്നകൊച്ചുപാടം
ചലകിസലയരാജിതീർത്ത സാന്ധ്യാ-
ജ്ജ്വലമധുരദ്യുതിപൂണ്ടപുഷ്പവാടം."

(ജി. ശങ്കരക്കുറുപ്പ്—സൂര്യകാന്തി)

ഇവിടെയും പ്രഥമശ്രവണത്തിൽ ശബ്ദം അർത്ഥത്തെ പ്രതിദ്ധ്വനിപ്പിക്കുന്നതായി തോന്നില്ലെങ്കിലും വാക്‌സമൂഹം ആശയത്തെ സാക്ഷാൽക്കരിച്ചിരിക്കുന്നു എന്നുള്ളതു സ്പഷ്ടമാണു്.

"അരുണവർണ്ണമാർന്നവർണ്യഭംഗിയിൽ
ധരാതലംപരംപ്രകാശമാനമായ്
ചെറുചെടികളിൽനിരന്നപൂക്കളിൽ
നറുവെയിലൊളിതലോടിമെല്ലവേ
സുമതതിയതിമനോജ്ഞരീതിയിൽ
ക്രമരതിയൊടുവിടുന്നിടുന്നിതാ.

(ബോധേശ്വരൻ – ഹൃദയാങ്കുരം)

ഈ കാവ്യഖണ്ഡം വായിക്കുമ്പോൾ പുലരിയിൽ ഭൂമുഖത്തു് പ്രകാശം പരക്കുന്നതായും വരിയായി നിൽക്കുന്ന ചെടികളെ ഇളംവെയിൽ തലോടുന്നതായും, പൂക്കൾ ഭംഗിയായി വിടരുന്നതായും നമുക്കു തോന്നുന്നതു് അർത്ഥത്തെ സാക്ഷാൽക്കരിക്കാൻ സമർത്ഥങ്ങളായ പദങ്ങളെ—വിശേഷണങ്ങളെ—വിന്യസിച്ചിരിക്കുന്നതുകൊണ്ടാണു്.

സന്ദർഭോചിതമല്ലാത്ത വാക്കുകളുടെ സാന്നിദ്ധ്യംകൊണ്ടു് കവിതയ്ക്കു നേരിടുന്ന വൈകല്യങ്ങളെപ്പററിയാണു ഇനി പറയാനുള്ളതു്.

"പൂവൽക്കയ്യുകൾ മുൻവശത്തുരസനാ-
സ്ഥാനത്തിലർപ്പിച്ചിതാ
ദൈവത്തിൻകഴൽ മൌലിയാൽ മുകരുവാൻ
കുമ്പിട്ടുനില്പാകയാൽ
താവൽകഞ്ചുകസംവൃതസ്തനഭര-
വ്യാനമ്രകമ്രാംഗിതൻ
തുവക്ത്രം ഹഹ! തണ്ടൊടിഞ്ഞ നളിനം
പോലേ വിളങ്ങുന്നിതേ"

(വള്ളത്തോൾ—സാഹിത്യമഞ്ജരി)

മുട്ടുകുത്തി മുഖംകുനിച്ചു് ഈശ്വരനെ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ഒരു മുസ്ലിംവനിതയുടെ മുഖത്തെയാണു് ഈ ശ്ലോകത്തിൽ വർണ്ണിച്ചിരിക്കുന്നതു്. ഇതിനിടെ "വക്ത്രം" എന്നപദം അത്ര സമഞ്ജസമല്ലെന്നു പറയേണ്ടിയിരിക്കുന്നു. കോമളമായ ഒരു മുഖത്തിൻെറ പ്രതീതി വരുത്താൻ ആ വാക്കിനു കഴിവില്ല ഒരു രാക്ഷസിയുടെയോ വിരൂപിണിയുടെയോ മുഖത്തെ വർണ്ണിക്കാനാണു് ആ വാക്കു ഉപകരിക്കുന്നതു്.

"ഝടിതിയിങ്ങിതാ പാരം ചാരുവായ്
പ്രാംശുവായ് നിഴൽ
പടിഞ്ഞാറു വിശ്രുമൊരു ഭാസുരാകൃതി"

(ആശാൻ—കരുണ)

ഇവിടെ "പ്രാംശു"എന്ന വാക്കിനു ഭംഗി പോരാ എന്നു ഒരു സഹൃദയനു തോന്നാവുന്ന താണു്.

മുകളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പദദോഷങ്ങൾ അത്ര ഗൌരവമേറിയവയല്ല. എന്നാൽ വശ്യവാക്കുകളായ കവിശ്രേഷ്ഠന്മാർ വാക്ൺവശ്യന്മാരായിത്തീരുമ്പോളുണ്ടാകുന്ന വൈകല്യങ്ങൾ കവിതയുടെ ഭംഗിയെ വളരെ കുറയ്ക്കുമെന്നുള്ളതിനു് കേരളകാളിദാസപ്രഭൃതികളുടെ പല ശ്ലോകങ്ങളും ഉദാഹരണങ്ങളാണു്. മയൂരസന്ദേശത്തിൽ നരസിംഹമൂർത്തിയെ ഇങ്ങനെ വർണ്ണിച്ചിരിക്കുന്നു.

"കാരാഗാരാകലിതസുരനാം ദൈത്യനേ
(നിഗ്രഹിപ്പാൻ
ഘോരാകാരാധികഭയദനായ്പാരിലാത്താ-
(വതാരം
പാരാവാരാദ്ഗുരുതരരവം ഭക്തലോകാനുകമ്പാ-
പൂരാധാരായിതഹൃദയമാരാധയാരാന്നൃ-
(സിംഹം"

ഈ ശ്ലോകം വായിക്കുമ്പോൾ നരസിംഹമൂർത്തിയെപ്പറ്റി ഏതാണ്ടൊരു ബോധമുണ്ടാകുന്നുണ്ടെങ്കിലും, സഹൃദയന്റെ ഹൃദയം കവിയുടെ ശബ്ദാഡംബരത്തിൽ മുങ്ങിപ്പോകുകയാണു ചെയ്യുന്നതു. കവിയുടെ ശബ്ദകുബേരത്വത്തെ നാംതലകുലുക്കിസമ്മതിക്കുന്നു. വർണ്ണ്യവസ്തുവിന്റെ പ്രതീതി ഉണ്ടാക്കുന്നതിനേക്കാൾ കവിയുടെ ശബ്ദവൈചിത്ര്യത്തെപ്പറ്റി ചിന്തിപ്പിക്കാൻ ഉതകുന്ന ഈ കവിത ഒന്നാംകിടയിലുള്ളതാണെന്നു പറയാൻ പ്രയാസമാണു്.

നരസിംഹമൂർത്തിയെ ഉണ്ണുനീലിസന്ദേശകാരൻ വർണ്ണിച്ചിട്ടുള്ളതു എങ്ങനെയാണെന്നു നോക്കാം.

"വജ്രക്രൂരൈർന്നഖരശിഖരൈർ
ദ്ദാരിതേ ദൈത്യവീരൻ
മാറിൽത്തങ്ങും നെടിയകുടരാൽ
ചാർത്തുമമ്മൂർത്തിതന്നെ
ഭക്തത്രാണപ്രവണഹൃദയാം-
ഭോരുഹം നാരസിംഹം
പിന്നെക്കുമ്പിട്ടരുളുകസഖേ,
തെക്കിനേൽത്തമ്പുരാനെ.
(ഉണ്ണുനീലിസന്ദേശം)

ഈ ശ്ലോകം വായിക്കുമ്പോൾ നരസിംഹത്തെത്തന്നെയാണു് നാം മുമ്പിൽ കാണുന്നതു്. ശബ്ദങ്ങളുടെ ഔജ്ജ്വല്യം നമ്മുടെ ശ്രദ്ധയെ വ്യതിചലിപ്പിക്കുന്നില്ല. കേരളകാളിദാസന്റെ ശ്ലോകം വായിക്കുമ്പോൾ കവി കേമൻ തന്നെ എന്നു നാം പറഞ്ഞുപോകുന്നു. എന്നാൽ ഉണ്ണുനീലിസന്ദേശകാരന്റെ ശ്ലോകം വായിക്കുമ്പോൾ, നാം കവിയെപ്പറ്റി ചിന്തിക്കുന്നില്ല; വർണ്ണ്യവസ്തു നമ്മുടെ മുമ്പിൽ പ്രത്യക്ഷമാകുന്നു. ഉൽക്കൃഷ്ടമായ കലാപാടവം ഏതിലാണു വെളിപ്പെടുന്നതെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ.

ശബ്ദത്തിനും അർത്ഥത്തിനും സൌന്ദര്യം ഉണ്ടായിരിക്കേണ്ടതു് ആവശ്യംതന്നെയെങ്കിലും ശബ്ദത്തിന്റെ ഉജ്ജ്വലമായ പ്രഭാപ്രസരത്തിൽ അർത്ഥം മങ്ങിപ്പോകാതിരുന്നാലേ യഥാർത്ഥമായ കാവ്യകലാസൗഷ്ഠവം ഉണ്ടാവുകയുള്ളു. കേരളവർമ്മദേവൻ മുതലായ വശ്യവചസ്സുകളുടെ കവിതകളിൽ ശബ്ദസൌന്ദര്യത്തിനോടുള്ള പ്രതിപത്തികൊണ്ടു് പലേടത്തും ദോഷം കടന്നുകൂടിയിട്ടുണ്ടു്. അങ്ങനെയുള്ള അവസരങ്ങളിൽ വാക്കുകൾ കവിയ്ക്കു് സ്വാധീനമാകുന്നതിനുപകരം കവി വാക്കുകൾക്കു അധീനനാകുന്നതായിട്ടാണു കണ്ടുവരാറുള്ളതു് വെൺമണിപ്രഭൃതികളുടെ കവിതാരീതിയെ പരാമർശിക്കുന്ന ഒരവസരത്തിൽ "ശബ്ദത്തിൽ കിട്ടിയതു് അർത്ഥത്തിൽ പോയി" എന്നു മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുള്ളതും,

"ശങ്കാപേതമുദിക്കുമത്ഥരുചിയെ-
ങ്ങെങ്ങാവെറും ശബ്ദമാ-
മങ്കോലക്കുരുവിന്റെ എണ്ണയിലെഴ-
നാജ്ജ്വാലകൗതൂഹലം"
[പ്രരോദനം]

എന്നു് ആശാൻ ആക്ഷേപിച്ചിട്ടുള്ളതും,

"പുതിയ നിലയിലുള്ളാപ്രാസമേററിട്ടനത്ഥ-
സ്ഥിതിയിലവപതിച്ചു ക്ഷുദ്രകാവ്യങ്ങൾ-
(പോലെ"
(ചിത്രയോഗം)

എന്നു് വള്ളത്തോൾ സൂചിപ്പിച്ചിട്ടുള്ളതും ഈ അവസരത്തിൽ സ്മരണീയമാകുന്നു.

അത്ഥത്തെ ശബ്ദംകൊണ്ടു് പ്രതിദ്ധ്വനിപ്പിക്കുകഅല്ലെങ്കിൽ സാക്ഷാൽക്കരിക്കുകഎന്നുള്ളതു് എപ്പോഴും ആവശ്യമാണോഎന്നും അതു സാദ്ധ്യമാണോഎന്നും സംശയം ഉണ്ടാകാവുന്നതാണു്. അതു് ആവശ്യമാണെന്നുള്ളതു നിസ്തക്കമാകുന്നു. ശബ്ദവും അത്ഥവും വേണ്ടതുപോലെ യോജിച്ചില്ലെങ്കിൽ ഉത്തമമായ കവിതയാവുകയില്ല. എന്നാൽ ഇതു് എപ്പോഴും സാധിച്ചുഎന്നുവരുന്നതല്ല. വശ്യവചസ്സുകളായ കവികളുടെ ചില കവിതകൾ തന്നെ ഇതിനു ദൃഷ്ടാന്തമാണല്ലോ. എങ്കിലും ഉൽകൃഷ്ടകാവ്യങ്ങളിലെല്ലാം ശബ്ദവും അത്ഥവും തമ്മിലുള്ള പൊരുത്തം വേണ്ടതുപോലെ നിറവേററിയിട്ടുണ്ടെന്നുള്ള വസ്തുതയും വിസ്മരിച്ചുകൂടാത്തതാകുന്നു. സംഗീതത്തിൽ ആശയവും ശബ്ദവും ഭിന്നമല്ലാത്ത രീതിയിൽ സമ്മേളിച്ചിരിക്കുന്നതിനാൽ അതാണു് ഏററവും സമഞ്ജസമായ കലയെന്നും സംഗീതത്തിലെന്നതുപോലെ അർത്ഥവും ശബ്ദവും യോജിച്ചിരുന്നാലേ ഒരു കല പരിപൂണ്ണമാണെന്നു പറയാവുഎന്നും, ആംഗലേയവിമശകാഗ്രേസരനായ വാൾട്ടർ പെയ്ററർ പറഞ്ഞിട്ടുള്ള അഭിപ്രായം ആദരണീയമാകുന്നു. ഉൽകൃഷ്ടകാവ്യകലയിൽ ശബ്ദവും അത്ഥവും എങ്ങനെ അഭിന്നമായിരിക്കുന്നുഎന്നുള്ളതിനു് മുമ്പു് ഉദ്ധരിച്ച "അല്ലെങ്കിലിങ്ങൊരു കൊച്ചുനിലാവിതാ" മുതലായ കാവ്യഭാഗങ്ങൾ ഉത്തമോദാഹരണങ്ങളത്രെ.

ഒരു കാവ്യത്തിനു അത്ഥഭംഗിയുണ്ടെങ്കിൽ ശബ്ദഭംഗി കുറഞ്ഞുപോയാലും തരക്കേടില്ലെന്നു ചില വിമർശകന്മാർ പറയാറുണ്ടു്. ഈ അഭിപ്രായത്തോടു യോജിക്കാൻ പ്രയാസമാണു്. അത്ഥസൌന്ദര്യം ശ്ലാഘനീയമാണെങ്കിലും, സമുചിതമായ ശബ്ദസൌന്ദര്യംകൂടെയില്ലെങ്കിൽ ഒരുകവിത പരിപൂണ്ണമാകുന്നതല്ല. അത്ഥത്തിൻെറ ഗാംഭീയ്യവും പ്രൗഢിയും നിമിത്തം അതിനു യോജിച്ച ശബ്ദം പ്രയോഗിക്കാൻ ഒരു കവിയ്ക്കു സാദ്ധ്യമല്ലാതെ വന്നേക്കാം എങ്കിലും അതൊരു കുറവുതന്നെയാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല.

ചില കവികൾ ഒരിക്കൽ എഴുതിയതിനെ ഒന്നിലധികം പ്രാവശ്യം തിരുത്തിയിട്ടുള്ളതിനു് ധാരാളം ഉദാഹരണങ്ങളുണ്ടു്. ഗിബ്ബൺ എന്ന പ്രസിദ്ധ സാഹിത്യകാരനു് "റോമാസാമ്രാജ്യത്തിൻെറ ചരിത്ര"ത്തിൻെറ ചില ഭാഗങ്ങൾ രണ്ടു മൂന്നു പ്രാവശ്യം മാററി എഴുതേണ്ടിവന്നു. കീററ്സിൻെറ "A thing of beauty is a joy for ever" എന്ന സുപ്രസിദ്ധമായ വരി തിരുത്തലിനു ശേഷമാണു ആ രൂപം കൈക്കൊണ്ടിട്ടുള്ളതു്. ആദ്യം എഴുതിയതു് "A thing of beauty is a constant joy" എന്നായിരുന്നു. കുമാരനാശാൻെറ "ലീല" എന്ന ഖണ്ഡകാവ്യത്തിലെ

"കരുതുവതിഹചെയ്യുവയ്യ; ചെയ്യാൻ
വരുതിലഭിച്ചതിൽനിന്നിടാവിചാരം
പരമഹിതമറിഞ്ഞുകൂട;യായു-
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം"

എന്ന ശ്ലോകത്തിൻെറ മൂന്നാമത്തെ വരി ആദ്യമെഴുതിയപ്പോൾ,

"പരമഹിതമറിഞ്ഞുകൂട; ഭാവ-
സ്ഥിരതയുമില്ല" എന്നായിരുന്നുവെന്നു് അദ്ദേഹത്തിൻെറ കൈപ്പടയുടെ ഒരു ബ്ലോക്കിൽനിന്നു മനസ്സിലാകുന്നുണ്ടു്. ഒരിക്കൽ എഴുതിയ വരിയെ തിരുത്തുകയോ മാററുകയോ ചെയ്യാൻ ഇടവരുന്നതു് ഉദ്ദിഷ്ടമായ ആശയത്തെ പ്രകാശിപ്പിക്കാൻ ആദ്യം പ്രയോഗിച്ച ശബ്ദം പര്യാപ്തമല്ലാത്തതുകൊണ്ടാണല്ലോ. യഥാത്ഥ കലാകാരന്മാരായ കവികളുടെ കാര്യകമ്മം സൂക്ഷിച്ചു പരിശോധിച്ചാൽ അത്ഥത്തിനു യോജിച്ച ശബ്ദം കണ്ടുപിടിക്കുന്നതിനുവേണ്ടി അവർ ഗണനീയമായി യത്നിച്ചിട്ടുണ്ടെന്നു തെളിയുന്നതാണു്. കാവ്യമമ്മജ്ഞനായ ഒരു കവി എഴുതിയ ഒരു വരിയിൽനിന്നു് ഒരു വാക്കെടുത്തിട്ടു അത്ഥഭംഗംവരാതെ പകരം വേറൊരു വാക്കുവെയ്ക്കാൻ സാധിക്കുകയില്ല.

ഉള്ളിൽ തോന്നിയതെല്ലാം എഴുതിത്തള്ളാതെ, അവധാനപൂവ്വം ആലോചിച്ചു് ഉൽകൃഷ്ടമായ ആശയത്തിനു് രചനാസൗകുമാര്യം നൽകാൻ ശ്രമിച്ചിട്ടുള്ള സാഹിത്യകാരന്മാരുടെ കൃതികളാണു് എന്നും സഹൃദയ ഹൃദയാഹ്ലാദകമായിത്തീരുന്നതു്.

"വാഗത്ഥതുല്യംപിരിയാതെയുള്ള
യോഗത്തൊടും ലോകപിതാക്കളായി

# * "സനാതനൻ"

(ടാഗോർ)

വെൺതിരമാലകൾ കാകളിപാടുന്ന
വിൺപുഴതൻചാരുതീരഭൂവിൽ
ഹന്ത! 'സനാതന'നേകാന്തചിത്തനായ്
തൻജപമാല'യുരു'തികയ്ക്കേ;
കീറിമുഷിഞ്ഞ തുണികൾ ധരിച്ചൊരു
ഭൂദേവനന്തികംതന്നിലെത്തി,
യാചിച്ചുനിന്നേവം—"സ്വാമീ,ഭവാനെനി-
യ്ക്കേകണേ! വല്ലതും, നില്ഠനൻഞാൻ"

ആർദ്രഹൃദയനായ്ച്ചൊന്നുസനാതന-
നർത്ഥികൾക്കേകിനേൻ സർവ്വം ഞാൻ
യാതൊന്നുമില്ലിനി നൽകുവാൻ, കാണുമീ
യാചനാപാത്രമൊഴികേയന്യം!"

ഓതിവിനീതനായ് വീണ്ടുമാബ്രാഹ്മണ-
"നാവിധമെങ്കി,ലീയാമിനിയിൽ
ഞാനുറങ്ങീടവേ, സ്വപ്നത്തിലെൻമുന്നി-
ലാഗതനായാമൃഗാങ്കചൂഡൻ
അക്കൃപാവാരിധിയെന്നോടുരച്ചല്ലോ
ത്വൽസവിധത്തിലണയുവാനായ്"

ii

ഓർത്തുസനാതന—നപ്പുഴവക്കിലെ
കൊച്ചുശിലകൾക്കിടയിൽനിന്നും
താൻ കണ്ടെടുത്ത മഹാർഘമായിട്ടുമാ-
മഞ്ജുളരത്നത്തിൻകാര്യമപ്പോൾ
ഉണ്ടാകാമാവശ്യമാക്കെങ്കിലുമെന്ന
ചിന്തയാലായതാവെൺമണലിൽ
ചെറുകുഴിച്ചുതാൻ മൂടിവെച്ചേടമാ
വിപ്രനു കാട്ടിക്കൊടുത്തുവേഗം!

ആനന്ദമഗ്നനാ-യാശ്ചര്യോന്മത്തനാ-
യാമഹീദേവനാദിക്കിൽനിന്നും,
ആ വിലയോതുവാനാകാത്തരത്നത്തെ
ആവേശപൂർവ്വം കുഴിച്ചെടുത്താൻ.

iii

അന്തിക്കുളിർതെന്നൽ മന്ദം തലോടുന്ന
മഞ്ജുതരുനിരതന്റെപിന്നിൽ
ഭാസ്കരൻതാഴ്ന്നു; തിരിച്ചുപോയ്ഗോപാലർ
ഗോക്കളോടൊത്തുതൻ (?) വീടുകളിൽ.
അപ്പൊഴുമാമണൽത്തിട്ടിലേകാകിയായ്
വിപ്രൻ വിചാരത്തിലാഴ്ന്നിരുന്നു.
മന്ദമെഴുന്നേററനന്തരമങ്ങുനി-
ന്നന്തണൻ ചിന്താവിവശനായി;
ഹന്ത!നടന്നു സനാതനൻതന്നുടെ-
യന്തികമെത്തിയുരച്ചിവണ്ണം:—
"വിശ്വത്തിലുള്ള ധനങ്ങളെയൊക്കെയും
പുച്ഛിക്കും ശാശ്വതവിത്തമേതോ,
ആയതിൽനിന്നുമൊരംശമതെങ്കിലു-
മേകണേ! സ്വാമിൻ, ഭവാനെനിക്കായ്"
ഏവമുരച്ചുതിൻശേഷമമൂല്യമാ-
മാമഹാരത്നത്തെ വീതശങ്കം,
പൊട്ടിച്ചിരിക്കുമാഗംഗയിലേയ്ക്കുഹാ
പെട്ടെന്നു വിപ്രൻ വലിച്ചെറിഞ്ഞു.

* പരി: വെച്ചൂർ ശ്രീനിവാസ്.

---

പേർകൊണ്ട ഗൗരിപരമേശ്വരക്കായ്
വാഗർത്ഥബോധംവരുവാൻ തൊഴുന്നേൻ."
(ഭാഷാരഘുവംശം)

എന്നു് പ്രാർത്ഥിച്ച കാളിദാസൻ ഈ തത്വം നല്ലതുപോലെ മനസ്സിലാക്കിക്കൊണ്ടാണു് കാവ്യകർമ്മം അനുഷ്ഠിച്ചിട്ടുള്ളതു്. അതുകൊണ്ടുതന്നെയാണു് അദ്ദേഹത്തിന്റെ കവിതയെ

"ധ്വനിഭിരമൃതബിന്ദുസ്യന്ദിഭിഃ പ്രീണയന്തീ
സഹൃദയമഭിരാമൈരന്വിതാ ഭാവഭേദൈഃ
സരസമുചിതശയ്യാമാശ്രിതാ വിശ്വലോകം
സുഖയതിസുകുമാരാ കാളിദാസസ്യവാണീ"

എന്നു് ചന്ദ്രോത്സവകാരൻ ശ്ലാഘിച്ചിട്ടുള്ളതും.

# * ടാഗോറിൻെറ കത്തുകൾ

i

(പരിഭാഷകൻ, പി. ശേഷാദ്രിഅയ്യർ ബി. എ , എം എൽ.)

നവംബർ 1923. പലെടത്തും ചുററിസ്സഞ്ചരിച്ചു് ഞാൻ ക്ഷീണാകുലനായിരിക്കുന്നു. കാട്ടിയാറാഡിലെ രാജക്കോട്ടു് എന്ന സ്ഥലത്തു് ഞാൻ എത്തിയിരിക്കയാണു്. ഇവിടെനിന്നു് ഇനിയും പലസ്ഥലങ്ങളിലും ചുററിക്കറങ്ങേണ്ടിയിരിക്കുന്നു ഡിസംബർ ആദ്യം ഞാൻ അഹമ്മദബാദിൽ ആയിരിക്കുമെന്നു തോന്നുന്നു. നിങ്ങൾ ആ സമയത്തു അവിടെ വരികയാണെങ്കിൽ തമ്മിൽ കാണാം.

സംഗീതത്തെസംബന്ധിച്ചു് നിങ്ങളുമായി എനിക്കു് അഭിപ്രായവ്യത്യാസമുണ്ടെന്നുവിചാരിച്ചു് യാതൊരു സങ്കോചവും വേണ്ടാ പൃഥിവിയിൽ പർവ്വതവും സമുദ്രവും തമ്മിൽ വ്യത്യാസമുണ്ടെങ്കിലും ആ വ്യത്യാസത്തെ ആസ്പദമാക്കി അവതമ്മിൽ ശണ്ഠകൂട്ടുകയാണെങ്കിൽ ജീവജന്തുക്കൾക്കു പിന്നെ എവിടാണു രക്ഷ? അവതമ്മിൽ യഥാർത്ഥത്തിൽ വ്യത്യാസമൊന്നുമില്ലെങ്കിൽ മരുഭൂമിക്കു സമാനമായ അവയിൽ ജീവിക്കുക കുറേക്കൂടി പ്രയാസമാണു്. മനുഷ്യർതമ്മിലും മാനസലോകത്തിൽ വ്യത്യാസം ഉണ്ടു്. എന്നാൽ ആ വ്യത്യാസം വച്ചുകൊണ്ടു്, തമ്മിൽ കലഹിക്കുന്നതു യുക്തമല്ല. അഭിവൃദ്ധിയ്ക്കു് പലപ്പോഴും പരസ്പരസംഘട്ടനം ആവശ്യമായി എന്നു വരാം; എന്നാൽ ആ സംഘട്ടനം ഒരിക്കലും സംഹാരമായി പരിണമിക്കരുതു്. ഇതാണു് എൻെറ അഭിലാഷം. സംഗീതതത്വങ്ങളെസംബന്ധിച്ചുള്ള എൻെറ അഭിപ്രായത്തെ നിങ്ങൾ എതിർക്കുകയാണെങ്കിലും ഞാൻ വിവദിക്കാൻ ഒരുങ്ങുകയില്ലെന്നുള്ളതു നിശ്ചയംതന്നെ. അഭിപ്രായങ്ങളിൽ യോജിപ്പില്ലെങ്കിലും സ്നേഹംകൊണ്ടുള്ള യോജിപ്പു് നിലനില്ക്കുന്നതാണു്; ഇതൊന്നുകൊണ്ടുതന്നെ സ്നേഹത്തിൻെറ മാഹാത്മ്യം വ്യക്തമാകുന്നു.

---

* ദിലീപകുമാർറായിയ്ക്കു് അയച്ച കത്തു്.

---

അവിവേകത്തിൻെറ കയ്യിലകപ്പെട്ട ഉഷ്ണീഷ്യക്കു്, ഒരു പനിനീർപ്പൂവിനെ തൊടുവാൻ ഭാഗ്യമില്ല!

*     *     *     *     *

അനന്തമായ ആകാശത്തിൻെറ നിത്യസംഗീതത്തിൽ ചക്രവാളമാകുന്ന അപസ്വരം കലർത്തിയ മർത്ത്യൻെറ അപരാധം!

*     *     *     *     *

എൻെറ നിയതി, നിൻെറ ഈ പുഞ്ചിരിക്കൊള്ളലും മുഖം കറുപ്പിക്കലും എന്നവസാനിക്കും?

# ആത്മഗീതം

ഗ്രന്ഥകർത്താ—ടി. കെ. നാരായണക്കുറുപ്പ്.

അഭിജ്ഞന്മാർ എന്തുപറയുന്നു?

"...കവി ഈ കൃതിയിൽ പ്രദർശിപ്പിച്ചിരിക്കുന്ന കല്പനാശക്തിയും അനുഭവൈകവേദ്യമായ ആശയസൌകുമാര്യവും കണ്ടപ്പോൾ ഈ നവീനപ്രസ്ഥാനത്തിൽ ഇങ്ങനെ ഒരു കൃതി ആദ്യമായി എഴുതിയതു് എന്റെ സ്വാതന്ത്ര്യബുദ്ധികളായ ശിഷ്യന്മാരിൽ ഒരാളല്ലല്ലോ എന്നു് എനിക്കു സ്വല്പാസമ്മിശ്രമായ ഒരു മനസ്താപം തോന്നിയില്ലെന്നില്ല...."

പ്രൊഫസർ നന്ത്യാർവീട്ടിൽ പരമേശ്വരൻപിള്ള M. A.

"...എന്റെ യുവസ്നേഹിതൻ ശ്രീമാൻ ടി. കെ. നാരായണക്കുറുപ്പവർകളുടെ കൃതിയായ "ആത്മഗീതം" ഞാൻ ജാഗ്രതയോടുകൂടി വായിച്ചുനോക്കി എന്നു പറഞ്ഞാൽപോരാ, വായിച്ചുപഠിച്ചു എന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ഗ്രന്ഥം ചെറുതാണെങ്കിലും അതിൽ ഉൾക്കൊണ്ടിട്ടുള്ള ആശയങ്ങളുടെ വിപുലതയും അഗാധതയും എന്നെ ചിന്താപരവശനാക്കി എന്നു ഞാൻ സഹർഷം സമ്മതിക്കുന്നു. വാക്കുകൾ ഓരോന്നും ഓരോ മുക്തകങ്ങൾതന്നെയാണു്. അവയിൽ ഒന്നിന്റെ സ്ഥാനത്തു വേറൊന്നു പ്രയോഗിക്കുവാൻ സാദ്ധ്യമല്ല. ആത്മഗീതത്തിലെ കാവ്യാംശം അത്യന്തം ഹൃദ്യമാണെന്നുള്ളതും നിസ്തർക്കമത്രേ...."

ശ്രീ: മള്ളൂർ ഗോവിന്ദപ്പിള്ള B. A., B L.

"...ശ്രീമാൻ നാരായണക്കുറുപ്പിന്റെ ചിത്രരചനാപാടവം അദ്ദേഹത്തിന്റെ സാഹിത്യവാസനയോടും സംഗീതബോധത്തോടും മാത്രമേ തുല്യത വഹിക്കുന്നുള്ളു. ബാലഗോപാലന്റെ മുഗ്ദ്ധമുരളിയിൽനിന്നു മന്ദമന്ദം പ്രവഹിക്കുന്ന സംഗീതംപോലെ, ഓമനത്വം നിറഞ്ഞ മലയാളവാക്കുകൾ പുഞ്ചിരിപ്പുനിലാവുപരത്തി മോഹനഗാനങ്ങളോടെ ഒന്നൊന്നായി നമ്മുടെ ഹൃദയചക്ഷുസ്സുകൾക്കു മുൻപിൽകൂടെ കടന്നുപോകുന്നുണ്ടു്. അതിനോടൊത്തു്, പല പല സുന്ദരചിത്രങ്ങൾ അന്തർനേത്രങ്ങളെ ആനന്ദിപ്പിക്കുന്നുമുണ്ടു്. ഇതിലെല്ലാം ഉപരിയായി, സൌന്ദര്യം നിറഞ്ഞ ജീവിതമരണങ്ങളെപ്പററി ഒരിക്കലും മായാത്ത വിശ്വാസങ്ങൾ നമ്മിൽ ഉറപ്പിക്കുകയും ചെയ്യുന്നു. എങ്ങനെ ഇതൊക്കെ ഈ യുവാവിനു സാദ്ധ്യമായി?..."

ശ്രീ. ഇ. വി. കൃഷ്ണപിള്ള B. A., B. L.

വില രൂ. 1 മാത്രം.

കുറച്ചു പ്രതികൾ മാത്രമേ ബാക്കിയുള്ളു! ഉടൻ ആവശ്യപ്പെടുക!

മാനേജർ, ടാഗോർ ആഫീസ്—കൊല്ലം

# ടാഗോർ

സാഹിത്യപ്രധാനമായ

## ഒരുൽക്കൃഷ്ട മാസിക.

മാസികയ്ക്കുള്ള ലേഖനങ്ങൾ, നിരൂപണത്തിനുള്ള പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ, മാസികകൾ, അവയെ സംബന്ധിച്ച എഴുത്തുകൾ മുതലായവ, പത്രാധിപർ, ടാഗോർ, കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകൾ, മററു മണിയാർഡറുകൾ, ഏജൻസി സംബന്ധമായ കത്തിടപാടുകൾ എന്നിവ മാനേജർ, ടാഗോർ, കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണ്.

വരിസംഖ്യ ഒരു കൊല്ലത്തേയ്ക്ക് അഞ്ചു രൂപാ (മുൻകൂർ)

പോസ്റ്റിൽ 6 രൂ. 8 ണ. ഒററ പ്രതിക്ക് 8 ണ.

ഒരു പ്രാവശ്യത്തെ പരസ്യനിരക്ക്

മുഴപ്പേജിന് 50 രൂ. അര പേജിന് 28 രൂ. കാൽ പേജിന് 15 രൂ.

കൂടുതൽ കാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേക്കെഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

# THE TRAVANCORE AGENCIES,

## KOTTAYAM.

AGENTS FOR

TRAVANCORE, COCHIN & MALABAR

FOR

FLORY BEAUTY PRODUCTS & PERFUMERIES.

Florozone Lotion (whitens your dark skin) Rs. 4/- per bottle.
Florozone Con. Cream (Beautifies your face) Rs. 5/4/- per bottle.
Flory Hair Oil (stimulates growth & ensures beautiful long hair Rs. 1/8/- per bottle.
Flory Snow (Makes skin fairer) Rs. 0/14/- ,,
Flory Cream (Beautifies the skin and keeps it lovely Rs. 1/- ,,
MIA HAIR LOTION (the ideal hair grower) Rs. 6/8/- ,,

FRUTICO PRODUCTS.

Frutico eye drops (Refreshes the eyes, Improves the sight, Relieves head-ache cures red, tired, watering eyes Rs. 2/7/- per bottle.
Movasser Gives immediate relief to burn, wounds, abscesses & ulcers. 3 oz. bottle Rs. 1/12/-
1 oz. ,, Re 1/-

ALLIED DRUG INDUSTRIES.

USE OUR MALARIA PILLS FOR MALARIA
A SOVEREIGN REMEDY FOR MALARIA
MALARIA CURED IN TWO DAYS.

WANTED stockists and agents all over Travancore, Cochin & Malabar.
APPLY SHARP.


Printed and Published by T. K. Narayana Kurup at the Sri Rama Vilas Press, Quilon.